

# ധ്യാനയോഗി

ബാബു തട്ടിൽ സി.എം.ഐ.

# ധ്യാനയോഗി

## പോരൂക്കര തോമ്മാച്ചന്റെ
## ജീവചരിത്ര സംക്ഷേപം

ബാബു തട്ടിൽ സി. എം. ഐ.

[illegible]

[illegible]
[illegible]

# [illegible]

# ആമുഖം

സുപ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായ ജോൺ റസ്കിൻെറ ജീവിതത്തിലെ ഒരു സംഭവം വളരെ ഹൃദയസ്പർശകമാണ്. ഗ്യാസ് വിളക്കുകളോ, വൈദ്യുതി വിളക്കുകളോ ഇല്ലാതിരുന്ന കാലം. ഒരു സായം സന്ധ്യയിൽ അദ്ദേഹം ലണ്ടൻ നഗരത്തിലെ ഒരു തെരുവീഥിയിൽ ചിന്താനിമഗ്നനായി നിൽക്കുകയായിരുന്നു. എങ്ങും അന്ധകാരം വ്യാപിച്ചു തുടങ്ങി. ചിന്തകനും നിരീക്ഷകനുമായ റസ്കിൻെറ ദൃഷ്ടികൾ, അങ്ങകലെ നിന്നും അടുത്തു വരുന്ന ഒരു മനുഷ്യനിൽ പതിഞ്ഞു. ഒരു കയ്യിൽ കോവണിയും മറുകയ്യിൽ ഒരു കൊച്ചു ദീപവുമായി ആ മനുഷ്യൻ, വഴിവക്കിലെ വിളക്കുകാലിൻെറ ചുവട്ടിൽ വന്നു നിന്നു. സാവധാനം പന്തവുമായി അയാൾ കോവണി കയറി. വിളക്കുകാലിലെ മണ്ണെണ്ണവിളക്കു തെളിച്ച് താഴെയിറങ്ങി. അവിടെ നിന്നും അയാൾ അടുത്ത വിളക്കുകാലിനടുത്തേക്കു നടന്നു നീങ്ങി. ഒന്നിനു പുറകെ മറ്റൊന്നായി വിളക്കുകൾ കത്തിച്ച് അദ്ദേഹം എവിടെയോ മറഞ്ഞുപോയി. ആ വിളക്കുകാലിനു ചുററും അൽപ്പം പ്രകാശം. മങ്ങിയതാണെങ്കിലും വഴിയാത്രികർക്കു വലിയൊരു സഹായമായിരുന്നു, ആ വഴിവിളക്കുകൾ.

ചിന്തകനും ഗ്രന്ഥകാരനുമായ റസ്കിൻ ഒരു നിമിഷം ചിന്തിച്ചു. ഈ തെരുവു വിളക്കുകളിൽ പ്രകാശം ചൊരിഞ്ഞുകൊണ്ടു് കടന്നുപോയ ആ അജ്ഞാതൻ ആരാണ് ? ആ മനുഷ്യസേവകനെ അറിയുകയും നന്ദിയോടെ ഓർക്കുകയും ചെയ്യുന്ന ആരെങ്കിലുമുണ്ടോ ?

കഴിഞ്ഞ നൂററാണ്ടിൽ, കേരളസഭയിൽ ഒരു ദീപനാളം തെളിച്ച്, വളരെ വേഗത്തിൽ ഈ ലോകത്തിൽ നിന്നും കടന്നുപോയ ഒരു വ്യക്തിയാണ്, പുണ്യപുരുഷനാണ് പോരൂക്കര തോമ്മാ മല്പാൻ. ഇന്നു് ക്രൈസ്തവ സഭ മുഴുവൻേറയും അഭിമാനാർഹമായി വളർന്നുകൊണ്ടിരിക്കുന്നതും, ഭാരതത്തിൻെറ ആദ്യത്തെ ഏതദ്ദേശീയ സന്യാസ സഭയുമായ സി. എം. ഐ. സഭയാകുന്ന ഒരു ദീപനാളത്തിനു് പ്രകാശം ചൊരിഞ്ഞു കൊണ്ടു്, ഏകദേശം ഒന്നര നൂററാണ്ടുകൾക്കു

മുമ്പ് ആ ധന്യാത്മാവ് ഈ ലോകം വിട്ടുപിരിഞ്ഞു. 1831 മെയ് 11–ാം തീയതി മാന്നാനം കുന്നിൻെറ നിറുകയിൽ വെച്ച്, തന്നിൽ വളരെക്കാലമായി കത്തിജ്ജ്വലിച്ചു കൊണ്ടിരുന്ന ആഗ്രഹത്തിൻേറയും സ്വപ്നങ്ങളുടേയും പൂവണിഞ്ഞപ്പോഠം, ഒരു പുതിയ സന്യാസ സഭയ്ക്കു് താൻ വഴി ജന്മം നല്കാൻ കഴിഞ്ഞപ്പോഠം ആ പുണ്യാത്മാവ് ആത്മനിർവൃതി പൂണ്ടു. എന്നാൽ വഴിവിളക്കുകളിൽ പ്രകാശം നിക്ഷേപിച്ച് കടന്നുപോയ ആ മനുഷ്യനെക്കുറിച്ച് റസ്കിൻ ചിന്തിച്ചതുപോലെ, ഈ പാവനാത്മാവിനെ അറിയുകയും ഓർക്കുകയും ചെയ്യുന്നവർ ആരെങ്കിലുമുണ്ടോ ? ഉണ്ടെങ്കിൽത്തന്നെ അവരുടെ എണ്ണം എത്രയോ നാമമാത്രമാണ്.

ഓരോ കാലഘട്ടത്തിലും ദൈവജനത്തിൻെറ ഓരോ പ്രത്യേക ആവശ്യത്തിനു് ദൈവം ചില പ്രത്യേക വ്യക്തികളെ വിളിക്കുന്നതു് പഴയ–പുതിയ നിയമങ്ങളിൽ നമുക്കു കണ്ടെത്തുവാൻ കഴിയും. അതുപോലെ തന്നെ ഒരു പ്രത്യേക ദൗത്യത്തിനുവേണ്ടി, ഒരു പുതിയ സംരംഭത്തിനു ജന്മം നൽകുവാൻ ദൈവത്താൽ പ്രത്യേകം വിളിക്കപ്പെട്ട, ജനനം മുതൽ അതിനായി ദൈവം തന്നെ ഒരുക്കിക്കൊണ്ടിരുന്ന ഒരു വ്യക്തിയാണ് ഈ കർമ്മയോഗിയെന്നു പറയുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. എന്നാൽ അദ്ദേഹത്തിനു് താൻ അർഹിക്കുന്ന ഖ്യാതി ഇന്നു ലഭിക്കുന്നുണ്ടോ എന്നു സംശയമാണ്. ആ പുണ്യാത്മാവിൽ എരിഞ്ഞുകൊണ്ടിരുന്ന പ്രാർത്ഥനാ ചൈതന്യവും തീക്ഷ്ണതയും ദൈവസ്നേഹവുമെല്ലാം നമ്മുടെ ജീവിതത്തിലും പ്രാവർത്തികമാക്കുവാൻ നമുക്കു ശ്രമിക്കാം. തൻമൂലം അദ്ദേഹം വഴി ധാരാളം അനുഗ്രഹങ്ങഠം നമുക്കു ലഭ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# അവതാരിക

പത്തൊൻപതാം നൂററാണ്ടിലെ കേരളസഭാചരിത്രത്തിൽ സുവർണ്ണ ലിപികളിൽ കുറിച്ചിരുന്ന മഹാസംഭവമാണ് കേരള കർമ്മേലീത്താ സന്യാസ സമൂഹത്തിൻെറ (സി. എം. ഐ.) സ്ഥാപനം. സഭാസ്ഥാപനത്തെക്കുറിച്ചുള്ള പ്രാരംഭ ചിന്തകളും പര്യാലോചനകളും നടത്തിയിരുന്നതു്, പ്രധാനമായും, അന്നു് പള്ളിപ്പുറം സെമിനാരി റെക്ടറായിരുന്ന ബ. പാലയ്ക്കൽ തോമ്മാ മല്പാനച്ചനും, അദ്ദേഹത്തിൻെറ സ്നേഹിതനും തങ്കശ്ശേരിപ്പള്ളി വികാരിയുമായിരുന്ന ബ. പോരൂക്കര തോമ്മാ മല്പാനച്ചനും കൂടിയാണു്. 1829–മാണ്ടോടു കൂടി ആരംഭിച്ച ഈ ചർച്ചകളിൽ പിന്നീടു്, വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചനും പങ്കു ചേർന്നു. സ്ഥാപകപിതാക്കന്മാരിൽ വാഴ്ത്തപ്പെട്ട ചാവറയച്ചനെ കുറിച്ചു മാത്രമേ കുറെയെല്ലാം വ്യക്തവും വികസിതവുമായ ചരിത്രം നമുക്കു് ലഭിച്ചിട്ടുള്ളൂ. ആദ്യ രണ്ടു പിതാക്കന്മാരെയും കുറിച്ചുള്ള നമ്മുടെ അറിവിൻെറ പ്രധാന സ്രോതസ്സും വാഴ്ത്തപ്പെട്ട ചാവറയച്ചൻ തന്നെയാണു്. പരിമിതമായ രേഖകളുടെയും മററും ചുവടു പിടിച്ചു് ചെറുതെങ്കിലും വിലപ്പെട്ട ജീവചരിത്ര ഗ്രന്ഥങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നതു് ചാരിതാർത്ഥ്യജനകം തന്നെ. സ്ഥാപക പിതാക്കന്മാരിൽ സുപ്രധാനിയായ ബ. പോരൂക്കര തോമ്മാ മൽപാനെക്കുറിച്ചുള്ള ഈ ഗ്രന്ഥത്തിലൂടെ 19–ാം നൂററാണ്ടിൻെറ ഉന്നതാർദ്ധത്തിൽ ജീവിച്ചു മരിച്ച ആ വ്യക്തിത്വത്തിലേയ്ക്കു് വീണ്ടും ഒന്നെത്തി നോക്കുകയാണു് ബ. ബാബു തട്ടിൽ സി. എം. ഐ.

ആ കാലഘട്ടത്തിൽ സംലഭ്യമായിരുന്നതിൽ ഏററം മെച്ചമായ വിദ്യാഭ്യാസം സ്കൂളിലും സെമിനാരിയിലും കരഗതമായതോടൊപ്പം സ്നേഹധനനും ഉദ്യോഗസ്ഥനുമായിരുന്ന പിതാവിൻെറ ഊർജ്ജസ്വലതയും കാര്യശേഷിയും കൃത്യനിഷ്ഠയും കൂടി ബ. തോമ്മാച്ചനു് പൈ

മുതലായി കിട്ടി. ഈ പശ്ചാത്തലത്തിൽ അദ്ദേഹം ഭക്തനും ഭരണ നിപുണനും നല്ലൊരു സംഘാടകനുമായിത്തീർന്നു. ജനപ്രീതി ഏറെ നേടിയ ധ്യാന പ്രസംഗകനും ഉത്തമനായ അജപാലകനു മെന്ന നിലയിൽ പ്രശോഭിതനായിരുന്നെങ്കിലും ഉള്ളിന്റെയുള്ളിൽ അദ്ദേഹം താലോലിച്ചിരുന്ന ഒരാശയമുണ്ടായിരുന്നു– സന്യാസം. അജപാലനത്തിന്റെ വൈവിധ്യത്തിലും പ്രവർത്തനങ്ങളുടെ ബാഹുല്യത്തിലും ദൈവജനത്തിന്റെ നവീകരണോദ്യമങ്ങളിലുമെല്ലാം ഹൃദയത്തിന്റെ മണിയറയിൽ മാറ്റൊലിക്കൊണ്ടിരുന്ന ആഹ്വാനം സന്യാസത്തിലേയ്ക്ക്. സന്യാസദർശനം സർവ്വസംഗ പരിത്യാഗിയായി യേശുവിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച വനവാസിയുടെ ചിത്രമാണ് അദ്ദേഹത്തിന്റെ ഭാവനയ്ക്ക് നല്കിയത്. ക്രൈസ്തവ ജീവിത മാനങ്ങൾ ഭാരതീയ സങ്കേതങ്ങളിലൂടെ പ്രകാശിപ്പിക്കുക എന്നത് സ്വാഭാവികതയും ന്യായയുക്തവുമാണെന്ന് അദ്ദേഹം ഒരു പക്ഷേ ചിന്തിച്ചിട്ടുണ്ടാകാം. ബ. തോമ്മാച്ചന്മാർ രണ്ടുപേരുംകൂടി സഭാ സ്ഥാപനത്തെക്കുറിച്ച് അഭിവന്ദ്യ മെത്രാനച്ചനുമായി സംസാരിക്കുമ്പോഴും ഭാരതീയ സന്യാസ രീതിയാണ് അവരുടെ മനസ്സിലിരുപ്പ് എന്നു് വ്യക്തമാക്കുന്നുണ്ട്. സ്ഥലകാല സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ അന്നത്തെ ആവശ്യം പ്രാർത്ഥനാബന്ധവും കർമ്മോദ്യുക്തവുമായ സന്യാസ രീതിയാണെന്ന് അഭിവന്ദ്യ മെത്രാനച്ചനാണ് അവരെ ബോദ്ധ്യപ്പെടുത്തുന്നതും അതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതും.

സഭാസ്ഥാപകരുടെ ജീവചരിത്രം അവരുടെ വ്യക്തിഗതമായ വീക്ഷണങ്ങളും ആശയാദർശങ്ങളും ദൈവ മനുഷ്യ ബന്ധങ്ങളുമൊക്കെ അവതരിപ്പിച്ച് ആ മഹത് വ്യക്തിയുടെ ഉൾക്കാഴ്ചകളിലേക്കു കടന്നു ചെല്ലുവാൻ അനുവാചകരെ പ്രാപ്തരാക്കുന്നു. ഒപ്പം അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ രൂപഭാവങ്ങൾ, പ്രത്യേകതകൾ, സ്വാധീനങ്ങൾ, കാല ദേശ സാംസ്ക്കാരിക മൂല്യങ്ങൾ തുടങ്ങിയവയിലേക്കുള്ള ഒരു ജാലകമായും ഭവിക്കുന്നു. സ്ഥലകാല സാഹചര്യങ്ങളുടെ സൃഷ്ടിയാണ് മനുഷ്യനെന്നു പലപ്പോഴും പറയുമ്പോൾ മേൽപറഞ്ഞ ഘടകങ്ങൾ ഒട്ടും അപ്രധാനമല്ലാത്ത സ്വാധീ

നം അവരിൽ ചെലുത്തുന്നുണ്ടെന്നുള്ള സത്യം സമ്മതിക്കുന്നുണ്ട്. എന്നിരിക്കിലും ഈ സാഹചര്യങ്ങളുടെ ആകെത്തുകയാണ് അവൻ എന്നർത്ഥമില്ല. മാത്രമല്ല, ഇപ്പറഞ്ഞ സങ്കേതങ്ങൾ പലതും അതിജീവിച്ചതാണ് അതികായന്മാരുടെ സവിശേഷത. നൂതന പാതകൾ വെട്ടിത്തുറക്കുവാൻ അവർക്കു സാധിച്ചതിന്റെ രഹസ്യവും മറ്റൊന്നല്ല.

സ്ഥാപക പിതാക്കന്മാരുടെ ചൈതന്യത്തിലേക്കുള്ള തീർത്ഥയാത്രയെക്കുറിച്ച് ഉറക്കെ ചിന്തിക്കുന്ന ഈ കാലത്ത് ബ. പോരൂക്കര തോമ്മാ മൽപാനച്ചന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നത് തികച്ചും സന്ദർഭോചിതവും സാർത്ഥകവുമാണ്. പിതാക്കന്മാരുടെ സിദ്ധി കണ്ടെത്തി ആധുനിക രൂപഭാവങ്ങളിൽ അവതരിപ്പിക്കുവാൻ യുവതലമുറയ്ക്കുള്ള ആഗ്രഹത്തിന്റെ പ്രതിഫലനം കൂടിയാണ് ബ. ബാബു തട്ടിൽ സി. എം. ഐ യുടെ ഈ ഗ്രന്ഥം. ഗ്രന്ഥകാരനെ ഹൃദയപൂർവ്വം അനുമോദിക്കുകയും ബ. ബാബു തട്ടിലിന്റെ അനുഗ്രഹീത തൂലികയിൽ നിന്നു് ഈടുറ്റ അനേകഗ്രന്ഥങ്ങൾ രൂപം കൊള്ളട്ടെയെന്നു് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

8 ഡിസംബർ 1993 ഫാ. തോമസ് മാമ്പ്ര സി.എം.ഐ.
എറണാകുളം പ്രിയോർ ജനറാൾ

# കൃതജ്ഞതയും സമർപ്പണവും

കേരള ക്രൈസ്തവസഭ വിസ്മരിക്കുകയും എന്നാൽ ഏറെ അനുസ്മരിക്കപ്പെടേണ്ടിയിരിക്കയും ചെയ്യുന്ന ഒരു വ്യക്തിയാണു ബ. പോരൂക്കര തോമ്മാ മല്പാനച്ചൻ. സി.എം.ഐ. സഭയുടെ ബീജാവാപത്തിനു് മററാരെക്കാളും ഏറെ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. എന്നെ വളരെയധികം ആകർഷിച്ചിട്ടുള്ള മഹത്തായ ആ വ്യക്തിത്വത്തെ മററുള്ളവക്കു പരിചയപ്പെടുത്തുക എന്ന ലക്ഷ്യമാണു, പോരൂക്കരയച്ചൻെറ ഈ കൊച്ചു ജീവചരിത്രം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്. നീണ്ട ഒരു കാത്തിരിപ്പിനു ശേഷമാണു ഇതു് പുസ്തകരൂപത്തിലാക്കുവാൻ സാദ്ധ്യമായതു്.

ഈ സംരംഭത്തിൽ എന്നെ സഹായിക്കുകയും വളർത്തുകയും ചെയ്തവരെ നന്ദിയോടെ സ്മരിക്കുന്നു. ഉജ്ജ്വലമായ ഒരു അവതാരിക എഴുതിത്തന്നു 'ധ്യാനയോഗി'യെ അനുഗ്രഹിക്കുകയും ധന്യമാക്കുകയും ചെയ്ത സി.എം.ഐ. സഭയുടെ പ്രിയോർ ജനറാൾ ബ. തോമസു് മാമ്പ്രയച്ചനോടു് എനിക്കുള്ള നന്ദിയും കടപ്പാടും ഞാൻ രേഖപ്പെടുത്തുന്നു. പുസ്തകം അച്ചടിക്കുവാൻ തയ്യാറായ സി.എം.ഐ. സഭയുടെ കേന്ദ്ര പ്രസിദ്ധീകരണ വകുപ്പിനും പ്രത്യേകമായി വികാരി ജനറാൾ ബ. സെബാസ്റ്റ്യൻ പൂണോളിയച്ചനും ഹൃദയം നിറഞ്ഞ നന്ദി !

എഴുതുവാനുള്ള എന്നിലെ അഭിരുചിയെ വളർത്തുവാൻ പ്രോത്സാഹനവും ഉത്തേജനവും നൽകിയതു് ബ. വിനീതു് വടക്കേത്തലയച്ചനാണ്. കയ്യെഴുത്തുപ്രതി വായിച്ചു തിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ബ. വിനീതച്ചനോടും ബ. മത്തിയാസു് മുണ്ടാടനച്ചനോടും ബ. സീലാസു് വടക്കയിലച്ചനോടും ബ. ജോസഫ് ചിറയിലച്ചനോടും ഞാൻ വളരെയേറെ കടപ്പെട്ടവനാണു്. അവരുടെ മഹാമനസ്കതയ്ക്കും താല്പര്യത്തിനും പ്രോത്സാഹനത്തിനും എൻെറ കൃതജ്ഞത !

വീണ്ടും, ഈ പ്രയാണത്തിൽ എനിക്കു പ്രചോദനമരുളിയ ധർമ്മാരാം കോളേജിന്റെ മുൻ റെക്ടർ ബ. മാണിഗൈത്സച്ചനും ഗുരുഭൂതന്മാർക്കും എന്നെ വളർത്തുവാൻ ഏറെ സഹായിച്ച സഹ പാഠികൾക്കും ഹൃദയം നിറഞ്ഞ നമോവാകം!

കമനീയമായ മുഖച്ചിത്രമെഴുതിയ ബ്ര. തെക്കിനിയത്ത് ഡേവിഡിന് നന്ദി!

മനോഹരമായി മുദ്രണം നിർവഹിച്ച കെ. സി. എം. പ്രസ്സിലെ സ്റ്റാഫംഗങ്ങൾക്കും ധന്യവാദം!

പരമമായ ഏകാന്തതയെ സ്നേഹിക്കുകയും ആഴമായ ധ്യാനാനുഭൂതിയിലൂടെ സായൂജ്യം നേടുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാവർക്കുമായി 'ധ്യാനയോഗി'യെ ഞാൻ സമർപ്പിക്കുന്നു.

8 ഡിസംബർ 1993

**ബാബു തട്ടിൽ, സി. എം. ഐ.**
ധർമ്മാരാം കോളേജ്
ബാംഗ്ലൂർ.

## ഉള്ളടക്കം


| അദ്ധ്യായം | | | പേജ് |
|---|---|---|---|
| 1 | ബാല്യവും വൈദിക പരിശീലനവും | ... | 1 |
| 2 | നവവൈദികനും പ്രവർത്തനങ്ങളും | ... | 6 |
| 3 | വനവാസത്തിനുള്ള വിളി | ... | 11 |
| 4 | പ്രഥമാശ്രമം | ... | 31 |
| 5 | അന്ത്യനാളുകൾ | ... | 41 |
| 6 | പിതാവിന്റെ വ്യക്തി വിലാസം | ... | 47 |

## അദ്ധ്യായം 1

# ബാല്യവും വൈദിക പരിശീലനവും

കേരളത്തിലെ കുട്ടനാടൻ പ്രദേശങ്ങ**ാം** പലതുകൊണ്ടും ജനശ്രദ്ധ ആകഷിച്ചിട്ടുള്ളതാണ്. പ്രകൃതി രമണീയതയും സമ്പൽസമൃദ്ധിയും ഒത്തിണങ്ങിയ ഈ പ്രദേശങ്ങ**ാം** പുരാതന കാലം മുതല്ലേ ക്രിസ്തീയ വിശ്വാസത്തിൻെറ ഒരു കേളീരംഗമായിരുന്നു. വിശുദ്ധരെന്നു് പേരു് വിളിച്ചിട്ടില്ലെങ്കിലും നിരവധി വിശുദ്ധാത്മാക്ക**ാം**ക്ക് ജന്മം നല്കിയ പുണ്യഭൂമിയാണ് ഈ പ്രദേശങ്ങ**ാം**. അവിടെയുള്ള ഒരു പുരാതന ദേവാലയമാണ്, സെൻറ് മേരീസ് ഫൊറോനാ പള്ളി എന്നു് ഇന്നറിയപ്പെടുന്ന, കല്ലൂക്കാട്ടു് ഇടവക. അടിയുറച്ച വിശ്വാസവും നല്ല നല്ല സംസ്കാരങ്ങളും വളന്നു് പരിപോഷിതമായ ഈ ഇടവകയിലെ, വളരെ നല്ല പാരമ്പര്യങ്ങളുള്ള ഒരു തറവാടാണ് നമ്മുടെ കഥാപുരുഷൻെറതു്—പോരൂക്കര. അന്നാട്ടിലെ ധനാഢ്യനും നാട്ടുപ്രമാണിയും ബഹുമാനിതനുമായിരുന്ന ഇട്ടിക്കുരുവിളയായിരുന്നു, കൊച്ചുതോമ്മായുടെ പിതാവു്. താൻ വിശ്വസിക്കുന്ന മതത്തിനും മതകാര്യങ്ങ**ാം**ക്കുവേണ്ടിയും ഏതു് ത്യാഗവും സഹിക്കുവാൻ തയ്യാറായിരുന്ന ഒരു മാന്യദേഹവുമായിരുന്നു ഇട്ടിക്കുരുവിള. അദ്ദേഹത്തിൻെറ ഭാര്യ മറിയവും ക്രിസ്തീയ വിശ്വാസത്തിലധിഷ്ഠിതമായ ഒരു നല്ല ജീവിതമായിരുന്നു നയിച്ചിരുന്നതു്. ഇവരുടെ കടിഞ്ഞൂൽ സന്താനമായി 1800–ാം ആണ്ടിൽ തോമ്മാ ഭൂജാതനായി. ചെറുപ്പം മുതൽക്കു തന്നെ ദൈവവിശ്വാസത്തിലും, നല്ല ആദ്ധ്യാത്മിക ജീവിതത്തിലും കുഞ്ഞിനെ വളത്തുവാൻ ആ മാതാപിതാക്കന്മാർ പ്രത്യേകം ശ്രദ്ധ പതിച്ചിരുന്നു. പോരൂക്കരയച്ചൻെറ ശൈശവ കാലത്തെക്കുറിച്ചു് അദ്ദേഹത്തിൻെറ അനുജനായ കുരിയാക്കോസു് പോരൂക്കരയച്ചൻ വിവരിച്ചിരിക്കുന്നതു് ഇപ്രകാരമാണ്:

ഈ ദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ ഭരണത്തിൻ കീഴുള്ള പ്രധാന പള്ളിയായ കല്ലൂക്കാട്ടു ഇടവകയിൽ പോരൂക്കര തറവാട്ടിൽ ഇട്ടിക്കുരുവിളത്തരകൻ, മറിയം എന്ന ദൈവഭക്തിയും അറിവും ഗുണശീലമുള്ള മാതാപിതാക്കന്മാ

രിൽ നിന്നു് 1800–ാം കാലം ജനിച്ചു. തൻെറ കൂടപ്പിറപ്പുകളായി നാലു സഹോദരരും മൂന്നു സഹോദരികളും ഉണ്ടായിരുന്നു. ഈ ദേഹം എല്ലാവരിലും മൂത്തവനും പൈതൽ പ്രായത്തിൽ തന്നെ എല്ലാവരും സന്തോഷിപ്പാൻ തക്കവണ്ണം പരമാത്ഥം സാധുത്വം മുതലായ സൽഗ്ഗുണങ്ങളാൽ തമ്പുരാനും മാനുഷക്കും ഇഷ്ടമുള്ളവനുമായിരുന്നു. [1]

എല്ലാവരുടേയും വാത്സല്യഭാജനമായി ആ ബാലൻ വളന്നു വന്നു. കുഞ്ഞിൻെറ വളച്ച്യ്ക്കുവേണ്ടി ആ നല്ല മാതാപിതാക്കൾ അക്ഷീണം പ്രയത്നിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. മാതാപിതാക്കന്മാരുടെ അഭീഷ്ടമനുസരിച്ച് തോമ്മാ ജീവിക്കുകയും തൻെറ ഇളയ സഹോദരങ്ങൾക്കു് ജ്യേഷ്ഠനെന്ന നിലയിൽ നല്ല മാതൃക നല്കി വളന്നു വരികയും ചെയ്തു.

ചെറുപ്പം മുതൽക്കു തന്നെ തൻെറ കടിഞ്ഞൂൽ പുത്രനു് നല്ല വിദ്യാഭ്യാസം നല്കുന്നതിനു് ആ വത്സലപിതാവു് സവ്വാത്മനാ പരിശ്രമിച്ചിരുന്നു. അദ്ദേഹം തന്നെ തമിഴിൽ നിന്നു് പ്രാർത്ഥനകൾ എഴുതിയെടുത്തു് കുഞ്ഞിനെ പഠിപ്പിക്കുകയും ചെയ്തിരുന്നു. ഇംഗ്ലീഷ്, പോത്തുഗീസ് തുടങ്ങിയ വിദേശഭാഷകൾ പഠിപ്പിക്കുന്നതിനു് ആ പിതാവു് പരിശ്രമിച്ചു. തൻെറ കടിഞ്ഞൂൽ സന്താനം ഒരു വൈദികനാകണം; ഒരു വിശുദ്ധനായ വൈദികനാകണം എന്ന അതിയായ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു് വേണം അനുമാനിക്കാൻ. അതുകൊണ്ടായിരിക്കണം, വളരെ ബുദ്ധിവൈഭവത്തോടു കൂടി കുഞ്ഞിനെ വളത്തിക്കൊണ്ടു വന്നതു്. ഇതിനെക്കുറിച്ചു് കുരിയാക്കോസച്ചൻ പറയുന്നതു് ശ്രദ്ധേയമാണു്:

ചെറുപ്രായത്തിൽ എഴുത്തും വായനയും പഠിച്ചു. അതിനാൽ പള്ളിയിൽ തന്നെക്കൊണ്ടു വലിയ വേദോപദേശം വായിപ്പിച്ചിരുന്നു. ബുദ്ധി സാമർത്ഥ്യവും ഗുണശീലവും കണ്ടു, പട്ടത്തിനായി പഠിപ്പിക്കണമെന്നു് തൻെറ കാരണവരായിരുന്ന പോരുക്കര മൂപ്പച്ചനും ശേഷം പേരും നിശ്ചയിച്ചു. അക്കാലത്തിൽ സംബന്ധക്കാരും കിത്തിപ്പെട്ട മല്പാന്മാരുമായിരുന്നവരു പഠിപ്പിച്ചിരുന്ന വടയാറു സെമിനാരി, കുമരകത്തു സെമിനാരി മുതലായതിലാകുവാൻ പലതിനാലും ഇടയുള്ളതായിരുന്നു.

---

1. ''സ്ഥാപകപിതാക്കന്മാർ,'' കൊച്ചിൻ, 1989 P. 19

എങ്കിലും തന്റെ പിതാവു മഹാബുദ്ധിയും വിശേഷാൽ അധിക ദൈവ ഭക്തിയും ജ്ഞാന അറിവുമുള്ളവനായിരുന്നതിനാൽ പഠനത്തിന്റെ മേൽ താല്പര്യം വെച്ച തമിഴിൽ നിന്നു ജപപ്പുസ്തകം, സുവിശേഷ വിരുത്തുര, മുതലായ പുസ്തകങ്ങൾ താൻ എഴുതിയെടുക്കുകയും പുസ്തകം പിടിച്ച പൂജ കാണുകയും മററുമുള്ള ജ്ഞാനക്രമത്തിന്റെ തുടക്കക്കാരൻ എന്നപോലെ ആയിത്തീൎന്നു. അഞ്ചുതെങ്ങിൽ നിന്നു് ഇംഗ്ലീഷ്, പോത്തുഗീസ് മുതലായ പേച്ചുകൾ പഠിപ്പിക്കുന്നതിനായിട്ടു അധിക ശമ്പളം കൊടുത്തു മേസ്തിരിയെ വരുത്തി തന്റെയും മററും പൈതങ്ങളെ പഠിപ്പിക്കുകയും ദൈവശുശ്രൂഷികൾക്കടുത്ത സ്ഥിതിയിൽ ആയിരിക്കണം പട്ടക്കാർ എന്നുള്ള ആഗ്രഹത്താൽ വരാപ്പുഴ അപ്പസ്തോലിക്കാ സെമിനാരിയിൽ പഴയമുറ വിട്ടു അയക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു. അതുപ്രകാരം ഞാറയ്ക്കൽ ചെറിയാൻ കുര്യനെന്ന അപ്പോസ്തോലിക്കാ മല്പാനച്ചൻ കല്ലൂക്കാട്ടു് കുന്നക്കു കോൾവിക്കായി ചെന്നിരുന്നപ്പോൾ യോഗക്കാരെ കൂട്ടി അപേക്ഷ അറിയിക്കുകയും എല്ലാവരുടെ സന്തോഷത്തോടു കൂടെ ദൈവാശീർവ്വാദത്തിനായി മൂന്നു പട്ടക്കാരുടെ കുർബാനയും നടത്തി, മാർതോമ്മാശ്ലീഹായുടെ അൾത്താരയിങ്കൽ നേർച്ചയും വെച്ചു പ്രാർത്ഥിച്ചുകൊണ്ടു് പഠനവും തുടങ്ങിച്ചു് പഠിപ്പാൻ അയയ്ക്കുകയും ചെയ്തു.[2]

പിതാവിന്റെ ആഗ്രഹമെന്തെന്നു് യഥാർത്ഥത്തിൽ മനസ്സിലാക്കിയ ബാലൻ, പിതാവിലൂടെനിവേശിതമായ ദൈവേഷ്ടം മുറുകെ പിടിച്ചുകൊണ്ടു് വളൎന്നു വന്നു. പഠനത്തിൽ അഭിവൃദ്ധിപ്പെടുന്നതിനു് തന്റെ കഴിവിന്റെ പരമാവധി ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. അധികാരികൾക്കും അധീനൎക്കും ഒരുപോലെ പ്രിയങ്കരനായിത്തീരുകയെന്നതു് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെങ്കിലും വ്യത്യസ്തങ്ങളായ ആശയക്കാരുടെ ഇടയിൽ ജീവിച്ചുകൊണ്ടു് എല്ലാവരുടെയും വാത്സല്യഭാജനമായി വളൎന്നു വരുന്നതിനു് തോമ്മാസ്സു് സാധിച്ചു:

തന്റെ പിതാവിന്റെ ശുദ്ധലാക്കിനു തക്കവണ്ണം ലോകപ്രപഞ്ചങ്ങളിലും വീട്ടുകാര്യങ്ങളിലും കലരാതെ ദൈവശുശ്രൂഷയിൽ കാലം പോക്കണമെന്നുള്ള ആഗ്രഹപ്രകാരം സെമിനാരി

2. Ibid pp. 19-20

യിൽ തൻെറ മല്പാനച്ചനും യജമാനന്മാരും കൂട്ടുകാരും വിസ്മയി പ്പാനും സന്തോഷിപ്പാനും തക്കവണ്ണം പഠനകാര്യത്തിലും പുണ്യജീവിതത്തിലും ജീവിക്കയാൽ മല്പാനച്ചനും മററും വളരെ പ്രിയവും സമ്മതവും ആയിരുന്നു.[3]

വിവേകവും വിജ്ഞാനവും ദൈവഭക്തിയും ഒത്തിണങ്ങിയ ആ ബാലൻ തൻെറ സെമിനാരിജീവിതം, പുണ്യജീവിതത്തിനുള്ള അ ടിസ്ഥാനശിലയാക്കി മാററി. അങ്ങനെ എല്ലാംകൊണ്ടും സമലം കൃതനായ പോരുക്കര, 1817 മെയ്മാസം 17–ാം തീയതി പീററർ ദെ ആൽക്കാന്തര എന്ന ബോംബെ മെത്രാനിൽനിന്നും ആസ്തപ്പാട്ട പട്ടം സ്വീകരിച്ചു.

ഈ അവസരത്തിലാണ് തൻെറ ദൈവവിളിയെപ്പോലും പ്ര തികൂലമായി ബാധിക്കാമായിരുന്ന ഒരു സാഹചര്യം സൃഷ്ടിച്ചുകൊ ണ്ട് അദ്ദേഹത്തിൻെറ വത്സലപിതാവ് 1818 ൽ ദിവംഗതനായത്. തനിക്കും കുടുബാംഗങ്ങൾക്കും ഒരുപോലെ താങ്ങാനാവാത്ത ഒരു പ്രത്യാഘാതമായിരുന്നു അതു്. 18–ാം വയസ്സിൽ 4–ാം പട്ടം സ്വീകരിച്ചുകഴിഞ്ഞിരിക്കുമ്പോഴാണ് ദാരുണമായ ഈ സംഭവം നടന്നത്. തോമായെ സംബന്ധിച്ച വളരെ നിർണ്ണായകവും വേ ദനാജനകവുമായ ഒന്നായിരുന്നിതു്. കാരണം കുടുംബഭാരം മുഴുവൻ മൂത്ത പുത്രനെന്ന നിലയ്ക്ക് തൻെറ തലയിൽ വന്നുവീണു. തോമാ യ്ക്ക് അന്നു് 18 വയസ്സ് മാത്രമാണ് പ്രായമുണ്ടായിരുന്നതു്. അ പ്പോൾ തനിക്കു താഴെയുള്ള സഹോദരങ്ങളുടെ പ്രായവും പക്വ തയും എത്രയോ നാമമാത്രമായിരിക്കണം. അങ്ങനെയുള്ള ഒരു പ്രതിസന്ധി, അതും കഴിഞ്ഞ നൂററാണ്ടിൻെറ പശ്ചാത്തലത്തിന് തികച്ചും നിർണ്ണായകമായിരുന്നു. എന്നാൽ ദൈവപരിപാലനയിൽ അടിയുറച്ച് വിശ്വസിച്ചുകൊണ്ടും സർവ്വതും ദൈവകരങ്ങളിൽ അർപ്പിച്ചുകൊണ്ടും അദ്ദേഹം എല്ലാം തരണം ചെയ്തു. കുടുംബഭാര മെല്ലാം സഹോദരങ്ങളെ ഏല്പിച്ചുകൊടുത്തുകൊണ്ടും അനുദിനം കുടും ബാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചും അവരെ ദൈവപിതാവിൻെറ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ടും ഒരു വൈദികനാകണമെന്ന തൻെറ ആഗ്രഹത്തിൽതന്നെ അടിയുറച്ചുനിന്നു. പൗരോഹിത്യ ജീവി തത്തിലേക്കു നടന്നടുത്തു. സെമിനാരിയിലെ ജോലികളും ഉത്തര വാദിത്വങ്ങളും കഴിയുന്ന വിധത്തിൽ നന്നായി ചെയ്തു.

3. Ibid P. 20

പോരൂക്കരയച്ചൻ നല്ല കഴിവും വിജ്ഞാനവുമുള്ള വ്യക്തിയായിരുന്നുവെന്നും അതിനാൽ അദ്ദേഹത്തെക്കൊണ്ട് സെമിനാരിയിലെ നാളാഗമം എഴുതിച്ചിരുന്നുവെന്നും കുരിയാക്കോസച്ചൻ വിവരിച്ചുകാണുന്നുണ്ട്. കൂടാതെ തൻെറ സുവിശേഷ പ്രസംഗങ്ങൾ വഴി ശ്രോതാക്കളുടെ ഹൃദയങ്ങളെ വളരെയധികം സ്വാധീനിക്കുവാനും അതുവഴി അവരെ ഒരു നല്ല ക്രിസ്തീയ ജീവിതത്തിലേക്ക് ആനയിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു:

> ചെറിയ പട്ടങ്ങൾ ഉള്ളകാലത്തിൽതന്നെ നാളാഗമം അതായത് വർത്തമാനങ്ങൾ എഴുതിവന്നിരുന്നു. പടാത്ഥ്യം നിത്യമായിട്ടെന്നപോലെ എല്ലാവക്കും വളരെ സന്തോഷമാകാൻ തക്കവെണ്ണം പുത്തൻ കുർബാനകൾക്കും തിരുനാളുകൾക്കും മല്പാനച്ചൻ പറയിച്ചിരുന്നു. ഉത്സാഹം എത്രയും അധികവും സഭയിൽ അധിക ശോഭയും ഉണ്ടായിരുന്നു. [4]

കാലത്തിൻെറ പൂർണ്ണതയിൽ തോമ്മാശെമ്മാശൻ വൈദികപദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു. 23-ാമത്തെ വയസ്സിൽ 1823 സെപ്റ്റംബർ 22-ാം തീയതി വൈദികപട്ടം സ്വീകരിക്കുകയും ഒക്ടോബർ മാസത്തിലെ ആദ്യത്തെ ഞായറാഴ്ച ഘോഷപൂർവ്വം പുത്തൻകുർബാന അർപ്പിക്കുകയും ചെയ്തു. ഒട്ടേറെ പ്രതിബന്ധങ്ങളുണ്ടായിരുന്നിട്ടും ധീരമായി, ദൈവകൃപയിൽ ആശ്രയിച്ച് മുന്നോട്ട് നീങ്ങിയ തോമ്മ പുരോഹിതനായി, തൻെറ പിതാവിൻെറ ഇഷ്ടം സഫലീകരിച്ചു. ഈ സന്തോഷത്തിൽ പങ്കുകൊള്ളാൻ വാത്സല്യനിധിയായ ആ നല്ല പിതാവിന് സാദ്ധ്യമായില്ലെങ്കിലും പരലോകത്തിലിരുന്ന് സ്വപുത്രൻെറ സന്തോഷത്തിൽ പങ്കുചേർന്ന് നിർവൃതി പൂണ്ടിരിക്കാം.

---

4 Ibid p. 20

അദ്ധ്യായം 2

# നവവൈദികനും പ്രവർത്തനങ്ങളും

## എ. സ്വന്തം ഇടവകയിൽ

പട്ടമേററ ഉടനെ ഒരു വൈദികനെ ഇടവക വികാരിയായി നിയമിക്കുക പതിവില്ല. ഏതെങ്കിലും വികാരിമാരുടെ കീഴിൽ സേവനമനുഷ്ഠിച്ച് പരിജ്ഞാനവും പക്വതയും വന്നതിന് ശേഷമേ കൊച്ചച്ചന്മാരെ വികാരി സ്ഥാനത്തേക്ക് സാധാരണയായി ഉയർത്താറുള്ളു. എന്നാൽ വൈദികപട്ടം സ്വീകരിച്ച ഉടനെ പോരൂക്കരയെ സ്വന്തം ഇടവകയിൽ വികാരിയായി നിയമിച്ചു. പ്രായത്തെക്കാൾ കൂടുതൽ പക്വതയും, വിജ്ഞാനവും, വിവേകവും ഉണ്ടായിരുന്ന പോരൂക്കരയച്ചൻ ഇടവകജോലി എങ്ങനെ നോക്കിയെന്നും താൻ സ്വീകരിച്ച പൗരോഹിത്യമെന്ന മഹത്തായ ദാനം എങ്ങനെ അതിന്റെ പൂർണ്ണതയിൽ കാത്തുസൂക്ഷിച്ചിരുന്നുവെന്നും, തന്നെ ഏല്പിച്ചിരുന്ന ഉത്തരവാദിത്വങ്ങൾ എത്ര ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി അനുഷ്ഠിച്ചിരുന്നുവെന്നും കുരിയാക്കോസച്ചൻ തന്നെ വിവരിക്കട്ടെ :

> ആ കാലങ്ങളിൽ പട്ടക്കാർ ളോഹ ഉടുത്തു നടക്കുക മര്യാദ ഇല്ലായിരുന്നു. എങ്കിലും വരാപ്പുഴ സെമിനാരിയുടെ മുറസ്സു പട്ടമേററ നാൾ മുതൽ താൻ അപ്രകാരം ക്രമത്തോടെ നടന്നുവന്നു. അക്കാലത്തിൽ വളരെ പട്ടക്കാർ വയസ്സും പ്രായവും ചെന്നവരായി ഉണ്ടായിരുന്നു. എങ്കിലും തന്റെ സാധുത്വത്താലെയും വിവേകത്താലെയും വഴക്കുകൾക്കും മററും ഇടവരാതെ പല പല നല്ല മര്യാദകളെ നടത്തുകയും പൂർവ്വിക അപമര്യാദകളെ നീക്കുകയും ചെയ്തു. അക്കാലത്തുതന്നെ റബേക്കുകൊട്ടും പാട്ടുകളും പഠിപ്പിക്കുന്നതിനായി തെക്കുനിന്നു ഒരു മേസ്തിരിയെ കൊണ്ടുവന്ന് തന്റെ സഹോദരന്മാർ മുതലായി പലരേയും പഠിപ്പിച്ചു പള്ളിയിൽ പാട്ടുകളും കൊട്ടുകളും നടന്നു. അക്കാലം പള്ളിപ്പുറത്തും നടന്നു ...... ഞായറാഴ്ചതോറും പള്ളി

കളിൽ പടാത്ഥ പറയുന്ന ക്രമം തന്നാലെ തുടങ്ങിയതുപോ ലെയായിരിക്കുന്നു.[5]

ഇങ്ങനെ എല്ലാവരാലും പ്രശംസിക്കപ്പെടും വിധത്തിൽ അവിടെ രണ്ടുവർഷം ഇടവകജോലി നോക്കി. ആ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ കല്ലൂർക്കാട്ട് പള്ളി വളരെയധികം പുരോഗതി പ്രാപിച്ചു. ഇടവകക്കാർക്ക് നവോന്മേഷവും ഉത്തേജനവും നൽകി. അവരെ ആദ്ധ്യാത്മിക ആഭിവൃദ്ധിയിലേക്ക് കൈപിടിച്ചുയർത്തി. വി. കുർബാന മുതലായ തിരുക്കർമ്മങ്ങൾ പാട്ടുകളാലും മററും കൂടുതൽ ആദ്ധ്യാത്മികമാക്കിത്തീർത്തു. അങ്ങനെ നിരവധി കാര്യങ്ങളിൽ സ്വന്തം ഇടവകയെ വളർത്തുന്നതിൽ ആ നവവൈദികൻ കിണഞ്ഞു പരിശ്രമിച്ചു.

## ബി. തങ്കശ്ശേരിയിൽ

സ്വന്തം ഇടവകയിൽ വളരെ കാര്യക്ഷമമായി ഇടവകജോലി നോക്കിക്കൊണ്ടിരിക്കുന്ന അവസരത്തിലാണ് തങ്കശ്ശേരി ഇടവക പള്ളിയിലേക്ക് സ്ഥലമാററം കിട്ടിയത്. 1827 ആഗസ്റ്റ് 15–ാംനു- തങ്കശ്ശേരി പുത്തൻപള്ളിയുടെ വികാരിയായുള്ള കല്പന ലഭിച്ചു. അവിടേയും ആ കർമ്മയോഗി എല്ലാംകൊണ്ടും ജനങ്ങളുടെ പ്രശംസയ്ക്കു കാരണമായി. ഒന്നാമതായി അദ്ദേഹത്തിൻെറ പുണ്യജീവിതം. അദ്ദേഹം പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നതുകൊണ്ടുതന്നെ ജനങ്ങൾക്ക് പ്രാർത്ഥനയുടെ അഭിരുചി കാണിച്ചുകൊടുക്കുന്നതിനും പ്രാത്ഥനയിൽ അവരെ അഭിവൃദ്ധിപ്പെടുത്തുന്നതിനും കഴിഞ്ഞു. അന്നവിടെ നിലവിലിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പ്രതിവിധി കണ്ടെത്തുകയും എല്ലാവരേയും സ്നേഹത്തിൽ ഒന്നിപ്പിക്കുന്നതിനു സാധിക്കുകയും ചെയ്തു. ഇങ്ങനെ അദ്ദേഹം അവിടെ ചെയ്തിരുന്ന ജോലികളെ കുറിച്ച് കരിയാക്കോസച്ചൻ രേഖപ്പെടുത്തുന്നു:

> ആ ദേശക്കാരു് എല്ലാവരും വിസ്മയിപ്പാൻ തക്ക പുണ്യമാതൃകയാലും ജ്ഞാന പടാർത്ഥകളാലും ഏററിക്കപ്പെട്ട ഉത്സാഹത്താലും നല്ല ഭരിപ്പ് ഉണ്ടായിട്ടില്ല എന്നിരിക്കുന്ന ആ ദിക്കിൽ ഇടിയാലെ ഭൂമിയിളകി പഞ്ചഫലാദികളെ മുളപ്പിക്കുന്നതുപോലെ ഏറിയ കാലമായി കുമ്പസാരിക്കാതിരുന്നവരേയും ഏറിയ ദുർനടപ്പുകാരേയും വലിയവരായിട്ടും ചെറിയവരായിട്ടുള്ളവരേയും

5. Ibid pp 20 - 21

ദൈവഭയത്താൽ ഇളക്കി ഭക്തിക്കാരാക്കി. ഇന്നും ആ ഓർമ്മ വിടാതെ ഭക്തിക്കാരായിരിക്കുന്നവരുമുണ്ട്. ശനിയാഴ്ചതോറും കൂട്ടമായിട്ട വരുന്ന ഭിക്ഷക്കാൎക്ക സൽബുദ്ധി പറഞ്ഞുകൊടുത്തു് അവരോടുകൂടെ പള്ളിയിൽ പോയി അൻപത്തുമൂന്നുമണി എത്തിച്ചിട്ടു് ഭിക്ഷകൊടുത്തയച്ചിരുന്നു. കുമ്പസാരിപ്പാൻ വരുന്നവൎക്കു് ആസ്തപ്പാടു് ചൊല്ലിക്കൊടുത്തു കുമ്പസാരിപ്പിച്ചിരുന്നു. അടുക്കലെടുക്കെ ഭക്തിയായിട്ട കുമ്പസാരിച്ചുവരുന്ന മുറ അവിടെ തന്നിൽനിന്നും തുടങ്ങിയപോലെ തോന്നുന്നു. അതെന്ത്യേ, ഈ എഴുത്തുകാരൻ പുസ്തകം എടുത്തു മാററിവെപ്പാൻ പാടില്ലാത്ത ചെറുപ്രായത്തിൽ കുർബ്ബാനസ്സു കൂടുന്നതു പഠിച്ചു. അപ്പോഠം ഈ വേലസ്സായി അവിടെ പാർത്തിരുന്നു. തൻെറ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവസ്നേഹാധിക്യത്താലെ ഞായറാഴ്ച തിരുനാളുകളിൽ മഹാ എരിവോടുകൂടെ പറഞ്ഞുവന്നിരുന്ന പടാത്ഥകളാലും പുണ്യജീവിതത്താലും പോർത്തുഗീസ് ഭാഷ സെമിനാരിയിൽ വെച്ചു പഠിച്ചിരുന്നതുമല്ലാതെ കുർബ്ബാന ഒഴികെ ശേഷമുള്ള വേസ്പര, കുമ്പഞ്ഞിമേന്തു് മുതലായ കർമ്മങ്ങഠം ലത്തീനിൽ നടത്തിവരുന്നതിനാലും വിശേഷമായ തൻെറ ഭരിപ്പാലും ആ ദിക്കുകാൎക്കു് ഒക്കെയ്ക്കും ബഹുസമ്മതമായിരുന്നു. ഇതിന പുറമെ പെ. ബ. മണവേൽ ഗോവണ്ണദോരച്ചനും വികാരി ജനറാഠം യുസേ മരിയാ പാദ്രി അച്ചനും കൊല്ലം, തുയം മുതലായ പള്ളികളിലുള്ള പ്രധാനികഠംക്കും, ആ കാലത്തിൽ ദിവാൻ കച്ചേരിയും, റസിഡണ്ടു് ആപ്പീസും കൊല്ലത്തു് ആയിരുന്നതിനാൽ ആയവർക്കൊക്കെയ്ക്കും വളരെ സമ്മതമായിരുന്നു. ലോക പ്രപഞ്ചമല്ലാതെ ജ്ഞാനജീവിതം അറിയാത്ത പോലെ ഇരുന്ന രാജ്യം ഒന്നു പകർന്നു. മേസ്തർ ലേമീസിൻെറ വീടു്, റമല്ലെ എന്ന വീടു് മുതലായവ മഠങ്ങഠം പോലെ ആയിത്തീർന്നു. [6]

ഇതിൽനിന്നും ആ പുണ്യാത്മാവു് എത്രയോ ആത്മാർത്ഥമായിട്ടാണു് തൻെറ ഉത്തരവാദിത്വങ്ങഠം നിറവേററിക്കൊണ്ടിരിക്കുന്നതെന്നു് മനസ്സിലാക്കുവാൻ കഴിയും. പലരും പാവപ്പെട്ടവർക്കു് നാണയത്തുട്ടുകഠം കൊടുത്തെന്നു് വന്നേക്കാം. എന്നാൽ അവരെ സ്നേഹിക്കുക, അവരുമായി സമയം ചിലവാക്കുക, ആത്മീയ കാര്യ

6 Ibid PP. 21 - 22

ങ്ങറം പറഞ്ഞുകൊടുത്തു് അവരെ ഒരുക്കുക, അവരോടൊത്തും അവർക്കുവേണ്ടിയും പ്രാത്ഥിക്കുക എന്നിവയെല്ലാം ചെയ്യുവാൻ തയ്യാറായിട്ടുള്ളവർ അധികംപേരുണ്ടാകുമെന്നു് തോന്നുന്നില്ല. എന്നാൽ പിതാവിൻെറ ജീവിതത്തിൽ ഇതിനു് വളരെയധികം പ്രാധാന്യം നല്കിയിരുന്നതായി കാണാം. പാവപ്പെട്ട മനുഷ്യരെ അറപ്പോടും, വിദ്വേഷത്തോടും കൂടി നോക്കിക്കൊണ്ടിരുന്ന ജനങ്ങറംക്കിടയിൽ സ്നേഹമുള്ള ഒരു നല്ല പിതാവിനെപ്പോലെ വർത്തിച്ചു. അതുപോലെ കുട്ടികളെ പ്രാർത്ഥനയിലും ആദ്ധ്യാത്മിക കാര്യങ്ങളിലും വളത്തുന്നതിനു് ആ പിതാവു് സമയം കണ്ടെത്തിയിരുന്നു.

## സി. സെക്രട്ടറിസ്ഥാനം

തങ്കശ്ശേരി പുത്തൻപള്ളിയിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കയിൽ ഏകാന്തജീവിതം നയിക്കുന്നതിനു് അനുകൂലമായ ഒരു സാഹചര്യമുണ്ടായി. അവിടെ അദ്ദേഹം രണ്ടു വർഷത്തോളം സ്തുത്യർഹ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ പെ. ബ. മൗറീലിയസ് സ്റ്റബിലീനി മെത്രാനച്ചൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി വന്നു. അതിനു മുമ്പുണ്ടായിരുന്ന പെ.ബ. റയിമുൺദ് സൂര്യ മെത്രാനച്ചൻെറ സെക്രട്ടറിയായി ജോലി നോക്കിയിരുന്നതു് ബ. തോമസ് പാലയ്ക്കലച്ചനായിരുന്നു. അദ്ദേഹത്തിനാകട്ടെ സെമിനാരി നടത്തിപ്പിനോടായിരുന്നു കൂടുതൽ ആഗ്രഹം. ഇങ്ങനെയിരിക്കെ പുതിയതായിവന്ന മൌറേലിയോസ് ദൊലിക്ക എന്ന മെത്രാനച്ചൻ തൻെറയും സെക്രട്ടറിയായിരിക്കുവാൻ പാലയ്ക്കലച്ചനോടു് ആവശ്യപ്പെടുകയുണ്ടായി. വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസച്ചൻ വിവരിക്കുന്നു:

> "...ബ. പോരൂക്കര തോമ്മാ കത്തനാരച്ചനും ഇദ്ദേഹവും കൂടെ ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു തപസ്സുഭവനം ഇല്ലായ്കയാൽ ഏറിയ നന്മകറംക്കു വിഘ്നമായിരിക്കകൊണ്ടു് വല്ല പ്രകാരത്തിലും പട്ടക്കാക്കെങ്കിലും ഒരു ദർശനവീടുണ്ടാക്കണമെന്നാഗ്രഹിച്ചു. ആയതിനു് ഒരു സഹായം ആരുമില്ലായ്കകൊണ്ടു് വേദിച്ചപേക്ഷിച്ചിരിക്കുമ്പോറം ദൈവസഹായത്താൽ ബഹുമാനപ്പെട്ട ബോംബെയുടെ വികാരി അപ്പസ്തോലിക്കാ ആയ മാർ മൗറേലിയോസ് ദൊലീക്കാ എന്ന മെത്രാനച്ചൻ ഇവിടേക്കു വന്നു. മാർ ലെയോൻ പത്താമതു് എന്ന ശുദ്ധമാന മാർപ്പാപ്പയുടെ കല്പനയാൽ വരാപ്പുഴയ്ക്കു് ഇന്തിരീനാ വികാര

അപ്പസ്തോലിക്കാ ആയിട്ടു വാഴകയിൽ, ഞങ്ങളുടെ മല്പാനച്ചൻ, മുമ്പു പീയൂസ് ഏഴാമത് എന്ന ശുദ്ധമാന മാർപ്പാപ്പയുടെ കാലത്തു് വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിട്ടു വാണിരുന്ന മാർ റെയിമൂന്തു് സൂര്യ എന്ന മെത്രാനച്ചൻെറ സെക്രത്താരിയായിട്ടു പാർത്തിരുന്നതിനാലും, പിന്നെ ഉണ്ടാകുന്ന യജമാനന്മാർ ആലോചന ചോദിക്കുന്നതിനായി ഞങ്ങളുടെ മല്പാനച്ചനെ വിളിക്കുമാറായിരുന്നു. അപ്രകാരം ബഹുമാനപ്പെട്ട മാർ മൗറേലിയോസ് എന്ന മെത്രാനച്ചൻ വിളിച്ചു ഒന്നുകിൽ സെക്രത്താരിയായിട്ടവിടെ പാർക്കണം ആയതല്ലെങ്കിൽ ഇപ്രകാരം വിശ്വാസമുള്ളതിൽ ഒരു പട്ടക്കാരനെ ഇവിടെ നിർത്തണം എന്നു കല്പിച്ചു. ഞങ്ങളുടെ മല്പാനച്ചനു് പഠിപ്പിക്കൽ ജോലി ഉപേക്ഷിപ്പാൻ പാടില്ലായ്കയാൽ പോരൂക്കര തോമ്മാ കത്തനാരച്ചനെ കെല്പത്തു് തങ്കശ്ശേരി പുത്തൻപള്ളിയിൽ നിന്നു വരുത്തി മെത്രാനച്ചൻെറ സെക്രത്താരിയായിട്ടു് ആക്കുകയും ചെയ്തു."[7]

തൻെറ അടുത്ത സ്നേഹിതനായ പാലയ്ക്കലച്ചൻെറ താല്പര്യപ്രകാരം പോരൂക്കരയച്ചൻ തങ്കശ്ശേരിയിൽ നിന്നു് വിടവാങ്ങി സെക്രട്ടറിസ്ഥാനം ഏറെറടുത്തു് വരാപ്പുഴെ താമസമാക്കി. ഈ സാഹചര്യത്തിൽ മല്പാനച്ചനുമായി അടുത്തിടപെടാനും ബന്ധപ്പെടാനും കൂടുതൽ സൗകര്യം ലഭിച്ചു. പ്രസ്തുത സാഹചര്യത്തിലാണു് പോരൂക്കരയച്ചനും മല്പാനച്ചനും ഏകാന്ത ജീവിതത്തെപ്പററി ചർച്ചചെയ്യുന്നതു്. വനവാസം അനുഷ്ഠിക്കുവാനുള്ള അഭിവാഞ്ഛ സന്തോഷപൂർവ്വം സ്വീകരിക്കുന്ന പിതാക്കന്മാരെയാണു് നാമിവിടെ കാണുക. അതിനുള്ള സാധ്യതയ്ക്കായി ഇരുവരും തീക്ഷ്ണമായി ആഗ്രഹിച്ചുകൊണ്ടിരുന്നു. സെക്രട്ടറിസ്ഥാനം നോക്കിയിരുന്ന പോരൂക്കരയച്ചനാകട്ടെ, ചുരുങ്ങിയ കാലഘട്ടംകൊണ്ടു് മെത്രാനച്ചനുമായി വളരെയധികം സ്നേഹത്തിലും അടുപ്പത്തിലുമായിത്തീർന്നു. പോരൂക്കരയച്ചൻെറ വിശുദ്ധിയും, വിവേകവും, കഴിവുകളുമെല്ലാം മെത്രാനച്ചൻ നന്നായി മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

---

7 Ibid PP. 11-12

## അദ്ധ്യായം 3

# വനവാസത്തിനുള്ള വിളി

### എ. പർണ്ണശാല തേടി

ഭാരതം വളരെയധികം ആദ്ധ്യാത്മിക വ്യക്തികാംക്ക്, പുണ്യാത്മാക്കാംക്ക് ജന്മം കൊടുത്തിട്ടുണ്ട്. ഹിന്ദുമുനിവര്യന്മാരും ബുദ്ധസന്യാസികളും മററും ഇങ്ങനെയുള്ള വ്യക്തികളാണ്. തിരുസഭ വിശുദ്ധരെന്ന് പേരു വിളിച്ചിട്ടില്ലെങ്കിലും ക്രിസ്തുമതത്തിലും ഇത്തരം ആദ്ധ്യാത്മിക വ്യക്തികാം ഉണ്ടായിട്ടുണ്ട്. ഇന്നും ഹിമാലയത്തിൻെറ താഴ്‌വരകളിലും ഗിരിശൃംഗങ്ങളിലും മുനിവര്യന്മാരെയും സന്യാസിനികളെയും നമുക്ക് കാണുവാൻ കഴിയും. ഇത്തരത്തിലുള്ള മുനിവര്യന്മാർ കൊടും വനങ്ങളിൽ, തികഞ്ഞ ഏകാന്തതയിൽ തപം ചെയ്തിരുന്നു. ഒരു ഗുരുവിനെ അനുകരിച്ച് ഏതാനും ശിഷ്യന്മാരും ജീവിച്ചുപോരുമായിരുന്നു. ഇതുപോലുള്ള ഗുരുശിഷ്യഭവനം അഥവാ സന്യാസഭവനം ഭാരതീയ ഭാഷയിൽ പർണ്ണശാല എന്നാണ് അറിയപ്പെടുന്നത്. ഈ ഋഷിമാരാകട്ടെ, ദൈവവുമായി വളരെയധികം അടുത്തുജീവിക്കുന്നവരാണ്. ശ്രവണം, മനനം, നിദിദ്ധ്യാസനം എന്നീ സാധനത്രയങ്ങളിലൂടെ അവർ ദൈവത്തെ കൂടുതൽ അറിയുകയും അതു് മററുള്ളവരിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നു.

ഒരു ഗുരു അല്ലെങ്കിൽ മുനി ജ്ഞാനിയായിരിക്കണം. ജ്ഞാനി എന്നുവച്ചാൽ സ്വയം അറിയുന്ന വ്യക്തിയെന്നാണ് അത്ഥം. യഥാർത്ഥമായ ജ്ഞാനം സ്വയം അറിയുകതന്നെയാണല്ലോ. ഇങ്ങനെ ജ്ഞാനിയായി, മുനിയായി തപംചെയ്തിരുന്നവർ തികച്ചും ആദ്ധ്യാത്മിക വ്യക്തികളായിരുന്നു. ഒരത്ഥത്തിൽ അവർ ഒന്നുമില്ലാത്തവർ, അഥവാ ദരിദ്രരായിരുന്നു. എങ്കിലും അവർ സമ്പന്നരായിരുന്നു. കാരണം ''വിദ്യാധനം സർവ്വധനാൽ പ്രധാനം'' എന്നാണല്ലോ കവിവാക്യം. ''ധന സമ്പാദനം ജീവിതത്തിൽ അഭികാമ്യമാണെങ്കിൽ സർവ്വവും സാധ്യമാകുന്നു. ജ്ഞാനത്തിലുപരി ധനം

എന്തുണ്ട്?'' (വിജ്ഞാനം. 8:5) എന്ന് അതിന്റെ ഗ്രന്ഥകർത്താവ് ആരായുന്നു. ഈ ജ്ഞാനികൾ ദൈവാനുഗ്രഹങ്ങളുടെ നീർച്ചാലുകൾ ആയിരുന്നു. ഹൈന്ദവ മതവിശ്വാസം രേഖപ്പെടുത്തുന്നത്, പലപ്പോഴും താപസന്മാർക്കും മുനിവര്യന്മാർക്കും ദൈവങ്ങൾ പ്രത്യക്ഷപ്പെട്ട് അനുഗ്രഹങ്ങൾ നൽകിയിരുന്നുവെന്നാണ്. അതു് ഐതീഹ്യങ്ങൾ ആണെങ്കിലും അവർ ആദ്ധ്യാത്മിക വ്യക്തികളായിരുന്നുവെന്നതിന് തെളിവുകളുണ്ട്.

ഇത്തരത്തിലുള്ള ഒരു ദൈവിക വ്യക്തിയായി, ഒരു ആദ്ധ്യാത്മിക വ്യക്തിയായി തപം ചെയ്യുന്നതിനു്, വനവാസം അനുഷ്ഠിക്കുന്നതിനു് ഇറങ്ങിത്തിരിക്കുന്ന ധീരനായ ക്രിസ്തു ശിഷ്യനായി, കേരളത്തിൽ പുതിയൊരു സംരംഭത്തിനു് രൂപംകൊടുക്കുവാൻ പോരൂക്കരയച്ചൻ തീരുമാനിച്ചു. എന്നാൽ വനവാസം ആശ്രമജീവിതമായി രൂപചലനം സംഭവിക്കുവാനായിരുന്നു ദൈവനിശ്ചയം.

പോരൂക്കരയച്ചനു് ചെറുപ്പം മുതൽക്കുതന്നെ ഒരു ഏകാന്തജീവിതം നയിക്കണമെന്നുള്ള തീക്ഷ്ണമായ ആഗ്രഹം ഉണ്ടായിരുന്നു എന്നുവേണം അനുമാനിക്കാൻ. കാരണം, ബാല്യം മുതൽക്കുതന്നെ തന്റെ ആത്മമിത്രമായിരുന്ന കണിയാന്തറ യാക്കോബിനോട് വനവാസത്തിനുള്ള തന്റെ ആഗ്രഹത്തെക്കുറിച്ച് പോരൂക്കരയച്ചൻ പറഞ്ഞിരുന്നുവെന്ന് കാണുന്നുണ്ട്. ഭാരതീയ സന്യാസ സമ്പ്രദായമനുസരിച്ച് ഏകാന്തജീവിതം നയിക്കുന്നതിനുള്ള ക്രമത്തിനു് വഴി തെളിച്ചത് തന്റെ ഭാവിജീവിതത്തെക്കുറിച്ചുള്ള പോരൂക്കരയച്ചന്റെ വ്യക്തമായ ആഗ്രഹങ്ങളുടേയും പ്രതീക്ഷകളുടേയും ഫലമായിരുന്നു. വൈദികനായതിനുശേഷം ഭാവിയിൽ തന്റെ ജീവിതം എങ്ങിനെയുള്ളതായിരിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽനിന്നും വ്യക്തമാകുന്നുണ്ട്. തന്റെ സമകാലികനും, സ്നേഹിതനുമായിരുന്ന കണിയാന്തറ യാക്കോബിനോട് പറഞ്ഞിരുന്ന പോരൂക്കരയച്ചന്റെ വാക്കുകൾക്ക് ഇവിടെ പ്രാധാന്യമേറുന്നു:

ഞാൻ കർബാന പട്ടം ഏററുവന്നാൽ നമുക്കു രണ്ടുപേർക്കും

കൂടെ വല്ല വനവാസത്തിനും പോയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപെടാൻ പ്രയാസം.[8]

താമര ചെളിയിലാണ് വളരുന്നതെങ്കിലും ചെളിപുരളാതെ അതു് മൊട്ടിട്ട് വിടർന്നു നിൽക്കുന്നത് മനോഹരമാണ്. ഇതു പോലെ ലോകത്തിലാണെങ്കിലും ലോകത്തിൻെറ കെട്ടുപാടുകളിൽ നിന്നും അകന്നു ജീവിക്കുവാൻ ആഗ്രഹിക്കുന്ന വലിയൊരു പാവ നാത്മാവായിട്ടാണ് പോരൂക്കരയച്ചൻ ഇനിടെ പ്രത്യക്ഷപ്പെടുന്നത്. ''നിങ്ങൾ പഴയ മനുഷ്യനെ ഉരിഞ്ഞുമാററി പുതിയ മനുഷ്യനെ ധരിക്കുവിനെന്നു'' (കൊളൊ 3:45) വി. പൗലോസ് ശ്ലീഹായുടെ ആഹ്വാനമനുസരിച്ച് ജീവിക്കുവാൻ ഇറങ്ങിപുറപ്പെടുന്ന നല്ല കമ്മ യോഗി, വനവാസം അനുഷ്ഠിക്കാമെന്ന ആശയത്തിനു് രൂപം നൽകു ന്നത് പോരൂക്കരയച്ചനാണെന്ന് ചരിത്രത്തിൽനിന്നും കണ്ടെത്തു വാൻ കഴിയും.

## ബി. ഉൽഭവവും ഉറവിടവും

സി. എം. ഐ. സന്യാസസഭ ഇന്ന് വളർച്ചയുടെ പാതയിലാണ്. പല യൂറോപ്യൻ സന്യാസസഭകളെയും അപേക്ഷിച്ച് ഈ സഭ വളരെ ചെറുതാണെങ്കിലും അനുദിനം വളന്നുകൊണ്ടിരിക്കുന്ന ഒന്നാ ണിത്. കേരളത്തിൽ ജന്മംകൊണ്ട ഈ സന്യാസസഭ ഭാരതത്തി ൻെറയും അതിർത്തി വരമ്പുകൾ കടന്ന് ലോകത്തിൻെറ മററു് ഭൂഖണ്ഡങ്ങളിലേക്കു് ഇതിനോടകം വ്യാപിച്ചുകഴിഞ്ഞു. ഈ സഭ യുടെ ഉത്ഭവം, ചരിത്രത്തിൻെറ പരിമിതമായ അറിവിൽനിന്നും മനസ്സിലാക്കുവാൻ കഴിയുന്നതനുസരിച്ച് പോരൂക്കര തോമ്മാച്ച നിൽ നിന്നുമാണ്. ഇതിൻെറ ഉത്ഭവചരിത്രത്തിൽനിന്നും ഒട്ടും വിദൂരത്തല്ലാത്ത മറെറാരു വ്യക്തിയാണ് കണിയാന്തറ യാക്കോബ് സഹോദരൻ. എന്നാൽ ഇന്ന് ഇരുവരേയും പലരും മറന്നുകഴിഞ്ഞി രിക്കാം. ഒരുപക്ഷെ ഇന്നിവരെക്കുറിച്ച് അറിയുന്നവർതന്നെ അധികം പേരുണ്ടാകുമെന്നു തോന്നുന്നില്ല.

പോരൂക്കരയും കണിയാന്തറയും ചെറുപ്പംമുതൽ കൂട്ടുകാരായി രുന്നു. ഒന്നിച്ചുകളിച്ച് ആത്മമിത്രങ്ങളായി വളന്നുവന്നവർ. എന്നാൽ ഈ കൂട്ടുകെട്ട് അധികം നീണ്ടുനിന്നില്ല. അവർ ഇരുവരും എന്ന

---

8. ബ്ര. മത്തായി കൊച്ചുപറമ്പിൽ, ''അറിയപ്പെടാത്ത കമ്മയോഗി,'' കാരിക്കാമുറി, 1979. p. 1

ന്നേസ്സമായി പിരിയേണ്ടിവന്നു. കാരണം പോരൂക്കര വൈദിക പഠനത്തിനു് പോകുവാൻ തീരുമാനിച്ചു. എന്നാൽ യാക്കോബിനാകട്ടെ അത്തരത്തിലുള്ള ഒരു അഭിനിവേശം ഉണ്ടായിരുന്നുമില്ല. സ്വാഭാവികമായും അത്തരമൊരു സാഹചര്യത്തിൽ ആ കൂട്ടുകാർ എന്നന്നേയ്ക്കുമായി പിരിയേണ്ടവരായിരുന്നു. എന്നാൽ ദൈവത്തിൻെറ ആഗ്രഹം അവർ പിരിയണമെന്നായിരുന്നില്ല; മറിച്ച് അവർ ഒന്നിച്ച് ജീവിക്കണമെന്നതു തന്നെയായിരുന്നു. അതു് പിന്നീടുണ്ടായ സംഭവവികാസങ്ങൾ വ്യക്തമാക്കുന്നുണ്ട്.

താൻ വൈദികപട്ടം സ്വീകരിച്ചു വരുമ്പോൾ, ഇരുവർക്കും കൂടി വനവാസത്തിനു പോകണമെന്നുള്ള പോരൂക്കരയുടെ ആഗ്രഹത്തോടു് യാക്കോബും സമ്മതിക്കുന്നതായും കാണുന്നുണ്ട്. എന്നാൽ, വേണ്ടത്ര അറിവോടും വിവേകത്തോടും കൂടിയല്ല അന്നു് കണിയാന്തറ ഈ ആശയത്തോടു് സമ്മതിച്ചതെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം വിവാഹിതനാകുവാൻ നിർബ്ബന്ധിച്ച വീട്ടുകാരോടു് യാക്കോബും അനുകൂലിക്കുകയാണ് ആദ്യം ചെയ്തതു്. എങ്കിലും പിന്നീടതിനു് മാററം സംഭവിച്ചു. ദൈവത്തിൻെറ വിളി ദാമ്പത്യജീവിതത്തിലേയ്ക്കായിരുന്നില്ലെന്നു് സാവധാനമാണു് കണിയാന്തറ മനസ്സിലാക്കിയതു്.

ഏകാന്തജീവിതം നയിക്കുവാനുള്ള ആഗ്രഹത്തിനു വളരെ മുമ്പു തന്നെ വിത്തു പാകിയെങ്കിലും അതിനു് പെട്ടെന്നൊന്നും മുളച്ചുപൊങ്ങുവാൻ കഴിഞ്ഞില്ല. നിരവധി കാരണങ്ങൾ ഇതിനു് തടസ്സം സൃഷ്ടിച്ചു. ഒന്നാമതായി ഇതിൻെറ പ്രധാന സംഘാടകൻ അന്നൊരു വൈദിക വിദ്യാർത്ഥി മാത്രമായിരുന്നു. കണിയാന്തറയ്ക്കാകട്ടെ വീട്ടിലെ സാഹചര്യവും അത്ര അനുകൂലമായിരുന്നില്ല. എങ്കിലും കാലത്തിൻെറ പൂർണ്ണതയിൽ ഇതു് മുളച്ചു വളരുകതന്നെ ചെയ്തു.

## സി. അനുകൂല സാഹചര്യം

സെക്രട്ടറിസ്ഥാനം ലഭിച്ച പോരൂക്കരയച്ചൻ തങ്കശ്ശേരിയിൽ നിന്നും വരുംവഴി ചമ്പക്കുളത്തു വന്നു. ഈയവസരത്തിൽ കണിയാന്തറ യാക്കോബുമായി ബന്ധപ്പെടുവാൻ കഴിഞ്ഞു. യാക്കോബ് ആകട്ടെ വളരെ നിർണ്ണായക നിമിഷങ്ങൾ തരണം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. വിവാഹം കഴിക്കണമെന്നുള്ള വീട്ടുകാരുടെ

ആഗ്രഹത്തിനു് ആദ്യം സമ്മതിച്ചെങ്കിലും, അതെല്ലാം വേണ്ടെന്നു വച്ചു് പോരൂക്കരയച്ചനുമായി പറഞ്ഞിരുന്ന ഭക്തജീവിതത്തിനു വേണ്ടി കൂടുതലായി ആഗ്രഹിക്കുകയും അതിനുള്ള അവസരം ലഭിക്കുന്നതിനു മാതാവിനോടു് പ്രത്യേകം പ്രാൎത്ഥിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. ഇങ്ങനെയിരിക്കവെയാണു് പോരൂക്കരയച്ചൻ ചമ്പക്കുളത്തു് വരുന്നതും കണിയാന്തറയെയും കൂട്ടി വരാപ്പുഴെ വന്നു് താമസ്സമാക്കുകയും ചെയ്യുന്നതു്.

അവിടെ താമസിക്കുന്നതിനിടയിൽ മെത്രാനച്ചൻ ലത്തീൻകാരിൽ ഒരു വിഭാഗത്തിൻെറ എതിർപ്പിനു പാത്രമായി. അവരിൽ നിന്നുള്ള എതിർപ്പും ശല്ല്യവും കാരണം 1829 സെപ്ററംബർ മാസത്തിൽ ആ വന്ദ്യപിതാവു് വരാപ്പുഴയിൽ നിന്നു് അത്തുങ്കൽ പള്ളിയിൽ വന്നു് താമസമാക്കി. അദ്ദേഹത്തോടൊപ്പം സെക്രട്ടറിയും വന്നു.

അത്തുങ്കൽ താമസിക്കവെ രണ്ടു തോമ്മാച്ചന്മാരുംകൂടി തങ്ങളുടെ ആഗ്രഹം മെത്രാനച്ചനെ ബോധിപ്പിച്ചു. ഇക്കാര്യങ്ങളെക്കുറിച്ചു് കണിയാന്തറ ബ്രദർ മാന്നാനം നാളാഗമത്തിൽ പറഞ്ഞിരിക്കുന്നതു് ശ്രദ്ധേയമാണു്:

......അത്തുങ്കൽ വന്നു് വല്ല കാര്യവും ഉണ്ടാകുമ്പോൾ ആലോചിച്ചു പോകുകയും ചിലപ്പോൾ വല്ല കാര്യവും ഉണ്ടാകുമ്പോൾ വിളിപ്പിക്കുകയും ഇങ്ങനെ കഴിഞ്ഞു വരുമ്പോൾ ഒരു ദിവസം തോമ്മാച്ചന്മാർ രണ്ടുപേരും കൂടി ആലോചിച്ചു. നമ്മൾ മുൻ പറഞ്ഞ കാര്യം പെ. ബ. മെത്രാനച്ചനോടു് ബോധിപ്പിച്ചുകൊണ്ടു് നമുക്കു് പോകണമെന്നും പറഞ്ഞു് ഒരു ദിവസം ഉല്ലാസ സമയത്തു പറഞ്ഞു ഞങ്ങൾ രണ്ടുപേരും വല്ലടത്തും ഒതുങ്ങി പാൎക്കണമെന്നു നിരൂപിച്ചിട്ടുണ്ടെന്നും ആയതിനു ഞങ്ങൾക്കു് അനുവാദം തരണമെന്നും ഇവിടെ നില്പാൻ വേറിട്ടു ഒരാൾ ഞങ്ങൾ തന്നെ ഉണ്ടാക്കി തരാമെന്നും പറഞ്ഞു. അപ്പോൾ മെത്രാനച്ചൻ കല്പിച്ചു: ''അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നു രണ്ടു പേരുള്ളതു മിണ്ടടക്കമായി വല്ലടത്തും ഒതുങ്ങി പാൎത്താൽ പിന്നെ ലോകരെ പഠിപ്പിപ്പാൻ ആരെന്നും അങ്ങനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വൈപ്പിൻ. എന്നാൽ എല്ലാവൎക്കും ഉപകാരമല്ലൊ'' എന്നു കല്പിക്കുകയും.

അപ്പോം ഇവരു പറഞ്ഞു: അതു കഴിയുന്ന കാര്യമോ? ഇവിടെ ആരു സഹായിക്കും? രാജാക്കൾ ചെയ്യാനുള്ള കാര്യമല്ലയൊ. ഇവിടെ മാഗ്ഗ്രാജാവായിരുന്നെങ്കിൽ കഴിഞ്ഞേനേ എന്നു പറയുകയും അപ്പോം മെത്രാനച്ചൻ കല്പിച്ചു: ''മനസ്സായിട്ട് ഉത്സാഹിച്ചു പുറപ്പെട്ടാൽ നടക്കും, അതെന്ത്യേ ക്രിസ്ത്യാനികൾ വളരെയുണ്ടല്ലൊ. അവരോടു ധമ്മം വാങ്ങിച്ചാൽ മതിയെന്നും'' മററും കല്പിച്ചു. അന്നു പിരിയുകയും ഈ വത്തമാനം ഇവരുടെ ചില സ്നേഹിതന്മാരോടു പറയുകയും അവരും അപ്രകാരം ആകട്ടെ എന്നു പറഞ്ഞതിനാൽ ഇവരും അതിൻവണ്ണം തന്നെ നിശ്ചയിച്ചു.[9]

ദൈവേഷ്ടം എന്തെന്ന് എല്ലായ്പോഴും സ്വയം മനസ്സിലാക്കുവാൻ കഴിഞ്ഞെന്നു വരികയില്ല. അത് വിവേചിച്ചറിയാൻ അധികാരികളുടെ അഭിപ്രായം കൂടി നാം ആരായേണ്ടതും അത് അനുസരിക്കേണ്ടതും ആവശ്യമാണ്. ആ മാതൃകയാണല്ലോ സ്വന്തം ജീവിതത്തിലൂടെ കത്താവ് നമുക്കു കാണിച്ചു തന്നിട്ടുള്ളത്. എപ്പോഴും തൻെറ പിതാവിനോട് സംഭാഷിച്ച് അവിടുത്തെ ഇഷ്ടം എന്തെന്നു മനസ്സിലാക്കി അതനുസരിച്ചാണ് അവിടുന്ന് പ്രവത്തിച്ചിട്ടുള്ളത്. അതിനുവേണ്ടി നിരവധി രാത്രികൾ അവിടുന്ന് പ്രാത്ഥനയിൽ ചിലവഴിച്ചിട്ടുണ്ട്. അതുപോലെ ഇവിടെയും ദൈവത്തിൻെറ ഇഷ്ടം എന്താണെന്ന് അധികാരികളിൽ കൂടി വ്യക്തമാവുകയാണ്. പിതാക്കന്മാർ ആഗ്രഹിച്ചതുപോലെയായിരുന്നില്ല ദൈവേഷ്ടം. കേരള സഭാഹൃദയത്തിൽ നിന്നും ഉയന്നു വന്ന വനവാസത്തിൻെറ വാഞ്ഛയും മെത്രാനിൽ നിന്നും ലഭിച്ച ആശ്രമ ജീവിതത്തിൻെറ ആശയവും ഒന്നുചേന്ന് ഒരു പുതിയ സന്യാസ ജീവിതശൈലിക്കു രൂപം ലഭിച്ചു. അതുവഴി വനവാസം ആശ്രമജീവിതത്തിന് വഴിമാറിക്കൊടുത്തു. തുടന്നുള്ള സംഭവങ്ങളെക്കുറിച്ച് ബ്ര. കണിയാന്തറ പറയുന്നതു് ഇപ്രകാരമാണ്:

പിന്നെ ഒരു സമയത്തിൽ പെ. ബ. മെത്രാനച്ചനെ ബോധിപ്പിക്കുകയും അപ്പോം ബ. മെത്രാനച്ചൻ ഒന്നു മട്ടത്തു എങ്കിലും അദ്ദേഹത്തിനു് ഇവരു രണ്ടു പേരെയും വളരെ വിശ്വാസവും സ്നേഹവും ആകകൊണ്ടു എന്തു കാര്യം പറഞ്ഞാലും തള്ളിക്കള

9 Ibid p 17

യുകയില്ല. ആയതു കാരണത്താൽ നന്നാ മടിച്ചു എങ്കിലും ഇവരുടെ മുട്ടിപ്പുകൊണ്ടു അംങ്ങനെ ആകട്ടെ എന്നു് അനുവദിച്ചു് ഒരു ധർമ്മക്കടെലാസു് എഴുതിയുണ്ടാകുവാൻ കല്പിച്ചു. അതിൻ വണ്ണം നല്ലതായിട്ടു് ഒരു ധർമ്മക്കടെലാസു് എഴുതി കാണിച്ച പ്പോരം അവിടുത്തെ പേക്കു് 200 രൂപ എഴുതി ഒപ്പിട്ടു അപ്പോരം തന്നെ രൂപയും തന്നു. [10]

1829 വൃശ്ചികം 1-ാം തീയതി, ആദ്യത്തെ കൊവേന്തയ്ക്കു് മൌറേലിയൂസു് മെത്രാനച്ചൻ കൊടുത്ത അനുവാദവും ധർമ്മ കടലാസും:

തമ്പുരാന്റെ മനഗ്ഗുണത്താലെയും ശുദ്ധമാന അപ്പസ്തോലിക്കാ സിംഹാസനത്തിന്റെ കല്പനയാലെയും നാം മാർ മൌറേലീയൂസ് ദെസാന്തത്രേസ്യാ ദിസ്സാാംസ്ഡ് എന്ന കമ്മലീത്താ ദശ്നത്തിൽ ദൊലശ്ശാ, എന്ന മെത്രാൻ, മലങ്കര എടവകക്കും കൊച്ചി എടവകക്കും ഇന്തരീന വിഗാരി അപ്പസ്തോലിക്കാ ആയിട്ടു വാഴുന്നതിനെ കൊണ്ടു ഉടയതമ്പുരാന്റെ തിരുമുഖം അപേക്ഷി ക്കുന്നവർ എല്ലാവർക്കും ഈ നമ്മുടെ അരൂപികട്ടെത്ത വേലയിൽ അ......തുണക്കാരും ഇവരായിരുന്നു. ബഹുമാനപ്പെട്ട പട്ടക്കാരുടെ കൈകളാലെ എത്രയും ഏററിക്കപ്പെട്ട ആഗ്രഹത്തോടുകൂടെ യാത്രയാക്കി പരസ്യപ്പെടുത്തുന്ന ഈ നമ്മുടെ കടലാസു കാണുന്നവർക്കും വായിക്കുന്നവർക്കും കേരംക്കുന്നവക്കും നമ്മുടെ കർത്താവു് ഈശോമിശിഹായിൽനിന്നു് വാഴ്‌വും നന്മയും നിരപ്പും. എന്നാൽ ശ്ലീഹാക്കുടുത്ത സിംഹാസനത്തിൽനിന്നും നമ്മെ കല്പിച്ചാക്കിയിരിക്കുന്ന ഇപ്പരിപാലനയിൽ ദിഷ്ടതി ആകപ്പെട്ട കാര്യങ്ങളിൽ തമ്പുരാന്റെ ഏററിക്കപ്പെട്ട സ്തുതിക്കും പള്ളി ഒക്കെയുടെ നിലയ്ക്കും നമസ്കാരത്തിലും അരൂപിക്കട്ടെത്ത വേലയിലും എടവിടാതെ അവരായി എന്നവരെപോലെയുള്ള മുട്ടിപ്പിനം ഇതിൽ പിന്നെ ശുദ്ധമാക്കപ്പെട്ട വേദം കൈക്കൊള്ളപ്പെട്ട എടങ്ങളിൽ ചുരുങ്ങപ്പെട്ട സ്ഥലങ്ങളിലും പല ആശ്രമങ്ങരം പുരുഷന്മാക്കും സ്ത്രീകാംകും ഉണ്ടായിരിക്കുംവണ്ണം പൂവ്വമായി വിശ്വസിക്കപ്പെട്ട നിങ്ങരംക്കും ഇതു വേണമെന്നു ശുദ്ധമാന പള്ളി യോടപേക്ഷിച്ചതെന്ത്യെ ഇതുവരേയും നടന്ന വരായ്കയാൽ ഈ കണ്ടുപഠിത്തവും വേലയും കൊണ്ടുള്ള ഫലം അനുഭവിക്കുന്ന

10) Ibid p. 18

തിന്ന പുരുഷരേയും, സ്ത്രീകളേയും തിരഞ്ഞെടുക്കണമെന്നുള്ള പഠിതം അവരുടെ ഇടത്തുതന്നെ അല്ല ഇതിന്ന് അന്തരം വന്നതു്. പിന്നെയൊ അരൂപിസ്സുടത്ത കൂടപ്പിറപ്പുകളായ പട്ടക്കാരുടെ എടത്തുകൂടെയും ഇതിന്ന മുതിരപ്പെട്ട ഒരു കൂട്ടം ഇവിടെ കണ്ടെത്തായ്കയാൽ ഉത്സാഹത്തിൽ നിന്ന എല്ലാററിനും ഒരു വാതിൽ തുറക്കപ്പെടുവാൻ ഇവരുടെ കൂട്ടത്തിനായിട്ട ഒരു പള്ളിയും അവിടെ വെണ്ടിയ പൊറുതിയിടങ്ങളും ഇതിൽ കൂട്ടന്നവരുടെ കഴിവിനുവേണ്ടിയ വകയും ഒരുത്തര ഇവരുടെ ശക്തിയാലും സഹായത്താലും കഴിയുന്നതല്ലായ്കകൊണ്ടും പലരിൽ നിന്നുള്ള കൊടുപ്പിൽ ഈ സാധിക്കുന്നതും ഞെരുക്കം എന്ത്യെനടപ്പുള്ളതായിരിസ്സുകൊണ്ടും മെടിക്കുന്നവനെക്കായിൽ കൊടുക്കുന്നവനു ഭാഗ്യം എന്നും ഇങ്ങനെയുള്ള കൊടുപ്പ ഇത്ര ഏററിസ്സപ്പെട്ട നന്മകരം ഇതിൽ അടങ്ങപ്പെട്ടിരിസ്സുകൊണ്ടും ഈ യാത്രയാക്കപ്പെട്ട പട്ടക്കാരുടെ കൈകളാൽ പള്ളിയിൽനിന്നും ജനങ്ങളിൽനിന്നും വാങ്ങിച്ച ഈ നിശ്ചയിക്കപ്പെട്ട ദെർശന വീടും അതിനുള്ള പള്ളിയും അതിൻെറ കഴിവിനുള്ള വകയും ഉണ്ടാക്കി മനസ്സാകപെട്ട പട്ടക്കാരെ അവിടെ പാർപ്പിച്ച ഈ ഭാഗ്യത്തിൻെറ വഴിതെളിസ്സണമെന്നും അതിന്ന വേണ്ടത്ര സഹായം ചെയ്യുന്നവക്ക് അവരാൽ അനുഭവിപ്പാനുള്ള ഭാഗ്യങ്ങരം പ്രത്യേകം ഈ മുതൽ കൊടുക്കുന്നവർക്കും ആകമാനമായിട്ട എല്ലാവർക്കും അറിവില്ലാത്ത വക കണ്ടുപഠിതം കൊടുപ്പാനും മനസാകപ്പെട്ടവരെ ചെർപ്പാനും ചെതറപ്പെട്ടവരെ കൂട്ടുവാനും പള്ളിയുടെ തെളിവിനും രാജിതങ്ങളുടേയും ലോകമതൊക്കെയുടേയും നിരപ്പിനും എന്നന്നേസ്സും അടുത്ത ആകാശ രാജിതത്തിന്ന വിളിക്കപ്പെട്ട ഇക്കൂട്ടത്താൽ ഒക്കയുടെ ഉടയവൻ തംപുരാനിൽ നിന്നു് മുഴവനാക്കപ്പെട്ടവരായി അതായത് ലോകകാര്യം ഒക്കയിൽനിന്നും അടങ്ങപ്പെട്ട ആത്മകാര്യത്തിൽ തന്നെ ഉത്സാഹിക്കപ്പെട്ടവരായി തിഞ്ഞെടുക്കപ്പെട്ട ഇവരുടെ വേലയാൽ കണ്ണു കാണപ്പെട്ട നന്മകളൊക്കെയും വരുന്നതിനെകൊണ്ടു ചെതറിച്ചു കൊടുക്കുന്ന അവൻെറ പുണ്യസുഖം നീക്കപ്പെട്ടതാകുന്നു എന്ന വണ്ണം ഇക്കാര്യത്തിനുവേണ്ടി ശക്തിപോലെയും ശക്തിയെക്കായിലേററവും ഗുണവതികാരങ്ങളിൽ എരിവുകാരരായ നിങ്ങരം ഏററിക്കപ്പെട്ട ഈ നന്മസ്സു് തെളിയപ്പെട്ട മനസാലേയും നീട്ടപ്പെട്ട കയ്യാലെയും പൊറുപ്പിനെ അകററുന്ന ഉപവിയാലെയും

ചുരുങ്ങപ്പെട്ടവർ വൈധവിയുടെ കാശുപോലെയും ഏററിസ്സ പ്പെട്ടവർ ഏറെ ഇട്ട സമ്പന്നരെപ്പോലെയും മനസോടുകൂടെ ഇക്കാര്യത്തിനു ശരീരത്തിനടുത്ത ഈ ദാനധമ്മത്തെ ചെയ്യ് അർപ്പിക്കടുത്ത വെളവുകളുടെ കററ കൊസ്സുകൊള്ളുകയും വേണം.

ഉടയതംപുരാൻെറ മനഗുണവും നമ്മുടെ വാഴവും ചെമ്മൊർത്തും നിങ്ങളുടെ മേലുണ്ടായിരിക്കട്ടെ. ഇത മിശിഹാ പിറന്നിട്ട 1829–ാം കാലം വൃശ്ചികമാസം 1–ാം തീയതി. EP Maurilius Epis Dolicinnis, interinus Vicarius Apostolicus Terrae Malabarium et Cochinni. നാം മൌറേലിയൂസ് ദൊലീസ്സാ എന്ന മെത്രാൻ ഇപ്പഴസ്സ ഇതിനുവേണ്ടി ഈ കടലാസ ഏല്പിച്ചിരിക്കുന്ന പാലസ്സൽ തോമ്മാ കത്തനാരുടെയും പോരുക്കര തോമ്മാ കത്തനാരുടെയും കയ്യിൽ കൊടുത്ത രൂപ 200.

EP Maurilius Epis Dolicinni [11]

ആ ധമ്മ കടലാസും 200 രൂപയും വാങ്ങി ദൈവത്തിൽ അഭയം പ്രാപിച്ച് സന്യാസഭവനത്തിന് പററിയ സ്ഥലം കണ്ടെത്തുവാൻ പിതാക്കന്മാർ ഇറങ്ങിത്തിരിച്ചു.

## ഡി. പിരിവും സ്ഥലാന്വേഷണവും

മെത്രാനച്ചൻെറ വാക്കുകളിൽ ദൈവേഷ്ടം കണ്ടുകൊണ്ട് അവർ അതിനായി പരിശ്രമിച്ചു. വളരെയധികം ആശങ്കകളോടുകൂടിയാണ് ആദ്യകാൽച്ചുവടുകറ വെച്ചതു്. ധർമ്മം ശേഖരിക്കുവാൻ പോയിരുന്നത് പ്രധാനമായും പോരുക്കരയച്ചനും പാലസ്സുലച്ചനും ആയിരുന്നു. അവർ നിരവധി ഇടവകകളിലും മററും കയറിയിറങ്ങി ധർമ്മം ശേഖരിച്ചു. ഈ ധർമ്മപിരിവിനെക്കുറിച്ച് ചാവറയച്ചൻ നാളാഗമത്തിൽ വിവരിക്കുന്നത് ഇപ്രകാരമാണ്:

തുലാമാസം ...ാം തീയതി കൊയിൽമുക്കുപള്ളിയിൽ പെരുന്നാറക്കായിട്ടും പത്തേന്തി കാണിച്ചു കിട്ടുന്നതിനെ വാങ്ങിപ്പാനായിട്ടും ഇവരിരുപെരുംകൂടെ അവിടെയ്ക്കു പോകുംവഴി കല്ലൂർക്കാട്ടു പള്ളിയിൽ കയറി. അവിടെ അന്നു നാരകത്ത്രയിൽ

11 ഫാ. പ്ലാത്തോട്ടം വലേരിയൻ, മലങ്കരസഭാമാതാവിൻെറ ഒരു വീരസന്താനം, മാന്നാനം, 1939 PP. 49-51.

ലൂക്കാകത്തനാരച്ചൻ വികാരിയായിട്ടു ഭരിച്ചുവരികയാൽ അദ്ദേഹത്തിനോടും ശേഷം പട്ടക്കാരോടും യോഗക്കാരോടും ഈയവസ്ഥ ബോധിപ്പിച്ച്, 200 രൂപയ്ക്ക് 1000 പറ നെല്ല് തരത്തക്കതിൻ വണ്ണം നിശ്ചയിച്ച വികാരിയച്ചന്റെ ഒപ്പും പത്തോന്തിയിൽ വച്ചുകൊടുത്തു. അവിടെനിന്നും കൊയിൽ മുക്കിനു ചെന്നു പെരുന്നാൾ കഴിഞ്ഞ അന്നവിടെ ഞങ്ങളുടെ മല്പാനച്ചന്റെ ശിഷ്യൻ തെക്കെടത്തു പീലിപ്പോസ കത്തനാരച്ചൻ വികാരിയായിരിക്കകൊണ്ട് അദ്ദേഹത്തിനോടും ശേഷം പേരോടും ഈ അവസ്ഥ ബോധിപ്പിച്ച പത്തോന്തിയും കാട്ടിയാറെ അവരെല്ലാവരുംകൂടി മനസ്സായി പള്ളിയിൽനിന്നും 400 രുപായിക്ക 10000 ചക്രം കൊടുക്കത്തക്കവണ്ണം നിശ്ചയിച്ച പൂട്ടും തുറന്നു. ചക്രം പതിനായിരവും കൊടുക്കയും ചെയ്തു. ആയതു വാങ്ങിക്കൊണ്ട് പള്ളിപ്പുറത്തു വന്ന അച്ചൻ അവിടെ പാക്കുകയും പോരുക്കരയച്ചൻ ബ. മെത്രാനച്ചന്റെ അടുക്കൽ പോകയും ചെയ്തു. [12]

ഇങ്ങനെയിരിക്കയിൽ എവിടെ സന്യാസഭവനം പണിയണമെന്നതായി മറെറാരു പ്രശ്നം. എങ്ങിനെയുള്ള സ്ഥലമായിരിക്കണമെന്നുള്ള പിതാക്കന്മാരുടെ ആഗ്രഹത്തെക്കുറിച്ച് ബ്ര. യാക്കോബും പറയുന്നതു ശ്രദ്ധേയമാണ്:

തോമ്മാച്ചന്മാർ ഇരുവരും ആലോചിച്ച് നമുക്കു് സ്ഥലം നോക്കുന്നതിനു പുറപ്പെടണമെന്നും പള്ളിപ്പുറത്തു സെമിനാരിയിൽ ചൊല്ലിക്കൊടുപ്പാൻ ചാവറശെമ്മാശനെ ഏൽപ്പിക്കണമെന്നും പെ. ബ. മെത്രാനച്ചന്റെ അടുക്കൽ മങ്ങലത്തു ചാണ്ടികത്തനാരച്ചനെ ആക്കാമെന്നും പോരുക്കരയച്ചൻ പറയുകയും അതിൻവണ്ണം ചട്ടംകെട്ടികൊണ്ടു പോരുക്കരയച്ചനും തോമ്മാച്ചനും യാക്കോബും കൂടെ പുറപ്പെടുകയും ചെയ്തു. അപ്പോൾ സ്ഥലത്തിന്റെ പ്രകാരം കല്പിച്ചതു ഓരു വരാത്തിടവും വെള്ളം ചെല്ലുന്നിടവും മലമ്പിക്കായിരിക്കയും ഒരു തുറമുഖവും അടുക്കൽ ഉണ്ടായിരിക്കണം. ഇതിൻവണ്ണം ലക്ഷണമുള്ള ഇടം ആയിരിക്കണമെന്നു കല്പിച്ചിരുന്നു. [13]

---

12. അറിയപ്പെടാത്ത കർമ്മയോഗി p 21
13. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, Vol. 1 നാളാഗമങ്ങൾ, കാരിക്കാമുറി. 1985 2nd. ed. pp 3-4

സന്യാസാശ്രമ സ്ഥാപനത്തിനുള്ള ധർമ്മശേഖരാർത്ഥം ഈ പിതാക്കന്മാർ നിരവധി പള്ളികളെ സമീപിക്കുകയുണ്ടായി. അവരെല്ലാവരും വളരെയധികം സ്നേഹത്തോടും താല്പര്യത്തോടുംകൂടിയാണ് അച്ചന്മാരെ സ്വീകരിച്ചിരുന്നത്. അവർക്കെല്ലാം നല്ല പ്രോത്സാഹനം നൽകുമാറ് ഓരോ ഇടവകക്കാരും അവരുടെ കഴിവിനൊത്തു സഹായിക്കുകയും, സഹായ വാഗ്ദാനങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരുന്നു. കണിയാന്തറയുടെ വാക്കുകളിൽനിന്നും അതു് വ്യക്തമാകുന്നുണ്ട്.

...... എടത്വാ പള്ളിയിൽ മേടമാസത്തിൽ പെരുന്നാൾ ഘോഷമാകകൊണ്ടു് പള്ളിപ്പുറത്തു തോമ്മാച്ചനും പോരൂക്കരെ തോമ്മാച്ചനും യാക്കോബും കൂടെ പോകയും അവിടെ ചെന്ന് പെരുന്നാളിനു് പടാത്ഥയും പറഞ്ഞുകഴിഞ്ഞു് എല്ലാവരും കൂടി ധർമ്മകടലാസു് വായിക്കുകയും അപ്പോൾ എല്ലാവരും സന്തോഷമായിട്ട അപ്പോൾതന്നെ എല്ലാവരുംകൂടി നിശ്ചയിച്ചു് 400 രൂപ എഴതി ഒപ്പുവെച്ചു 10,000 ചക്രം എണ്ണി തരുകയും ചെയ്തു. ആയതു വാങ്ങിച്ചുകൊണ്ടുവരുന്ന വഴി തന്നെ പോരൂക്കരെയച്ചന്റെ ഇടവക കല്ലൂർക്കാട്ടു കാണിച്ചാറെ അവരും 200 രൂപാ എഴതി ഒപ്പിട്ടുതരികയും രൂപാ പിന്നീടു തന്നുകൊള്ളാമെന്നും പറഞ്ഞു...... [14]

അടുത്തപ്രശ്നം സ്ഥലാന്വേഷണമാണ്. ലോകത്തിന്റെ വലിയ ബഹളങ്ങളിൽനിന്നും അകന്ന്, പ്രാർത്ഥനാ ജീവിതം നയിക്കുന്നതിന് സാധിച്ചേക്കാവുന്ന ഒരു സ്ഥലം കണ്ടെത്തുകയായിരുന്നു അവരുടെ ആഗ്രഹം. പലരും സ്ഥലം നൽകാമെന്നു വാഗ്ദാനം ചെയ്തിരുന്നെങ്കിലും, പിതാക്കന്മാർക്ക് അതൊന്നും ഇഷ്ടപ്പെടുകയുണ്ടായില്ല. അവരുടെ സ്ഥലാന്വേഷണത്തെക്കുറിച്ച് ചാവറയച്ചൻ വിവരിക്കുന്നതു് ശ്രദ്ധേയമാണ്:

ദർശനവീടിനു് സ്ഥലം കാണണമെന്നും നിശ്ചയിച്ച ഞങ്ങളുടെ മല്പാനച്ചനും പോരൂക്കരയച്ചനും അദ്ദേഹത്തിന്നു ഒരു വാലിഭക്കാരനായിട്ടു കല്ലൂർക്കാട്ടു ഇടവകക്കാരൻ കണിയാന്ത്ര യാക്കോയെന്ന പെരുവിളിക്കപ്പെട്ട ഒരു പൈതൽ അദ്ദേഹത്തിനോടുകൂടെ ... പള്ളിപ്പുറത്തു ഇടവകയിൽ കല്ലുങ്കൽ എന്ന

14. അറിയപ്പെടാത്ത കർമ്മയോഗി p. 20

വീട്ടിൽ ഇട്ടിയയിപ്പ്‌ എന്നയാളും മുമ്പിനാൽ ഞങ്ങളുടെ മല്പാനച്ചൻെറ മാൽപാനായിരിക്കുന്നതിനാൽ തച്ചിൽ അവു റാഹം മൽപ്പാനദ്‌ കൊല്ലാ ഹെന്തോ* എന്നു പേരു വിളിക്കപ്പെട്ട ദെഹം പള്ളിപ്പുറത്തു പഠിപ്പിച്ചു പാർത്തിരുന്നു. അന്നു ആ ദെഹത്തിൻെറ കൂടെ പലവഴിയും നടന്നറിഞ്ഞിരിക്കുന്നു എന്ന ഈഴവ പരുഷയിലുള്ള ഇട്ടൻ എന്നവനും ഇവരെല്ലാവരുംകൂടെ പുറപ്പെട്ട ഇത്തിപ്പുഴ ആററിൻവഴി പോയി വെട്ടിക്കാട്ടുമുക്കും കടന്നു്‌ ആ പ്രദേശങ്ങളൊക്കെയും തീരത്തവിടെ നിന്നും കടനാട്ടിപാറയെന്നു ചൊല്ലുന്ന യൊഖ്യപ്പെട്ട സ്ഥലവും കടന്നു മുളക്കുളത്തു ചെന്നു അവിടെയും തിരഞ്ഞാറെ മനസ്സിണങ്ങിയതിൽ ഒരിടവും കണ്ടില്ലാ. പിന്നെത്തെതിൽ ആയിടത്തിൽ പെരിയപ്പുറത്തു മാത്തൻ എന്ന ഒരു ഗൃഹസ്ഥൻ ഉണ്ടായിരുന്നു. ഈ വർത്തമാനം അയാൾ കെട്ടാറെ പെരികെ സന്തോഷിച്ചു ഇവരെ കൂട്ടികൊണ്ടുചെന്ന യാവനെയും കൊടുത്ത ആയിടവകയിൽ പുത്തൻകൂററുകാരും പഴെക്കൂററുകാരും ഒരുമിച്ചു നടക്കയിൽ വെർവിട്ട പള്ളി വെയ്‌ക്കണമെന്നും നിശ്ചയിച്ചു ഒരു കുന്നുംപുറം മുതലാളനോട്‌ എഴുതി വാങ്ങിച്ചിരുന്നു. ആയതു തന്നെയിവർക്കു കൊടുക്കാമെന്നും പറഞ്ഞു്‌ അവിടെ കൊണ്ടുചെന്നു കാട്ടുകയും ചെയ്‌തു. ആയതു കൊണ്ടാറെ വീതി വിസ്താരത്തിൻെറ ചുരുക്കംകൊണ്ടും കടനാട്ടിപാറയെന്നുള്ള യൊഖ്യം കൊണ്ടും ഏറെതന്നെ തെളിഞ്ഞില്ല എന്നുവരികിലും ഇതിൽ നന്നായിട്ടു കണ്ടെത്തിയില്ലെങ്കിൽ ഇതുതന്നെ വേണമെന്നും ഇങ്ങനെ മനസ്സിലിരിക്കയാൽ ഒന്നും പരിചേതിക്കാതെ കിട്ടിയാൽ കൊള്ളാമെന്നും ഇങ്ങനെ പറഞ്ഞുകൊണ്ടു അവിടെ നിന്നും യാത്ര പുറപ്പെട്ടു. [15]

പോരുക്കരയച്ചൻ, പാലക്കുലച്ചൻ, കണിയാന്തറ, പള്ളിപ്പുറത്തുകാരൻ കല്ലുങ്കൽ ഇട്ടിയപ്പ്‌, ഇട്ടൻ എന്ന ഈഴവൻ എന്നിവരടങ്ങുന്ന സംഘം വഞ്ചിവഴി പലയിടങ്ങളും നോക്കിക്കാണുകയുണ്ടായി. എന്നാൽ അവരുടെ ആഗ്രഹത്തിനും ഭാവനയ്ക്കും ഒത്തിണങ്ങിയ ഒരിടവും കണ്ടെത്താൻ കഴിഞ്ഞില്ല. അവരുടെ താല്പര്യം അറിയുവാൻ ഇടയായ പെരിയപ്പുറത്തു മാത്തൻ എന്നൊരാൾ ഒരു സ്ഥലം കാണി

*. സുറിയാനി: ഇന്ത്യമുഴവൻെറയും മല്പാൻ എന്നർത്ഥം

15. നാളാഗമം pp 7–8

ച്ചുകൊടുത്തു. ആ സ്ഥലവും മുഴുവൻ തൃപ്തികരമായി തോന്നിയില്ലെങ്കിലും വേറെ നല്ല സ്ഥലം കണ്ടില്ലെങ്കിൽ ഇതുതന്നെ എടുക്കാമെന്നു് പറഞ്ഞു് അവർ അവിടെ നിന്നും പോന്നു. പിന്നെയും അവർ തങ്ങളുടെ അന്വേഷണ പരിപാടി തുടർന്നുകൊണ്ടിരുന്നു.

വളരെയധികം സ്ഥലങ്ങൾ സന്ദർശിച്ചെങ്കിലും, ഇനിയും നല്ലൊരു സ്ഥലം കണ്ടെത്തുവാൻ കഴിയാതിരുന്നതു കൊണ്ടു് തല്കാലം അവരോരോരുത്തരും തങ്ങളുടെ ജോലികളിൽ തുടർന്നു. എങ്കിലും മെത്രാനച്ചനിൽ നിന്നും ഇടവകക്കാരിൽ നിന്നും പണം വാങ്ങിയിരുന്നതു കൊണ്ടു് ഒരു ഇടവേളയ്ക്കുശേഷം അവർ വീണ്ടും സ്ഥലാന്വേഷണം തുടരുകയും, പാലയ്ക്കലച്ചന്റെ ഒരു ശിഷ്യനും ബന്ധുവുമായിരുന്ന മംഗലത്തു ചാണ്ടിയച്ചൻ ഈ അന്വേഷണ സംഘത്തോടുകൂടി പുറപ്പെടുകയും ചെയ്തു. അവർ വെട്ടിക്കാട്ടുമുക്കിനും മെക്കടന്നാട്ടിപ്പാറെയ്ക്കും താഴെയുള്ള ഒരു കുന്നു കാണുകയാൽ അവിടെ കയറി അന്വേഷിച്ചു. ആ സ്ഥലം നന്നായി തോന്നിയെങ്കിലും വഞ്ചി അടുക്കാൻ പ്രയാസമുള്ളതുകൊണ്ടു് അവിടെയും വേണ്ടെന്നു വച്ചു.

ഇങ്ങനെ വളരെ താല്പര്യത്തോടുകൂടി സ്ഥലാന്വേഷണം നടന്നുകൊണ്ടിരിക്കവെ, ബ. പാലയ്ക്കലച്ചൻ വാതം പിടിപെട്ടു് കിടപ്പിലായി. ഏകദേശം ഒരു മാസത്തോളം ദിവ്യബലിപോലും അർപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. കുറച്ചുകാലത്തെ ചികിത്സയ്ക്കും വിശ്രമത്തിനും ശേഷം കുറെയൊക്കെ ഭേദമായി. ഈയവസരത്തിൽ ആശ്രമസ്ഥാപനത്തിനു പററിയ ഇടമുണ്ടെന്നു് പറഞ്ഞു് പലരും എഴുത്തും ആളുകളേയും അയയ്ക്കുകയുണ്ടായി. ഈ സ്ഥലങ്ങൾ കണ്ടു് മനസ്സിലാക്കുന്നതിനു് പോരൂക്കരയച്ചനും പാലയ്ക്കലച്ചനും കൂടി പോയിരുന്നെങ്കിലും, സ്ഥലസൗകര്യവും വെള്ളസൗകര്യവും ഒത്തിണങ്ങിയ ഒരു സ്ഥലവും കണ്ടെത്താനായില്ല. പ്രസ്തുത സംഭവങ്ങളെക്കുറിച്ചു് ചാവറയച്ചൻ രേഖപ്പെടുത്തുന്നു:

> അങ്ങനെയിരിക്കയിൽ ഞങ്ങളുടെ മല്പാനച്ചനും വാതത്തിന്റെ ദീനം വന്നു വിഷമിച്ചു കിടപ്പിലായി. ഒരു മാസത്തോളം കുർബ്ബാന ചൊല്ലാതെയും അരക്കുടെ തളർന്നു പോകയാൽ കാലു് അനക്കുവാൻ വഹിയാതെയും കിടപ്പിലായിപ്പോയി. അപ്പോൾ ഞാൻ കുർബ്ബാനചൊല്ലി എന്റെ ഇടവകയാകുന്ന ചേന്നങ്കരി പള്ളിയിൽ പാത്തിരുന്നു. കുറെനാൾ ചടപ്പുകേട്ടു്

പള്ളിപ്പുറത്തു വന്നപ്പോഠം വടകരക്കാരൻ ചിറതലെ ആഗ്ഗസ്തീനൊസു കത്തനാരച്ചൻ കുർബ്ബാന പട്ടമേററ പുത്തൻ കുർബ്ബാന ചൊല്ലുവാൻ, ഞങ്ങളുടെ അച്ചൻെറ ശിഷ്യനാകയാൽ അച്ചനെ വല്ല പ്രകാരത്തിലും കൊണ്ടുപോകണമെന്നുള്ള ദാഹത്താൽ പറഞ്ഞപ്പോഠം ഈ ദേഹത്തിൻെറ ആഗ്രഹം പോലെ ദൈവസഹായത്താൽ ചടപ്പിനു കുറെ ആശ്വാസമായി ഞങ്ങഠം സിമ്മിനാരിക്കാരുമായി പുത്തൻ കുർബ്ബാനയ്ക്കു പോയി...... ഞങ്ങഠം അവിടെ നിന്നും ആററിനക്കരെ കടന്നു പല മലകളും കുന്നുകളും കയറി ഏകദേശം ഉച്ചതിരിഞ്ഞപ്പോഠം കൂട്ടത്തിൽ വരികയും അവിടെ നിന്നു ഞങ്ങഠം പള്ളിപ്പുറത്തു വരികയും ചെയ്തു. ഈയിടങ്ങളും നല്ലവണ്ണം തെളിഞ്ഞില്ല. ഇങ്ങനെയിരിക്കയിൽ അതിരമ്പുഴയ്ക്കു കിഴക്കു് പള്ളിക്കുന്നെന്നും വേദഗിരിയെന്ന ഒരിടമുണ്ടെന്നും അതിരമ്പുഴഇടവകക്കാരൻ വലിയപറമ്പിൽ തോമ്മാകത്തനാരച്ചൻ ഒരെഴുത്തും കൊട്ടയകത്തൊരിടമുണ്ടെന്നും ആ പള്ളിയുടെ വികാരിയായിരിക്കുന്നതു ഉതുപ്പാൻ കത്തനാരച്ചനെന്ന ദേഹം ഒരെഴുത്തും ഇങ്ങനെ ഈ എഴുത്തുകഠം വരികയാൽ ആ സ്ഥലങ്ങഠം കാണ്മാനായിട്ടു ഞങ്ങളുടെ അച്ചനും പോരൂക്കര അച്ചനും കൂടെപ്പോയി. ആയിടങ്ങഠം കണ്ടാലെ വെള്ള സൌഖ്യമുള്ളടത്തു സ്ഥല സൌഖ്യക്കേടും സ്ഥലസൌഖ്യമുള്ളടത്തു വെള്ള സൌഖ്യക്കേടും ഇങ്ങനെ അകയാൽ ആയിടങ്ങളും നല്ലതിൻ വണ്ണം തെളിഞ്ഞില്ല.[16]

## മതസൗഹാർദ്ദം

മതസൗഹാർദ്ദം നഷ്ടപ്പെടാതിരിക്കുവാൻ നമ്മുടെ ഈ പിതാക്കൻമാർ വളരെയധികം മുൻകരുതലോടുകൂടി പ്രവർത്തിച്ചിട്ടുണ്ടെന്നു് ചരിത്രത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിയും. ആശ്രമസ്ഥാപനത്തിനു് സ്ഥലം തിരക്കി, ഒരിക്കൽ കുടമാളൂർ പുഴയിൽക്കൂടി വരുന്നയവസരത്തിൽ കുടമാളൂർ പള്ളിക്കു കിഴക്കു വശത്തായി ഒരു ഉയർന്ന കുന്നു കണ്ടു. അവിടെ കയറി കണ്ടപ്പോഠം അതു് എല്ലാം കൊണ്ടും പററിയ സ്ഥലമായിരുന്നതു കൊണ്ടും പലയിടങ്ങളിലും അന്വേഷിച്ചു് കിട്ടാതിരിക്കയാലും അതു തന്നെ തിരഞ്ഞെടുക്കാ

16. I bid pp 10-11

മെന്നു് തീരുമാനിച്ചു് അവർ കുടമാളൂർ പള്ളി ഇടവകക്കാരനായ കരിമ്പുമാലിൽ വക്കിയച്ചൻെറ സഹായം തേടി. പുല്പരിക്കുന്നു് എന്നു പേരുള്ള ഈ സ്ഥലം കൊള്ളാമെന്നതു കൊണ്ടു് അതു് അദ്ദേഹത്തിൻെറ പേരിൽ പണ്ടാരവകയായി പതിപ്പിക്കണമെന്നു് നിർദ്ദേശിച്ചിട്ടു് അവർ അവിടെ നിന്നും പോന്നു. ഈ കാര്യങ്ങളെല്ലാം പെ. ബ. മെത്രാനച്ചനെ അറിയിക്കുകയും ചെയ്തു. സർക്കാരിൽ നിന്നും അനുവാദം കിട്ടുന്നതിനുവേണ്ടി മെത്രാനച്ചൻെറ ഒരു അപേക്ഷയും കൊണ്ടു് പോരുക്കരയച്ചൻ തന്നെ പോകുവാൻ തീരുമാനിച്ചു. സക്കാർ മേലുദ്യോഗസ്ഥൻെറ ആളുകളും ദിവാൻജിയുടെ റെജിസ്ട്രാരും തമ്മിൽ സ്നേഹവും അടുപ്പവും ആയിരുന്നതിനാലും അതിനേക്കാളുപരി ദൈവ സഹായത്താലും പുല്പരിക്കുന്നിൽ പള്ളി വെയ്ക്കുന്നതിനു് ആക്കെങ്കിലും വിരോധമുണ്ടോയെന്നു് അന്വേഷിക്കുന്നതിനുള്ള ഉത്തരവു് ഉടനെ തന്നെ ലഭിക്കുന്നതിനിടയായി. എന്നാൽ പള്ളി വെയ്ക്കുന്നതിനെക്കുറിച്ചു് അന്വേഷിച്ചപ്പോഠം അവിടെ ഭഗവതിയുടെ സങ്കേതമായതുകൊണ്ടു് നാട്ടുകാർ എതിപ്പ് പ്രകടിപ്പിച്ചു. ചാവറയച്ചൻ വിവരിക്കുന്നു:

> അവിടെ ഞങ്ങളുടെ അച്ചൻെറ ശിഷ്യൻ ആയ കൊച്ചുപുരയ്ക്കൽ യാക്കോ കത്തനാരച്ചൻെറ ജ്യേഷ്ഠൻ ഈപ്പൻ മാപ്പിള എന്ന ആഠം സകശീൽദാരുമായിട്ടു മുകമുണ്ടാകകൊണ്ടു ഇയ്യാളെകൊണ്ടും ഇങ്ങനെ പല സഹായത്താൽ സാധിക്കാമെന്നും വച്ചു... മേലെഴുതിയ മുതൽ പിടിക്കാരൻെറ നടുവത്തത്താൽ ഉത്തരവും കൊടുത്ത അപ്രകാരം കരക്കാർക്കു ചീട്ടും എഴുതിവരുത്തി വിജാരണ ചെയിതാറെ മേലെഴുതിയ പുല്പരിക്കുന്നുമ്പുറം കുമാരനല്ലൂർ ഭവതിയുടെ സംഗേതമാകകൊണ്ടും ഊരാണ്മക്കാർക്കു് സമ്മതമല്ലായ്കയാൽ അവിടെ പള്ളി വെയ്ക്കേണ്ടതിനു ഞങ്ങഠം അനുവദിക്കയില്ലെന്നും സങ്കടമുണ്ടെന്നും കച്ചീട്ടു വച്ചതിൻെറ ശേഷം കൊറെ പരാധീനമാകുന്നു അവിടെ സാധിപ്പാൻ എന്നതുകൊണ്ടിവർക്കു മനംമടുപ്പായി. അപ്പോഠം ഏററുമാന്നൂർ ഒജനാരുമെത്തരം എന്നുള്ള വല്യ കച്ചവടക്കാരനും പിന്നെയും പലരും ഞങ്ങഠം നടത്തിത്തരാം പിന്നെ കുറെ ബുദ്ധിമുട്ടി കാര്യം പറയേണ്ടിവരുമെന്നും ആയതു കഴിയുമെങ്കിൽ ഇപ്പോഠം

കാര്യം നടത്താമെന്നും പറഞ്ഞാറെ ഞങ്ങൾക്ക വഴക്കിനു മനസ്സില്ലായെന്നും വല്ലടത്തുമായാലും വേണ്ടതില്ലായെന്നും പറഞ്ഞു. [17]

## 7. മാന്നാനം കുന്നിൽ

ഇതരമതക്കാരുമായി വഴക്കുണ്ടാക്കുവാൻ ഇഷ്ടമില്ലാതെ പിതാക്കന്മാർ മന:പൂർവ്വം പുല്ലരിക്കുന്നു് വേണ്ടന്നുവച്ചു് പഴയതുപോലെ വീണ്ടും സ്ഥലാന്വേഷണം തുടങ്ങി. ഇങ്ങനെ ഒരു സ്ഥലവും കിട്ടാതെ വിഷമിച്ചിരിക്കുമ്പോൾ തയ്യിൽ തരകനോടും അയാളുടെ അനുജൻ കൊച്ചുപോത്തൻ മാപ്പിളയോടും ഈ കാര്യങ്ങളെക്കുറിച്ചു് പറഞ്ഞാൽ എന്തെങ്കിലും ചെയ്തുതരുമെന്നു് അറിഞ്ഞു. അന്നുതന്നെ അവരുടെ വീട്ടിൽവന്നു് ഈ സംഗതികളെക്കുറിച്ചു് പറഞ്ഞപ്പോൾ അച്ചന്മാരു് എങ്ങും പോകേണ്ടതില്ലന്നും അവരുടെ ഒരു കുന്നുംപുറം ഇതിനു് പററിയ സ്ഥലമാണെന്നും അവർ പറഞ്ഞു. ആ കുന്നുംപുറം കയറി കണ്ടപ്പോൾ അതു് ഇഷ്ടപ്പെടുകയും അതുതന്നെ വാങ്ങാമെന്നു് തീരുമാനിച്ചു് അവർ തിരിച്ചുപോരുകയും ചെയ്തു. ബ. വർക്കിയച്ചൻ പുല്ലരിക്കുന്നു് അദ്ദേഹത്തിൻെറ പേരിൽ പതിപ്പിച്ചിട്ടിരിക്കുകയായിരുന്നതുകൊണ്ടു് ഈ കാര്യങ്ങളെല്ലാം അദ്ദേഹത്തോടു പറയാതിരുന്നാൽ അച്ചനു് വിഷമമാകുമെന്നതുകൊണ്ടു് അന്നുതന്നെ പോരൂക്കരയച്ചനെ ചെന്നു് എല്ലാ വിവരങ്ങളും അറിയിച്ചു. അപ്പോൾ, ആലോചിച്ചിട്ടു് മറുപടിപറയാമെന്നും അദ്ദേഹം പറഞ്ഞു. പുല്ലരിക്കുന്നിൽ പള്ളിവെയ്ക്കുന്നതിൻെറ തടസ്സത്തെക്കുറിച്ചും മാന്നാനംകുന്നു് ഇഷ്ടപ്പെട്ടതിനാൽ അതു് വാങ്ങണമെന്നുള്ള അവരുടെ ആഗ്രഹത്തെക്കുറിച്ചും മെത്രാനച്ചനെ ബോധിപ്പിച്ചപ്പോൾ എല്ലാം കൊണ്ടും നന്നായിട്ടുള്ള ഒരു സ്ഥലം തിരഞ്ഞെടുക്കണമെന്നു് അദ്ദേഹം കല്പിക്കുകയും ചെയ്തു. നേരത്തെ പുല്ലരിക്കുന്നിനു ലഭിച്ച ഉത്തരവുതന്നെ മാന്നാനംകുന്നിനു് ഉപയോഗിച്ചുകൊണ്ടു് അവിടെ പള്ളിയും കൊവേന്തയും വെയ്ക്കുന്നതിനു് നാട്ടുകാർക്കു് എതിർപ്പുണ്ടോയെന്നു് അന്വേഷിച്ചു. തയ്യിൽ തരകൻേറയും അയാളുടെ അനുജൻ കൊച്ചുപോത്തൻ മാപ്പിളയുടേയും സഹായം കൈപ്പററി കിടക്കുന്നവരായിരുന്നു അവിടെയുള്ള ജനങ്ങളെല്ലാം. അതിനാൽ ഇവരുടെ സ്വാധീനംകൊണ്ടു് അന്നാട്ടിലെ ജനങ്ങളെ ഇക്കാര്യത്തിനു സമ്മതിപ്പിക്കുവാൻ പ്രയാസമുണ്ടായില്ല.

---

17 Ibid p. 15

ഗവൺമെൻറിൽനിന്നും അനുവാദം കിട്ടുന്നതിനു് കൊല്ലത്തു് പോകേണ്ടിയിരുന്നു. അവിടേയ്ക്കു് പോകുന്നതിനുമുമ്പു് പോരൂക്കരെയച്ചനും, പാലയ്ക്കലച്ചനും, ചാവറയച്ചനുംകൂടി മാന്നാനംകുന്നിൽ കയറി കാണുവാൻ തുനിഞ്ഞെങ്കിലും കാടിന്റെ ആധിക്യംകൊണ്ടു് ഒരു പരിധിവരെ മാത്രമെ സാധിച്ചുള്ളൂ. എങ്കിലും അതിന്റെ ഉയർച്ചയും, വിസ്താരവും, കാലാവസ്ഥയും കണ്ടപ്പോൾ മുമ്പുകണ്ട സ്ഥലങ്ങളെക്കാളൊക്കെ നല്ലതു് അതുതന്നെയാണെന്നു് അവർക്കു് തോന്നി. പിന്നീടു് പോരൂക്കരയച്ചൻ തരകന്റെ വള്ളവും കുത്തുകാരനേയും കൂട്ടി കൊല്ലത്തേക്കു് പോവുകയും ചെയ്തു. അദ്ദേഹം തങ്കശ്ശേരി പള്ളിയിൽ താമസിച്ചുകൊണ്ടു് അവിടെനിന്നും ഒരാളുടെ കൈവശം തകസീൽദാർക്കു് ഒരപേക്ഷ കൊടുത്തയച്ചു. ദൈവസഹായത്താലും റെജിസ്ട്രാരുടെ ശുപാർശ വഴിയും ഏററുമാന്നൂർ തഹസീൽദാരിൽ നിന്നും കിട്ടിയ ഉത്തരവുംകൊണ്ടു് പോരൂക്കരെയച്ചൻ അത്തുങ്കൽ വന്നു. ഈയവസരത്തിലാകട്ടെ, പാലയ്ക്കലച്ചനു് അിരമ്പുഴെ താമസിച്ചതിനാൽ സുഖമില്ലാതായതിനെത്തുടർന്നു് അദ്ദേഹം പള്ളിപ്പുറത്തേയ്ക്കു് വന്നിട്ടുണ്ടായിരുന്നു. ദൈവം നല്കിയ സഹായങ്ങൾക്കു് നന്ദിപറഞ്ഞുകൊണ്ടു് അവരെല്ലാവരുംകൂടി ഒരു പാട്ടുകുർബ്ബാന ചൊല്ലുകയും പിന്നീടു് പോരൂക്കരയച്ചൻ അതിരമ്പുഴയ്ക്കു് പോവുകയും ചെയ്തു.

പോരൂക്കരയച്ചൻ ഈ കാര്യസാദ്ധ്യത്തിനായി പല കുർബ്ബാനകൾ ചൊല്ലുകയും കുറെപേരെക്കൊണ്ടു് ചൊല്ലിക്കുകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം അതിരമ്പുഴെനിന്നും 1830 മീനമാസം 30-ാം തീയതി, പെസഹാബുധനാഴ്ച മാന്നാനംകുന്നിൽ കയറി പുലയരെ കൊണ്ടു് കാടു് വെട്ടിതെളിക്കുവാൻ ആരംഭിച്ചു. പിറെറദിവസം പെസഹാവ്യാഴവും പിന്നെ വലിയ ദിവസങ്ങളും ആയതിനാൽ, ഉയിർപ്പു തിരുനാളിനുശേഷം വീണ്ടും കാടു തെളിക്കൽ ആരംഭിക്കാമെന്നു് തീരുമാനിച്ചു് അവർ പിരിഞ്ഞു. തിങ്കളാഴ്ച മുതൽ വീണ്ടും പണി ആരംഭിക്കുകയും ചെയ്തു.

കൂടുതൽ സൗകര്യത്തിനുവേണ്ടി മാന്നാനംകുന്നിൽ എങ്ങനെയെങ്കിലും ഒരു ഓലപ്പുരയുണ്ടാക്കി അതിൽ ദിവ്യബലി അർപ്പിച്ചു് തുടങ്ങണമെന്നായിരുന്നു അച്ചന്മാരുടെ ആഗ്രഹം. കാരണം ഓരോ ദിവസവും അതിരമ്പുഴെ ചെന്നു് ദിവ്യബലി അർപ്പിച്ചു് പിന്നെ മാന്നാനത്തുവന്നു് ജോലികൾ ചെയ്യുക എന്നതു് അത്ര എളുപ്പമായി

രുന്നില്ല. മാത്രമല്ല, കല്ലുകൊണ്ടു് ഒരു പള്ളിയുണ്ടാക്കുക എന്നതും അന്നത്തെ സാഹചര്യത്തിൽ വളരെ പ്രയാസവുമായിരുന്നു. അതിനാണെങ്കിൽ ഒത്തിരി കാലത്തെ താമസവുമുണ്ടാകും. എന്നാൽ അവരുടെ ഈ ആഗ്രഹത്തോടു് മെത്രാനച്ചൻ അനുകൂലിക്കുകയല്ല ചെയ്തതു്. അദ്ദേഹത്തിൻെറ ആശയം മറെറാന്നായിരുന്നു. നാളാഗമം വിവരിക്കുന്നതു് ഇപ്രകാരമാണു്:

അപ്പോൾ ബ. അച്ചനു് അത്തുങ്കൽ പാൎത്തിട്ടു സുഖക്കേടാക കൊണ്ടു കുടമാളൂർ വന്നു പാൎക്കണമെന്നു നിശ്ചയിച്ചു അവിടെ വന്നുപാൎത്തു. ആയതുകൊണ്ടു വേഗത്തിൽ ഈയിടം വെട്ടിത്തെളിച്ചു് ഒരു കുരിശുപുര കെട്ടിച്ചു ബ. അച്ചനെകൊണ്ടു അനുവാദവും വാങ്ങിച്ചു് കുർബ്ബാന ചെല്ലണമെന്നും ആയതല്ലാഞ്ഞാൽ അതിരമ്പുഴെ ചെന്നു കുർബ്ബാനയും ചൊല്ലി ഇവിടെവന്നു പാൎത്ത വെലെയെടുപ്പാൻ കഴിഞ്ഞുവരുന്നതല്ല. എററവും ബുദ്ധിമുട്ടു തന്നെയെന്നും ആയതുകൊണ്ടു അച്ചൻ വന്നു ആയവസ്ഥ ബ. അച്ചനെ ബോധിപ്പിച്ചു് അനുവാദവും വാങ്ങിക്കെണ്ടുന്നതിന്ന വേഗത്തിൽ വരണമെന്നും എന്നൊടു പറഞ്ഞാറെ പ്രകാരം അച്ചൻ വന്നു ബോധിപ്പിച്ചപ്പോൾ കുത്തിമറച്ചു് കുർബ്ബാന ചൊല്ലിയെന്നാൽ പിന്നത്തെതിൽ ഉദാത്തയും വെടിപ്പുകെടും ആയി തീരുമെന്നതുകൊണ്ടു എത്രയും വെഗത്തിൽ ചെറുതായിട്ടൊരു കുരിശുപുര കല്ലുകൊണ്ടുതന്നെ തീർക്കണമെന്നും കല്പിച്ച പ്രകാരം നിശ്ചയിച്ച വേല ചെയ്തുതുടങ്ങി ......... [18]

പാലയ്ക്കലച്ചനു് ക്ഷീണമായിരുന്നതുകൊണ്ടു്, മലയിൽ വന്നു താമസിക്കുവാനും അവിടെനിന്നു് അതിരമ്പുഴെ ചെന്നു് കുർബാന ചൊല്ലി തിരിച്ചുവന്നു് ജോലികൾ നടത്തിക്കുവാനും പ്രയാസമായതുകൊണ്ടു് അദ്ദേഹം പള്ളിപ്പുറത്തുതന്നെയാണു് താമസിച്ചിരുന്നതു്. പോരൂക്കരയച്ചനാകട്ടെ ചെലവിനുവേണ്ടി നെല്ലു് വാങ്ങികൊണ്ടുവരുവാനും മാന്നാനത്തു് പള്ളി വയ്ക്കുന്നതിനു വേണ്ടിയുള്ള അനുവാദത്തിൻെറ കാര്യങ്ങൾക്കുംവേണ്ടി ഓടിനടക്കുകയായിരുന്നു. ഈയവസരത്തിൽ കാടു് തെളിക്കുവാനും മററും ആയി ചാവറയച്ചൻ മന്നാനത്തു വന്നു് താമസമാക്കി.

മന്നാനംകുന്നിൽ പള്ളി വയ്ക്കുന്നതിനു് സർക്കാരിൻെറ ഉത്തരവു് ഇനിയും ലഭിച്ചിട്ടില്ല. അതിനുവേണ്ടി എല്ലാവരും വളരെയധികം

---

18 Ibid P. 20

ബുദ്ധിമുട്ടി. ഈ നിയോഗപ്രകാരം അവർ ദിവ്യബലികരം അർപ്പിക്കുകയും പ്രാത്ഥനകരം നടത്തുകയും ചെയ്തു. പോരൂക്കരയച്ചനും കണിയാന്തറ ബ്രദറും നിരവധി ബുദ്ധിമുട്ടിയിട്ടുണ്ട്. ഏതാനും ദിവസങ്ങരംക്കു ശേഷം, ദൈവസഹായത്താൽ അനുവാദപത്രം ലഭിച്ചു. ഈ വിവരം പോരൂക്കരയച്ചൻ കുടമാളൂർ ചെന്ന് ബ. മെത്രാനച്ചനെ അറിയിച്ചപ്പോരം, ഉടനെതന്നെ ഒരു കുരിശ്ശ് സ്ഥാപിക്കണമെന്നും അല്ലെങ്കിൽ വഴക്കുണ്ടായേക്കാമെന്നും അദ്ദേഹം പറഞ്ഞു. പോരൂക്കരയച്ചൻ വന്ന് ഇതു പറഞ്ഞപ്പോരംതന്നെ മലയാററൂരച്ചൻ തൈയ്യിൽ ചെന്നു് മരംവാങ്ങി കുരിശുണ്ടാക്കി കുറെ പണിക്കാരെയും കൊണ്ടുവന്നു. സന്ധ്യയായെങ്കിലും നാട്ടുകാരെയും കൃഷിക്കാരെയും വിളിച്ചുവരുത്തി പള്ളി പണിയുവാൻ ഉദ്ധേശിച്ചിരുന്ന സ്ഥലത്തു് കുരിശു സ്ഥാപിക്കുവാൻ അവർ തീരുമാനിച്ചു. 1831 ഏപ്രിൽ 28-ാം തീയതി സന്ധ്യയോടുകൂടി എല്ലാവരുടേയും സാന്നിദ്ധ്യത്തിൽവെച്ച് വളരെ ആഘോഷപൂർവ്വം പോരൂക്കരയച്ചൻ കുരിശുനാട്ടൽ നിർവഹിച്ചു. അതിനുശേഷം എല്ലാവരും കൂടി സകല വിശുദ്ധരുടേയും പ്രാത്ഥന ചൊല്ലി. ഈ കർമ്മങ്ങരം അവസാനിച്ചപ്പോരം അവിടെ കൂടിയിരുന്ന ഒരു ബാലൻ, തൻെറ കാലിൽ എന്തോ കടിച്ചു എന്നു പറഞ്ഞു. അൽപ സമയത്തിനു ശേഷം അവൻ മരണാസന്ന നിലയിലായി. തുടന്നു പോരൂക്കരയച്ചൻെറ അടിയുറച്ച വിശ്വാസവും പ്രാത്ഥനയും വഴി, അവൻ യാതൊരു ചികിത്സയും കൂടാതെ സുഖം പ്രാപിച്ചു. നാളാഗമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു് ശ്രദ്ധേയമാണു്:

> കളപ്പുരയിൽ വച്ചു പോരൂക്കരയച്ചൻ കുരിശും റൂശ്മാ ചെയ്ത കൊട്ടും ഘോഷത്തോടുകൂടെ കൊണ്ടുചെന്നു് മെട മാസം 28-ാം തീയതി രാത്രിയിൽ കുരിശും നാട്ടി പുണ്യവാളന്മാരുടെ ലുത്തിനിയായും ചൊല്ലി.[19] ഉടൻ ഒരു ചെറുക്കൻ പറഞ്ഞു ഏതാണ്ടു കടിച്ചു എന്നു. ആളുകരം കൂടി എന്തെന്നു നോക്കിയ ഇടയ്ക്കു പൈതൽ ബോധക്ഷയം വന്നു വീണുപോവുകയും ചെയ്തു. വാലിഭക്കാരൻ ഏതു എന്നു് സൂക്ഷിച്ചപ്പോരം തൈ

19. Ibid p 22

യ്യിൽ തരകൻെറ സംബന്ധക്കാരനാകുന്ന ഉള്ളാട്ടുതറെ മത്തായി. ആ ദേഹം പട്ടക്കാരനായി ഇപ്പോഠം പാലാരിവട്ടത്തു വികാരി യായിരിക്കുന്നു. ബോധക്ഷയം കണ്ടു എല്ലാവരും ഭയപ്പെട്ടു. ഉടനെ അവിടെതന്നെ അടുക്കൽ ഒരു വിഷഹാരിയുണ്ടായി രുന്നു. അവിടെ കൊണ്ടുപോകുവാൻ തുടങ്ങി. അപ്പോഠം അയാഠം എന്തുചെയ്യുമെന്നു് പോരുക്കരയച്ചൻ ചോദിച്ചു. അപ്പോഠം അവ രു പറഞ്ഞു മരുന്നും മന്ത്രവും ചെയ്യുമെന്നു. അപ്പോഠം പോരു ക്കരയച്ചൻ പറഞ്ഞു നിങ്ങഠം ചെറുക്കനെ ഇവിടെ കിട ത്തിയും വെച്ചു വീട്ടിൽ പൊയ്കൊഠംവിൻ. ഒട്ടും സംശയി ക്കേണ്ട. ചെറുക്കനെ കാലത്തു നിങ്ങളെ ഏൽപ്പിച്ചു ഞാൻ തരാമെന്നും വിഷഹാരിയുടെ അടുക്കൽ അയച്ചു ആശ്രുകേടു വരുത്തണ്ടാ എന്നും എല്ലാവരും മാർ യൗസേപ്പു പിതാവിനോടു അപേക്ഷിച്ചുകൊണ്ടു പോകുവിനെന്നും പറഞ്ഞു വിശ്വസിച്ചു അവരു പോകുകയും ചെയ്തു.[20] പോരുക്കരയച്ചൻ ചെന്ന എന്തോ ഹന്നാൻവെള്ളം തെളിച്ചു. ... വെളുത്തപ്പോഠം സൗഖ്യ മാകുകയും ചെയ്തു.[21]

20. അറിയപ്പെടാത്ത കർമ്മയോഗി p 43

21. നാളാഗമം p 23

## അദ്ധ്യായം 4

# പ്രഥമാശ്രമം

### എ. കല്ലിടൽ കർമ്മം

മാന്നാനം കുന്നിൻെറ നിറുകയിൽ കരിശുനാട്ടിക്കഴിഞ്ഞു. അവിടെ ഒരു പന്തലുകെട്ടി ദിവ്യബലി അർപ്പിക്കുവാനുള്ള അനുവാദം ചോദിച്ചെങ്കിലും മെത്രാനച്ചൻ അനുവദിച്ചില്ല. ഒരു കപ്പേളയെങ്കിലും ഉണ്ടാക്കി അതിൽ കുർബാന ച്ചൊല്ലിയാൽ മതിയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടപ്പോഠം, കരിശുനാട്ടിയ ഉടനെ കപ്പേള പണിയും ആരംഭിച്ചു. പണി നടത്തിപ്പിനു വേണ്ടിയും പണിക്കാക്ക് തണലിലിരുന്നു പണിയുന്നതിനുവേണ്ടിയും കുരിശ് സ്ഥാപിച്ചതിനരികിലായി ഒരു പന്തൽ കെട്ടിയുണ്ടാക്കുകയും അവിടെയിരുന്നു ജോലികഠം നടത്തിക്കുകയും ചെയ്തുപോന്നു. പിന്നീട് അവർ ആശ്രമസ്ഥാപനത്തിനുള്ള ഒരുക്കം തുടങ്ങി. ആശ്രമത്തിനുള്ള കല്ലിടൽ കർമ്മം ബ. മെത്രാനച്ചൻ നിവ്വഹിക്കുവാനാണ് തീരുമാനിച്ചിരുന്നതെങ്കിലും ദൈവത്തിൻെറ തിരുമനസ് അതായിരുന്നില്ലെന്നാണ് ചരിത്രത്തിൽനിന്നും മനസിലാകുന്നത്.1831 മെയ് 11–ാം തീയതി ആശ്രമത്തിനു് കല്ലിടാമെന്ന് തീരുമാനിച്ചു. എന്നാൽ ആ ദിവസം അടുത്തുവന്നപ്പോഠം മെത്രാനച്ചനു് സുഖമില്ലാതായി. ശരീരത്തിൽ വലിയ ചിരങ്ങും മററും ആയതിനാൽ യൂറോപ്പിലേയ്ക്കു് പോകണമെന്നു് അദ്ദേഹത്തിനു് വലിയ നിർബന്ധമായി. അതുകൊണ്ടു് അവരുടെ ആഗ്രഹം കുറെ കുറഞ്ഞു. എന്നാൽ കല്ലിടുവാനും കപ്പേളയിൽ കുർബാന ചൊല്ലുവാനും ദിവസം നിശ്ചയിച്ചു. പാലയ്ക്കലച്ചൻെറ ശിഷ്യന്മാരും സ്നേഹിതരുമായ വൈദികരെ അറിയിച്ചിരുന്നതിനാൽ അന്നേ ദിവസം തന്നെ കല്ലിടണമെന്നു് പാലയ്ക്കലച്ചൻ, പോരൂക്കരയച്ചൻ തുടങ്ങിയവർ ചെന്നു് കുറെ നിർബന്ധിച്ചതുകൊണ്ടു് മെത്രാനച്ചൻ ഒരു വിധം സമ്മതിച്ചു. അദ്ദേഹം വന്നാൽ ഇരിക്കുന്നതിനുപോലും സ്ഥലമില്ലാതിരുന്നതുകൊണ്ടു് ഒരു ഓലപ്പുര കെട്ടിയുണ്ടാക്കി പായകൊണ്ടു് മറച്ചു് രണ്ടു് മുറികളുണ്ടാക്കി. ആ അവസരത്തിൽ അദ്ദേഹത്തിനു് അസുഖം കൂടിയതുകൊണ്ടു് അർത്തുങ്കൽനിന്നും കടമാളൂർ

വന്നു് താമസമാക്കി, അവിടെ ചെന്നു് കല്ലിടുവാൻ വീണ്ടും നിർബന്ധിച്ചപ്പോഠം അദ്ദേഹം മെയ് 10–ാം തിയതി വൈകീട്ട മാന്നാനത്തു വന്നു. ചാവറയച്ചൻ രേഖപ്പെടുത്തുന്നു:

പിറെറ ദിവസം പുലക്കാലെ കല്ലിടുവാറായപ്പോഠം സുഖക്കേടാൽ മെത്രാനച്ചനു് ഉടപ്പാനും മററും പാടില്ലായ്കയാൽ പള്ളിപ്പുറത്തച്ചൻ കല്ലിടട്ടെ എന്നും അച്ചനു പാടില്ലെങ്കിൽ പോരുക്കരയച്ചൻ കല്ലിടട്ടെയെന്നും, ഇങ്ങനെ അവരുടെ എളിമയാലും ഉപവിയാലും കുറെ തക്കിച്ചു എങ്കിലും പോരുക്കരയച്ചൻതന്നെയെന്നുറച്ച ശേഷം ആരുടെ നാമത്തിൽ വേണം എന്നതിന്മേൽ മൂന്നു വിധമായി. അതായത യോഹന്നാൻ മാമ്ദാന എന്ന പെ. ബ. മെത്രാനച്ചനും, മുൻപിനാലെ ദുമിനിങ്കോസിൻെറ സഭക്കാരെന്ന ഭാവിച്ചു് പുണ്യവാളൻെറ മേൽ പ്രത്യേകം ഭക്തിയാൽ ദുമിനിങ്കോസിൻെറ നാമം എന്നു പള്ളിപ്പുറത്തച്ചനും വി. യൗസേപ്പിൻെറ പ്രത്യേക ഭക്തനാകയാൽ മാർ യൗസേപ്പിൻെറ നാമത്തിൽ എന്നു പോരുക്കരയച്ചൻെറ മനസ്സും. ഇതു മൂന്നും പറഞ്ഞപ്പോഠം പോരുക്കരയച്ചൻെറ നിശ്ചയം തന്നെ എല്ലായിലും നന്നു എന്നുറച്ചു. അപ്രകാരം വി. യൗസേപ്പു് പുണ്യവാളൻെറ നാമത്തിൽ കൊവേന്ത പള്ളിക്കു അടിസ്ഥാനകല്ലു് പെ ബ. മെത്രാനച്ചൻ നിന്നുകൊണ്ടു് പോരുക്കരയച്ചനെകൊണ്ടു് ഇടുവിച്ചു.[22]

ഈ കമ്മങ്ങഠംക്കെല്ലാം ശേഷം ബ. പോരുക്കരയച്ചൻ അവിടെ നിന്നും അതിരമ്പുഴസ്സു പോയി. രാവിലെ ഉണർന്നതിനുശേഷം യാതൊരു ഭക്ഷണവും കഴിക്കാതെ വളരെ ദൂരം യാത്ര ചെയ്തു് അവിടെ ചെന്നു് അദ്ദേഹം ദിവ്യബലിയർപ്പിച്ചു. അതിനുശേഷം ദീർഘനേരം മുട്ടിൻമേൽ നിന്നു് പ്രാത്ഥനയിൽ ലയിച്ചിരുന്നുവെന്നും ചാവറയച്ചൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ സംഭവം രണ്ടു് സ്ഥലങ്ങളിലായി വിവരിച്ചിരിക്കുന്നതു് കാണാം. ചാവറയച്ചൻ എഴുതിയ നാളാഗമത്തിലും, പോരുക്കര കുരിയാക്കോസു് ഏലീശാ അച്ചൻ എഴുതിയ, പോരുക്കര തോമാച്ചൻെറ ജീവചരിത്രത്തിലുമാണു് രേഖപ്പെടുത്തിയിരിക്കുന്നതു്.

പോരുക്കരയച്ചൻ ഇതൊക്കെയും കഴിച്ചു വീണ്ടും മലിയിര അതിരംപുഴ ചെന്ന അന്നു കുർബാനയും ചൊല്ലി. ഇങ്ങനെ

22, 23 Ibid p. 24

അധിക ബുദ്ധിമുട്ടും വല്ല്യ ശരണവും ശ്രു. യൌ: പിതാവിൻ മേൽ മഹാഭക്തിയും ഇദ്ദേഹത്തിൽ എപ്പോഴും പ്രകാശിച്ചിരുന്നു.[23] ഈ കൊവേന്തയ്ക്കു കല്ലിട്ടുകൊണ്ടു് പെ. ബ. മെത്രാനച്ചനെ യാത്രയാക്കി കൊണ്ടു അതിരംപുഴ പള്ളിയിൽ പോയി കുർബാന ചൊല്ലി മുട്ടിൻമേൽ നിൽക്കുന്നതിൻമേൽ വിസ്മയം തന്നെ.[24]

ആശ്രമത്തിനു കല്ലിട്ടെങ്കിലും ഉടനെ തന്നെ അതിന്റെ പണി തുടങ്ങുവാൻ കഴിഞ്ഞില്ല. ദിവ്യബലി അർപ്പിക്കുന്നതിനു വേണ്ടി കപ്പേളയുടെ പണി ആദ്യം പൂർത്തിയാക്കി. പാലയ്ക്കലച്ചൻ പള്ളിപ്പുറത്തു് സെമിനാരിയിൽ താമസിച്ചുകൊണ്ടു് വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുകയും പോരൂക്കരയച്ചൻ ചുററിസഞ്ചരിച്ചു് പ്രസംഗിച്ചു് ആശ്രമം പണിയുന്നതിനുള്ള പണം പിരിക്കുകയുമായിരുന്നു. മാന്നാനത്തു് പണികളുടെ മേൽനോട്ടം വഹിക്കാനുണ്ടായിരുന്നതു് ചാവറയച്ചനും കണിയാന്തറ ബ്രദറുമായിരുന്നു. ഇങ്ങനെയിരുന്ന സാഹചര്യത്തിലാണു് അവരെ വളരെയധികം ദുഃഖത്തിലാഴ്ത്തിയ ഒരു സംഭവമുണ്ടായതു്. സന്യാസഭവനം ആരംഭിക്കുന്നതിനു് അംഗീകാരവും പ്രോത്സാഹനവും നല്കിയ മൌറേലിയൂസ് മെത്രാപ്പോലീത്തായെ റോമിലേക്കു് വിളിക്കുകയും പെ. ബ. ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്താ വരാപ്പുഴ അധിപനായി കേരളത്തിലെത്തുകയും ചെയ്തതു്. അന്നുമുതൽ പെ. ബ. മെത്രാനച്ചനോടു് മൌറേലിയൂസ് മെത്രാനച്ചനെപ്പററിയും കൊവേന്തയെപ്പററിയും നിരവധി കുററങ്ങൾ അച്ചൻമാർ പറഞ്ഞു കൊടുത്തു കൊണ്ടിരുന്നു. എന്നാൽ അദ്ദേഹം അതൊന്നും ഗൌനിച്ചില്ലെങ്കിലും കൊവേന്ത പണിയുന്നതിനു് എഴുത്താലുള്ള കല്പനയുണ്ടോയെന്നു് ചോദിക്കുകയും, മൌറേലിയൂസ് മെത്രാനച്ചൻ കൊടുത്തിരുന്ന എഴുത്തുകൾ അവർ കാണിക്കുകയും ചെയ്തു. തുടന്നു് നടത്തുവാനുള്ള അനുവാദമോ തടസ്സമോ ഒന്നും പറഞ്ഞില്ല. ഇങ്ങനെയിരിക്കയിൽ ഏതോ ഒരച്ചൻ, അവരു് പള്ളികളിൽ നിന്നും മററും പണം വാങ്ങിച്ചു് വീട്ടുകാരെ സഹായിക്കുന്നുവെന്നു് മെത്രാനച്ചനോടു് പറഞ്ഞു കൊടുത്തു. അതുകൊണ്ടായിരിക്കണം, ചാവറയച്ചനെ തെക്കൻ പള്ളിപ്പുറത്തെ ഇടവകയുടെ വികാരിയായി നിയ

---

23 Ibid p 24

24 സ്ഥാപക പിതാക്കൻമാർ p 30

മിച്ചുള്ള കല്പന പുറപ്പെടുവിച്ചതു്. അതുകൊണ്ടു് അച്ചൻമാർക്കെല്ലാം വലിയ വിഷമമായി. കാരണം മാന്നാനത്തു് താമസിച്ചു് ജോലികളുടെ മേൽനോട്ടം വഹിക്കുവാൻ ചാവറയച്ചനല്ലാതെ വേറെ ആരും ഉണ്ടായിരുന്നില്ല. ചാവറയച്ചൻ മാന്നാനത്തു നിന്നും പോകുന്നതു വഴി ഈ സംരംഭം മുടങ്ങിപ്പോകട്ടെ എന്നു് കരുതിയാണോ ഇങ്ങനെ ചെയ്തതെന്നു് സംശയിച്ചെങ്കിലും, മെത്രാനച്ചനോടു് ഈ കല്പന മാററിത്തരണമെന്നു് പറയണമെന്നും, വിസമ്മതിച്ചാൽ അനുസരിക്കണമെന്നും മററു് അച്ചന്മാർ അഭിപ്രായപ്പെട്ടതനുസരിച്ചു് ചാവറയച്ചൻ ചെന്നു് തന്നെ വികാരിസ്ഥാനത്തു നിന്നു് മാററിതരണമെന്നും മാന്നാനത്തു് താമസിക്കുവാൻ വേറെ ആരുമില്ലെന്നും മെത്രാനച്ചനോടു് അപേക്ഷിച്ചു. എന്നാൽ കല്പന അനുസരിക്കണമെന്നു മാത്രം മെത്രാനച്ചൻ മറുപടി പറഞ്ഞു. വീണ്ടും ചാവറയച്ചൻ കുറെ വിഷമത്തോടു കൂടി പറഞ്ഞെങ്കിലും ഫലമുണ്ടായില്ല. അദ്ദേഹം പള്ളിപ്പുറത്തു് വികാരിയാവുകയും ചെയ്തു.

ചാവറയച്ചനെ വികാരിയാക്കിയതോടു കൂടി മാന്നാനത്തെ ജോലികൾക്കു് മേൽനോട്ടം വഹിക്കുവാൻ വേറെ ആരുമില്ലാതിരുന്നതുകൊണ്ടു് പോരൂക്കരയച്ചൻ മാന്നാനത്തു് താമസിച്ചു് ജോലികൾ നടത്തിക്കേണ്ടി വന്നു. അങ്ങനെയിരിക്കവെയാണു് പോരൂക്കരയച്ചനെ തെക്കൻ തിരുവിതാംകൂറിലെ ചില പള്ളികളുടെ വികാരിയാക്കിക്കൊണ്ടുള്ള മറെറാരു കല്പന ലഭിക്കുന്നതു്. അതു് എല്ലാം കൊണ്ടും ദുഃഖപൂർണ്ണമായിരുന്നു. ഇങ്ങനെയൊരു നിർണ്ണായക ഘട്ടത്തിലായിരുന്നിട്ടു പോലും അതിൽ നിരാശനോ, ദുഃഖിതനോ ആകാതെ ആ കല്പനയിൽ ദൈവത്തിൻെറ ഇഷ്ടം കണ്ടുകൊണ്ടും എല്ലാം അവിടുത്തെ തൃക്കരങ്ങളിൽ അർപ്പിച്ചുകൊണ്ടും ഇടവക ജോലിയിൽ പ്രവേശിക്കുന്ന പോരൂക്കരയച്ചനെയാണു് നമുക്കിവിടെ കാണാൻ സാധിക്കുന്നതു്. മറെറാരു കല്പന കിട്ടുന്നതു വരെ ക്ഷമയോടും സന്തോഷത്തോടും കൂടി, തന്നെ ഏല്പിച്ചിരുന്ന ജോലി വളരെ പ്രശംസനീയമായ വിധത്തിൽ അദ്ദേഹം നിറവേററി. നാളാഗമം രേഖപ്പെടുത്തുന്നു:

> ഇങ്ങനെയിരിക്കയിൽ ഇതിനേക്കാൾ അധിക സങ്കടമായിട്ടുള്ള സംഗതി നേരിട്ടു. അതായതു പോരൂക്കരയച്ചൻ മാത്രമെ ഈ കാര്യം അന്വേഷിപ്പാനുള്ളൂ എന്നിരിക്കയിൽ അദ്ദേഹം

കായംകുളം, പിള്ളതൊപ്പയിങ്ങനെ കൊല്ലം മിസ്സത്തിലുള്ള പള്ളികളിൽ വികാരി ആയിട്ടു പോകണമെന്നും ഒരു കല്പന പുറപ്പെട്ടു. ഇതിനാൽ ആ ദേഹം മല്പാനച്ചന്റെ പക്കൽ വന്ന പല പ്രകാരം വിചാരിച്ചു എങ്കിലും മെല്പട്ടക്കാരുടെ കല്പന ദൈവത്തിന്റെ തിരുമനസ്സാകയാലും പക്ഷെ നമ്മുടെ ചൊൽവിളി പരിക്ഷിപ്പാനായിട്ടു തന്നെ കല്പിച്ചതോ എന്നതും അറിയാൻ വഹിയാ എന്നതിനാൽ യാതൊരു സങ്കടവും പറയാതെ പോകണമെന്നത്രേ എനിക്കു തോന്നുന്നതു എന്നു ആ ദേഹം തന്നെ പറഞ്ഞതിനാൽ അങ്ങനെതന്നെ എന്നു മല്പാനച്ചനും പറഞ്ഞു. കണ്ണുനീരാൽ ആ ദിക്കുകൾക്കു പോകയും ചെയ്തു. 25

പോരൂക്കരയച്ചന്റേയും ചാവറയച്ചന്റേയും അഭാവത്തിൽ വക്കിയച്ചനും കണിയാന്തറ ബ്രദറും കൂടി കുറെയൊക്കെ ജോലികൾ നടത്തിക്കൊണ്ടിരുന്നു. ആശ്രമത്തിന്റെ പണി എത്രയും വേഗത്തിൽ അവസാനിപ്പിക്കണമെന്ന് വളരെയധികം ആഗ്രഹിച്ചിരുന്ന ചാവറയച്ചൻ തന്റെ വികാരിത്വം ഒഴിവാക്കാൻ മെത്രാപ്പോലീത്തയോട് ആവശ്യപ്പെട്ടതനുസരിച്ച് അവസാനം അദ്ദേഹം ചാവറയച്ചന്റെ വികാരിസ്ഥാനം ഒഴിച്ചു കൊടുത്തു. ചാവറയച്ചൻ മാന്നാനത്തു വന്ന് അധികം കഴിയുന്നതിനു മുമ്പുതന്നെ പോരൂക്കരയച്ചനും തന്റെ വികാരി ജോലി ഒഴിഞ്ഞു വന്നു. ഇവിടെ ഒരു കാര്യം പ്രത്യേകം സ്മരണീയമാണ്. ഒരു കാലത്ത് ഈ പിതാക്കന്മാരെ സംശയിക്കുകയും അവരോട് നീരസം പ്രകടിപ്പിക്കുകയും ചെയ്തിരുന്ന മെത്രാപ്പോലീത്തയാണ്, ഇപ്പോൾ പോരൂക്കരയച്ചന്റേയും ചാവറയച്ചന്റേയും വികാരിത്വം അവസാനിപ്പിച്ചതും ആശ്രമസ്ഥാപനത്തിന് വിടുകയും ചെയ്തത്. ഇതിന് ഇടവന്നത് ഇവരുടെ നല്ല അനുസരണ ശീലം കൊണ്ടും ആത്മാർത്ഥമായ സേവനം കൊണ്ടുമാണ്. മെത്രാനച്ചന്റെ സെക്രട്ടറിയായിരുന്ന മിഖായേലച്ചൻ പറഞ്ഞതായി ചാവറയച്ചൻ രേഖപ്പെടുത്തുന്നതിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്:

പെ. ബ. അച്ചൻ മല്പാനച്ചനോടു കല്പിച്ച കാര്യങ്ങളും അപ്രകാരംതന്നെ പോരൂക്കരയച്ചൻ തെക്കോട്ടും പോയതിനാൽ പടാത്ഥ മുതലായി ഉണ്ടായ ഗുണങ്ങൾ കാരണത്താലും അവരു

25 നാളാഗമം pp 27-28

ടെമേൽ സന്തോഷമല്ലാതെ മുഷിച്ചിലിനു തക്ക സംഗതികറം ഒന്നും കാണായ്കകൊണ്ടും അൽപമായ മനസുവഴിഞ്ഞു.[26]

പോരൂക്കരയച്ചനും ചാവറയച്ചനും മാന്നാനത്തു വന്നതോടു കൂടി ആശ്രമത്തിൻെറ പണി കൂടുതൽ ഊർജ്ജസ്വലമായി. ഈ നാളു കളിൽ പോരൂക്കരയച്ചൻ ഒരു പണിക്കാരനെ കൊല്ലത്തുനിന്നും കൊണ്ടുവന്നു. അയാറംക്കു് മരപ്പണിയും, കല്ലുപണിയും അറിയാ മായിരുന്നതിനാൽ പള്ളിയിൽനിന്നും വടക്കോട്ടുള്ള മുറികറംക്കു് അടിസ്ഥാനമിട്ടു പണിയും തുടങ്ങി. കെട്ടിടത്തിൻെറ അടിയിലെ നില താമസയോഗ്യമായി തീർന്നതോടുകൂടി അവിടെ താമസം തുടങ്ങി.

## ബി. സെമിനാരി സ്ഥാപനം

അയൽ ഇടവകകളിൽപ്പെട്ട ചില വിദ്യാർത്ഥികറം പാലയ്ക്കല ച്ചൻെറ ശിഷ്യത്വം സ്വീകരിക്കുവാൻ മാന്നാനത്തു വന്നു. തന്മൂലം മാന്നാനത്തു് ഒരു സെമിനാരി സ്ഥാപിക്കണമെന്നുള്ള അധിയായ ആഗ്രഹം പാലയ്ക്കലച്ചനുണ്ടായിരുന്നു. എന്നാൽ പിതാക്കന്മാരുടെ ആശയങ്ങറം തമ്മിൽ അല്പം ഭിന്നതയുണ്ടായിരുന്നു. ഇതേക്കുറിച്ചു് ചാവറയച്ചൻ പറയുന്നു:

> ഇവിടെ അച്ചന്മാരുടെ അഭിപ്രായം രണ്ടായി. മല്പാനച്ചന്ന പഠിത്വവും ശമ്മാശന്മാരും കൂടെവേണം അല്ലാഞ്ഞാൽ തുടക്ക ത്തിൽ ജനങ്ങളുടെ മനസ്സു വീഴുമെന്നും പള്ളിക്കടുത്ത ശുശ്രൂഷ ആഘോഷമായി ചെയ്‌വാനും പാടുണ്ടാകയില്ല. എന്നതി നാൽ സിമനാരിയും പഠിത്തവും ഒരു ഭാഗത്തും കൊവേന്താ മറു വശത്തും, സിമിനാരിയിൽ നിന്നുതന്നെ കെവേന്തയിൽ പാർ പ്പാനുള്ള മനസ്സുള്ളവരുണ്ടാകും. അങ്ങനെ ആകയത്രെ വെ ണ്ടിയതു.[27]

എന്നാൽ പോരൂക്കരയച്ചനു് ഭിന്നമായ ആശയമായിരുന്നു ഉണ്ടായിരുന്നതു്. നാളാഗമം വിവരിക്കുന്നു:

> ഈ ദിക്കിലെ മുറക്കു അല്ലാഞ്ഞാൽ നടക്കുന്നതിനു പ്രയാസം എന്നും പോരൂക്കരയച്ചൻെറ അഭിപ്രായമായതു്. സിമ്നാ രിയിട്ടു പഠിപ്പിച്ചുവന്ന സ്ഥലങ്ങറം മിക്കതും കാലനീളിപ്പിൽ

---

26 Ibid P. 29

നശിച്ചവീണതത്രേ കണ്ടുവരുന്നതു ഈ വകക്കാരെ ചൊവ്വെ ആക്കികൊറ്റുവാൻ ഇതുവരെ കണ്ടുവരുന്നതിനാൽ പ്രയാസം, താ ആസ്ഥ വച്ച കൊവേന്ത എന്ന ലാക്കു വച്ചതിനാൽ ദെയ്‌വ ശരണമല്ലാതെ മനുഷ്യശരണവും നടപ്പും നൊക്കുന്നതയിതിനു നെരെ വിഘ്നംതന്നെ.[28]

സെമിനാരി സ്ഥാപിക്കുന്നതിനുള്ള തന്റെ അഭിപ്രായം തുറന്നു പറഞ്ഞെങ്കിലും അദ്ദേഹം പാലയ്ക്കലച്ചന്റെ അഭിപ്രായത്തോട് യോജിക്കുകയും മാന്നാനത്ത് സെമിനാരി ആരംഭിക്കുകയും ചെയ്തു.

എങ്കിലും അച്ചന്റെ അഭിപ്രായത്തിനും മനസ്സിനും ചേർന്നു് നടക്കണമെന്നും വച്ച പൊരുക്കരെയച്ചൻ അദ്ദേഹത്തിന്റെ മല്പാനച്ചനെക്കായിൽ ഈ ദേഹത്തെ സ്നേഹിച്ച ചേന്നിരി ക്കയാൽ അച്ചന്റെ മനസ്സുപോലെ എന്നും കീഴ്പ്പെട്ടുഞ്ഞു. ആയതിനാൽ ഈ ശെമ്മാശന്മാരും മാന്നാനത്തിൽതന്നെ പാർത്തുവരികയും ചെയ്തു.[29]

മാന്നാനത്തു സെമിനാരി ആരംഭിച്ച് ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ അവിടെ ഒരു സുപ്രധാന സംഭവം ചരിത്രത്തിൽ രേഖപ്പെടുത്തി കാണുന്നുണ്ട്. അവിടെ സെമിനാരിജീവിതം തുടങ്ങിക്കഴിഞ്ഞപ്പോൾ പോരുക്കരെയച്ചന്റെ ആഗ്രഹപ്രകാരം മൂന്നു നേരമായിട്ട് 153 മണിജപവും വ്യാകുലമാതാവിനോടും വി. യൗസേപ്പുപിതാവിനോടുമുള്ള പ്രാത്ഥനകളും ഞായറാഴ്ച ഉച്ചയ്ക്ക് പാട്ടുകുർബാനയും പ്രസംഗവും നടത്തിവന്നിരുന്നു. വലിയ നോയമ്പിൽ കാനോന നമസ്കാരവും വെള്ളിയാഴ്ച മൂന്നുമണിക്കുശേഷം മലയുടെ താഴെനിന്നു തുടങ്ങി 14 സ്ഥലത്ത് കരിശു നാട്ടിയുള്ള കുരിശിന്റെ വഴിയും നടത്തിയിരുന്നു. ഇങ്ങനെയുള്ള കുരിശിന്റെ വഴിയും മററും കേട്ട് ഇതിൽ പങ്കുകൊള്ളുന്നതിനു വേണ്ടി അടുത്തുള്ള ഇടവകകളിൽ നിന്നും ഭക്തജനങ്ങൾ എത്താറുണ്ട്. കുടക്കച്ചിറ അന്തോണി എന്ന ഒരു ശെമ്മാശനും മാന്നാനത്തു വന്നുകൂടി. സെമിനാരിയിൽ പഠിക്കുന്നവരെല്ലാം കൂടി ഒന്നിച്ച് താമസിച്ച് വരുന്ന അവസരത്തിൽ പോരുക്കരെയച്ചന്റെ നിയോഗപ്രകാരം അവർ എല്ലാവരും കൂടി ഒരു ധ്യാനം കഴിച്ചു. അതിനുശേഷം ആ ധ്യാനത്തിൽ പാലിച്ച

27, 28 Ibid P. 31

29 Ibid PP. 31 - 32

പോന്ന നിയമങ്ങളിൽ മിണ്ടടക്കം ഒഴിച്ച് ബാക്കിയുള്ള അനുഷ്ഠാനങ്ങളെല്ലാം പാലിച്ചുകൊണ്ട് അച്ചന്മാരുടെ കൂടെ കൊവേന്തക്കാരായി ജീവിക്കുവാൻ ആഗ്രഹമുള്ളവർ ആരെങ്കിലുമുണ്ടെങ്കിൽ അറിയിക്കണമെന്നും അവക്ക് വേറെ സ്ഥലവും ക്രമചട്ടങ്ങളും നല്ലമെന്നും എല്ലാവരേയും അറിയിച്ചു. അപ്രകാരം ആഗ്രഹമുള്ള എല്ലാവരേയും രണ്ടാം നിലയിലും മററുള്ളവരെ താഴെയുമാക്കി. ഇരുകൂട്ടർക്കും നിയമങ്ങളും അനുഷ്ഠാനങ്ങളും രണ്ടാക്കി. ഈ അന്തോനി കുടക്കച്ചിറ, മുകളിലുള്ളവരുടെ കൂടെയാണെങ്കിൽ ഇടവകയിലും വീട്ടിലും മററും പോകുവാനോ, മററ് പല കാര്യങ്ങൾക്കും സാധിക്കാതെ വരുമെന്നതിനാൽ മുകളിൽ പോകുവാൻ ഇഷ്ടമില്ലാതെയും താഴെ താമസിക്കുന്നതു് അപമാനംപോലെയും തോന്നിയതുകൊണ്ട് ഈ പ്രശ്നം മററുള്ള ശെമ്മാശന്മാരെ ബോധ്യപ്പെടുത്തുകയും പോരൂക്കരയച്ചനെതിരെ ഒരു പരാതി എഴുതുകയും ചെയ്തു. "പാലയ്ക്കലച്ചനിവിടെയില്ലാത്ത അവസരത്തിൽ പോരൂക്കരയച്ചൻെറ നിർദ്ദേശപ്രകാരം തങ്ങളെ താഴെയിറക്കുകയും ഏതാനുംപേരെ മുകളിൽ താമസിപ്പിച്ചിരിക്കയും ചെയ്തിരിക്കുന്നു. അവർക്കല്ലാതെ കുർബാനയ്ക്ക് ശുശ്രൂഷികളാകുവാൻ പാടില്ല. എല്ലാ ജോലികളും തങ്ങൾതന്നെ ചെയ്യുകയും കുർബാന കഴിഞ്ഞാൽ കാപ്പയും മററും മടക്കി പെട്ടിയിൽ വച്ച് മുകളിലെ വാതിലിനരികിൽ കൊണ്ടുചെന്നു കൊടുക്കുകയും വേണം. ആ വാതിൽ കടന്ന് മുകളിൽ കയറുവാനോ അവരോട് സംസാരിക്കുവാനോ പാടില്ല. ഇതുവഴി പലരിൽനിന്നും അപമാനത്തിന് ഇടയായി. അതുകൊണ്ട് ഒന്നുകിൽ അവരെ കൂടി പള്ളിപ്പുറത്ത് താമസിപ്പിക്കണം, അല്ലെങ്കിൽ പഴയതുപോലെ എല്ലാവരും ഒരുമിച്ചു താമസിക്കുവാൻ അനുവദിക്കണം" എന്നിങ്ങനെ ഒരു പരാധി സുറിയാനിയിൽ എഴുതി മററു ശെമ്മാശന്മാരുടെ കൈവശം കൊടുത്തയക്കുകയും ഒന്നും അറിയാത്തവനെപോലെ തിരുന്നാൾ കൂടുവാനായി ഏതാനും പേരുടെ കൂടെ പള്ളിപ്പുറത്തുവന്ന് ചാവറയച്ചനറിയാതെ ഈ പരാധി പാലയ്ക്കലച്ചൻെറ കൈവശം കൊടുക്കുകയും ചെയ്തു.

തിരുനാൾ കഴിഞ്ഞു് ചവറയച്ചൻ പോരുവാനായിട്ട് പാലയ്ക്കലച്ചൻെറ അടുത്തുചെന്നപ്പോൾ മാന്നാനത്തു താമസിക്കുവാൻ താല്പര്യമില്ലാത്തവർ ഇവിടെ താമസിക്കട്ടെയെന്നും പ്രശ്നങ്ങളെല്ലാം തീർത്തുതരുമെന്നും അവരോടു പറഞ്ഞു. പാലയ്ക്കലച്ചൻെറ ഭാവം കണ്ടപ്പോൾ ശെമ്മാശന്മാരെ വേദനിപ്പിച്ചതു് ശരിയായില്ലായെന്ന് ചാ

വറയച്ചനു തോന്നിയതുകൊണ്ടു്, ''ഒരു വേർതിരിവ് ചെയ്താൽ ന ന്നായിരിക്കുമെന്നു് തോന്നിയതിനാലാണ് അങ്ങനെ ചെയ്തതെന്നും, ഇനി ആദ്യത്തേതുപോലെതന്നെ ഒന്നിച്ചു നടക്കട്ടെയെന്നും'' പറ ഞ്ഞു് ചാവറയച്ചൻ പോന്നു.

എല്ലാവരും ഒന്നിച്ചു നടക്കട്ടെ എന്ന അഭിപ്രായവുമയി ചാവറ യച്ചൻ മാന്നാനത്ത് വന്നപ്പോൾ അവിടെ തോപ്പിലച്ചനും യാക്കോബ്ബ് ബ്രദറും മാത്രമേ ഉണ്ടായിരുന്നുള്ളു. പോരൂക്കരയ ച്ചൻ ധർമ്മം പിരിക്കുന്നതിനുവേണ്ടി എവിടെയൊ പോയിരി ക്കുകയായിരുന്നു. ''പോരൂക്കരയച്ചൻ തീരുമാനിച്ചു നടപ്പിലാ ക്കിയ ക്രമം ഇനി അദ്ദേഹത്തോടു പറയാതെ അച്ചൻതന്നെ നിർ ത്തലാക്കുന്നതിൽ അദ്ദേഹത്തിനു വിഷമമാകില്ലേയെന്നു് തോപ്പി ലച്ചനും മററും ചോദിച്ചപ്പോൾ മാത്രമാണ് അദ്ദേഹത്തിനു് അതിൻെറ ഗൗരവം മനസ്സിലായുള്ളു. താഴെയുള്ളവർ താഴെ തന്നെ പോയി പഠിക്കുവിനെന്നും അവരോടു് ചാവറയച്ചൻ പറഞ്ഞു.

പോരൂക്കരയച്ചൻ വന്നപ്പോൾ പഴയതുപോലെതന്നെ നടന്നു പോയതിനാൽ അതുപോലെതന്നെ തുടരുകയും ഏതാനുംപേരു് പള്ളിപ്പുറത്തേയ്ക്കു് പോവുകയും ചെയ്തു. എങ്കിലും കുടക്ക ച്ചിറ അന്തോനി ശെമ്മാശനു് ഇതു് അപമാനമായി തോന്നി. മുകളിൽ കൊവേന്തക്കാരനായികൊള്ളാമെന്നു് തീരുമാനിച്ച് ''എന്നെക്കൂടി കോവേന്തയിൽ ചേർക്കണമെന്നു'' പോരൂക്കരയ ച്ചനു് ഒരപേക്ഷ എഴുതിക്കൊടുത്തു എന്നാൽ ഈ അപേക്ഷ കണ്ട പ്പോൾ എന്തുകൊണ്ടോ '' ഇദ്ദേഹത്തെ നമുക്കു് വേണ്ട'' എന്നാണ് പോരൂക്കരയച്ചനു് തോന്നിയതു്. എങ്കിലും ''ഇപ്പോഴിതിനു് മറുപ ടിപറയാൻ സാധിക്കയില്ലായെന്നും ചിന്തിച്ചിട്ടു് പറയാമെന്നും'' പ റഞ്ഞു.കുടക്കച്ചിറ വീണ്ടും കുറെ നാൾ അവിടെ താമസിച്ചു, ഒരു ദിവ സം പാലായിലേയ്ക്കു പോയിവരട്ടേ എന്നു് പറഞ്ഞു് അവിടെ നിന്നും പോയി. ഇപ്രകാരം രണ്ടായി വേർതിരിച്ചു് ഏതാനും ശെമ്മാ ശ്ശന്മാരും അച്ചന്മാരും കൂടി ആയപ്പോൾ ഒരു ചെറിയ സമൂഹമായി. ഇങ്ങനെ ജീവിച്ചുതുടങ്ങിയപ്പോൾ മെത്രാനച്ചനു് വലിയ സന്തോ ഷമാവുകയും ചെയ്തു.

മാന്നാനത്തെ സെമിനാരി വിഭജനത്തിലൂടെ പോരൂക്കരയ ച്ചനിലുള്ള ഒരു പ്രത്യേകഗുണം കണ്ടെത്തുവാൻ കഴിയും. നിശബ്ദ

തയും ആദ്ധ്യാത്മികതയും കാംക്ഷിച്ചുകൊണ്ടായിരുന്നല്ലോ പിതാക്കന്മാർ സന്യാസഭവനം സ്ഥാപിക്കുവാൻ ആരംഭിച്ചത്. അതിന്ന് ഭംഗം വന്നേക്കാവുന്ന ഒന്നായിട്ടാണ് സെമിനാരിയെ അദ്ദേഹം വീക്ഷിച്ചതു്. എങ്കിലും പാലയ്ക്കലച്ചന്റെ അഭിപ്രായത്തോട്ട് യോജിച്ച് സെമിനാരി ആരംഭിച്ചു. എന്നാൽ എല്ലാവരും സന്യാസജീവിതത്തിനു പററിയവരല്ലെന്ന് ആ കർമ്മയോഗി മനസിലാക്കി. അതുകൊണ്ടായിരിക്കണം വൈദിക വിദ്യാത്ഥികളുടെ എണ്ണം വദ്ധിച്ചപ്പോഠം മററുള്ളവരോട്ട് ആലോചിച്ചുകൊണ്ടു് ധ്യാനം നടത്തിയതും സന്യാസാത്ഥികളെ വേർതിരിച്ച് താമസിപ്പിച്ചതും.

1838–ഓട്ട് കൂടിയാണ് സന്യാസജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന വൈദിക വിദ്യാത്ഥികഠംക്കുവേണ്ടി ഒരു പ്രത്യേക സംവിധാനം പോരൂക്കരെയച്ചൻ ചെയ്തതെന്ന കാര്യം പ്രത്യേകം സ്മരണീയമത്രെ.

അദ്ധ്യായം 5

# അന്ത്യനാളുകൾ

പോരൂക്കരയച്ചൻെറ അവസാനകാല ജീവിതത്തെക്കുറിച്ച് അധികമൊന്നും ചരിത്രരേഖകൾ നമുക്കു ലഭിച്ചിട്ടില്ല. പള്ളിയുടെ പണി ആരംഭിച്ചതിനെക്കുറിച്ച് നാളാഗമത്തിൽ വിവരിച്ചതിനു ശേഷം, പിന്നീടങ്ങോട്ട് അദ്ദേഹത്തിൻെറ ചരിത്രം നാളാഗമത്തിൽ വിവരിച്ചു കാണുന്നില്ല. പിന്നെ നാം കാണുക. അദ്ദേഹത്തിൻെറ രോഗവിവരങ്ങളെ കുറിച്ചും അന്ത്യനാളുകളെകുറിച്ചുമാണ്.

## എ. പ്രമേഹരോഗി

പോരൂക്കരയച്ചൻ പണ്ടുമുതൽക്കുതന്നെ ഒരു പ്രമേഹരോഗിയായിരുന്നു. എങ്കിലും അതൊന്നും സാരമാക്കാതെയാണ് ഓടി നടന്നു ജോലികൾ നടത്തിക്കൊണ്ടിരുന്നതും, നാട്ടുനീളെ ചുററി സഞ്ചരിച്ച് ധ്യാനിപ്പിച്ചും പ്രസംഗിച്ചും ധർമ്മം പിരിച്ചിരുന്നത്. രോഗം കൂടിയിരുന്ന ചിലയവസരങ്ങളിൽ മാത്രം വിശ്രമം എടുത്തിരുന്നതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പാലക്കലച്ചൻെറ നിര്യാണത്തോടെ എല്ലാ ഉത്തരവാദിത്വവും പിതാവിൻേറതായി. പള്ളിപണി നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒരിക്കൽ അദ്ദേഹത്തിൻെറ അസുഖം വദ്ധിച്ചു.

1843 ൽ ശു. കുർബാനയുടെ പെരുന്നാൾ കാഞ്ഞിരപള്ളിലച്ചനും കൂടെ മുട്ടചിറ പള്ളിയിൽ പോയി 1000 ചക്രവും അതുവഴി കടത്തുരുത്തി താഴത്തെ പള്ളിയിൽ ചെന്നു 800 ചക്രവും ധർമ്മവും വാങ്ങിച്ചു യിങ്ങു വന്നപ്പോൾ പോരൂക്കര അച്ചനു മേഘലസിൻെറ ദീനം തുടങ്ങി വൈക്കത്തിനു പൊയിരിക്കുന്നു വീണ്ടും പൂതിചൊട്ട വൈദ്യനെ വർക്കി കൊണ്ടുവന്നു.[30]

ഈയവസരത്തിൽ പള്ളിപണിയും തുടൻുകൊണ്ടിരുന്നു. ചാവറയച്ചനാകട്ടെ മാന്നാനത്തു് പ്രസ്സ് സ്ഥാപിക്കുന്നതിനുവേണ്ടി ഓടി നടക്കുകയായിരുന്നു. അങ്ങനെയിരിക്കവെയാണ് പോരൂക്ക

30. Ibid p 42

രയച്ചനേയും ചാവറയച്ചനേയും മൽപാൻ സ്ഥാനത്തേക്കുയർത്തി യതു്. അതോടെ സെമിനാരിയുടെ ഉത്തരവാദിത്വവും പിതാവി ന്റേതായി. മൽപാൻ സ്ഥാനത്തേക്കുയർത്തിയതിനെപ്പററി ചാവറ യച്ചൻ രേഖപ്പെടുത്തുന്നു:

ഈ പെരുന്നാറം തുടങ്ങിയിരിയ്ക്കുംപൊറം പെ. ബ. മെത്രാപ്പൊ ലിത്താച്ചൻ യിനിക്കും പൊരൂക്കരെ അച്ചനും രണ്ടു് പത്തെന്തികറം കൊടുത്തയച്ച. അതിൽ മൽപാനും പരുഷ ക്കാരനും അയി കഴലപ്പെട്ടത്തിയിരിക്കുന്നു എന്ന വാശകം[31]

ഇവിടെ ഒരു കാര്യം എടുത്തു പറയേണ്ടതാണ്. ഒരു കാലത്ത് നമ്മുടെ പിതാക്കന്മാരോട് പറയത്തക്ക താൽപര്യം ഇല്ലാതിരുന്ന മെത്രാപ്പോലിത്ത ഒരു ചുരുങ്ങിയ കാലത്തിനുള്ളിൽ അവരുടെ ആത്മമിത്രങ്ങളായി തീരുകയും അവരെ ഉയന്ന സ്ഥാനങ്ങറം നൽകി ബഹുമാനിക്കുകയും ചെയ്തു. പിതാക്കന്മാരുടെ വിധേയത്വവും അനുസരണശീലവും കഠിനാദ്ധ്വാനപ്രകൃതിയും, എല്ലാററിനും ഉപരി അവരുടെ പ്രാത്ഥനാ ചൈതന്യവുമായിരിക്കാം, തങ്ങളെക്കുറിച്ച് ഒരു നല്ല താൽപര്യം മെത്രാപ്പോലീത്തയിൽ ജനിപ്പിക്കുവാൻ അവക്കു് സാദ്ധ്യമായത്. ആ താൽപര്യം, പ്രത്യേകിച്ചും പോരൂ ക്കരയച്ചനോടുള്ള സ്നേഹവും വാത്സല്യവും അദ്ദേഹം തന്റെ പ്രവ ത്തികളിലൂടെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. മെത്രാനച്ചൻ രോഗിയായിരുന്നയവസരത്തിൽ ഉണ്ടായ ഒരു സംഭവം അദ്ദേഹ ത്തിന്റെ ഈ പ്രത്യേക താൽപര്യത്തെ സ്പഷ്ടമാക്കുന്നു. 1844-ൽ മെത്രാനച്ചൻ ദീനം പിടിപെട്ട് കിടപ്പിലായി. അദ്ദേഹത്തിനു രോ ഗംകൂടിയപ്പോറം ബ. അച്ചന്മാർ അദ്ദേഹത്തെ കാണുവാൻ ചെന്നെ ങ്കിലും ആരേയും അനുവദിച്ചില്ല. എന്നാൽ പോരൂക്കരയച്ചൻ എത്തിയിരിക്കുന്ന വിവരം അറിഞ്ഞയുടനെ മെത്രാനച്ചൻ പോരൂ ക്കരയച്ചനെ വിളിച്ച് കാണുകയും പ്രാത്ഥന യാചിക്കുകയും ചെയ്തു.

ധനുവം 2-ാം തീയതി പൊരൂക്കരെ അച്ചന്റെ അനുജൻ കുരിയാക്കോസ കത്തനാരച്ചനും കല്ലൂർക്കാട്ടു നിന്നും വന്ന തോപ്പിലച്ചനും കൂടെ യിവരും വരാപ്പുഴയ്ക്കു പോയി. അപ്പോറം ദീനത്തിന്റെ വയിഷമ്യമാകയാൽ കാഴ്ചക്കാർ കെറുവാൻ അനുവാദമില്ല. വരുന്നവരുടെ പേരു് എഴുതി വൈയ്ക്കുന്നു എങ്കിലും പൊരൂക്കരെ അച്ചൻ വന്ന വർത്തമാനം അറിയി

31. Ibid p 44

ച്ചാറെ വരുവാൻ കൽപിച്ചു. കയറി കണ്ടു എങ്കിലും അപെ ക്ഷിച്ചുകൊള്ളണമെന്നും ചുരുങ്ങിയ വചനത്തിൽ കൽപിച്ചു.[32]

പിതാക്കന്മാരുടെ അക്ഷീണ പ്രയത്നംകൊണ്ടും വ്യക്തികളിൽ നിന്നും ലഭിച്ച സഹായത്താലും പള്ളിയുടെ മുഖവാരം പൂർത്തിയാക്കി. ചാവറയച്ചൻ പ്രസ്സ് സംബന്ധമായ കാര്യങ്ങൾക്ക് വേണ്ടി ഓടിനടക്കുകയായിരുന്നു. അങ്ങനെയിരിക്കെ പോരൂക്കരയച്ചന്റെ രോഗം വീണ്ടും വദ്ധിച്ചു. ആലുവായിൽചെന്ന് കുളിച്ചാൽ കുറെ സുഖമാകും എന്ന് പലരും പറഞ്ഞതുപ്രകാരം അദ്ദേഹത്തിന്റെ അനുജനും മരുമക്കൾ രണ്ടു് കുട്ടികളും കൂടി ചൊവ്വരെ പള്ളിയിൽ താമസമാക്കി. കുറെ കഴിഞ്ഞിട്ടും രോഗം കൂടുകയാണുണ്ടായത.തെന്നറിഞ്ഞപ്പോൾ അച്ചന്മാക്കെല്ലാം വലിയ ദുഃഖമായി. എങ്കിലും വി. യൗസേപ്പുപിതാവിൽ ആശ്രയിച്ച് അസുഖത്തിന്റെ ആരംഭം മുതൽ മൂന്നുനേരമുള്ള പ്രാത്ഥനയിൽ എല്ലാവരും കൂടി ഒരു സ്വർഗ്ഗസ്ഥനായ ജപവും ഒരു നന്മനിറഞ്ഞമറിയം എന്ന ജപവും ചൊല്ലി സുഖപ്രാപ്തിക്കുവേണ്ടി പ്രാർത്ഥിച്ചുപോന്നു. മാന്നാനത്തെ തിരുന്നാളിനു ഒരാൾ ചെന്ന് ക്ഷണിച്ചതുകൊണ്ട് പോരൂക്കരയച്ചൻ അതിനു വന്ന് തിരിച്ചുപോയി. ദൈവാനുഗ്രഹത്താൽ പിന്നീട് കുറെ ഭേദമായി. നാളാഗമത്തിൽ രേഖപ്പെടുത്തുന്നു:

> ഇങ്ങനെ കഴിഞ്ഞു വരുമ്പോൾ ഞങ്ങളുടെ തലവൻ പൊരുക്കരെ അച്ചന്റെ ദീനത്തിനു ഭേദം കാണായ്കയാൽ ആലുവായിൽ പോയി കുളിപ്പാൻ നിശ്ചയിച്ചു പുറപ്പെട്ടു ചൊവ്വരെ മാർ യൌസേപ്പ് പുണ്യവാളന്റെ പള്ളിയിൽ പാൎത്തു. അവിടെ വച്ചു ദീനം കടുത്തു എങ്കിലും ഭേദമായി. അവിടെ നിന്നും വന്ന വീണ്ടും നമ്മുടെ വെസറൌമ്മയിൽ തന്നെ പാൎത്തയിതിന്റെ ശെഷം ചിങ്ങമാസം പിറന്ന പിന്നെയും പുതിയൊട്ടച്ചനെ കാൺമാൻ വീണ്ടും കല്ലൂക്കാട്ടിനു പൊയി താമസിയാതെ പൊയി വരാമെന്നും പറഞ്ഞ നിശ്ചയിച്ചയാറെ വൈദ്യന്റെ പ്രമാണത്താലും മാതൃ സഹോദരന്മാരുടെ അപെക്ഷയാലും കുറെ അവിടെ താമസിക്ക എന്നും വച്ചു പാൎത്തുവരും പൊൾ യിതിനിടയിൽ പലപ്പഴം സുഖവും സുഖക്കെടുമായി പാൎത്തുവന്നു. [33]

32. Ibid p 45
33 I bid pp 52-53

## ബി. മരണം

പോരൂക്കരയച്ചൻെറ രോഗം കുറഞ്ഞും കൂടിയുമിരുന്നു. അദ്ദേഹമാകട്ടെ മരണത്തിനു് ഒരുങ്ങി കിടക്കുകയായിരുന്നു. അടുത്തടുത്ത് കുമ്പസാരിക്കുകയും വി. കുർബാന കൈക്കൊള്ളുകയും ചെയ്തിരുന്നു. രോഗം ചിലപ്പോഴെല്ലാം കുറഞ്ഞിരുന്നുവെങ്കിലും പൂൎണ്ണമായി മാറിയില്ല. അദ്ദേഹത്തിൻെറ രോഗമൂർദ്ധന്യത്തെ പററിയും നിര്യാണത്തെ പററിയും അദ്ദേഹത്തിൻെറ അനുജൻ കുരിയാക്കോസച്ചൻ രേഖപ്പെടുത്തിയിട്ടുണ്ടു്:

1843-ാം കാലം ബ. അച്ചൻ ശ്രു. കുർബാനയുടെ റാസയും ചൊല്ലി പടാത്ഥയും പറഞ്ഞു. പിറെറ ദിവസം പ്രമേഹം പെട്ടെന്നു് വർദ്ധിച്ചു. വൃശ്ചികമാസം വരെയും അധികഠിനമായി വർദ്ധിച്ചിരുന്നു. ഇതിനിടയിൽ ദൈവസ്തുതിയേയും ആത്മോപകാരത്തെയും ആഗ്രഹിച്ചു തുടങ്ങിയിരിക്കുന്ന ഈ വേല ശുദ്ധ.പള്ളി കൈകൊണ്ടു ഈ അപേക്ഷ നിറവേററി തരണമെന്നു അപേക്ഷിച്ചുകൊണ്ടു തങ്ങളെല്ലാവരേയും ഈ സ്ഥലത്തേയും മേലധികാരി ആയ ളദവിക്കോസു് മെത്രാനച്ചനെ ഏൽപ്പിക്കുകയും സന്തോഷത്തോടെ ഭാരമേല്ക്കുകയും സമസ്ത കാര്യങ്ങളും പ്രിയോരച്ചനെ ഏറ്റപ്പിക്കുകയും ചെയ്തുകൊണ്ടു മരണത്തിനു് വിശേഷ ആസ്ഥപ്പാടു കൂട്ടിയിരുന്നു. വൈദ്യനെ കാൺമാനായി കല്ലൂക്കാട്ടു പോയി അവിടെ കുറെ നാറം താമസിക്കയിൽ ഒരു ദിവസം ധനു. 27-ാം തീയതി രാത്രിയിൽ വിശേഷാൽ വായുവിൻെറ ഇളക്കവും ക്ഷീണവും കാണുകയാൽ കുലിപ്പുരയ്ക്കൽ ബ. മത്തായി കത്തനാരു കുമ്പസാരിപ്പിക്കുകയും യാത്ര പ്രകാരമായി എൻെറ കയ്യാൽ ശുദ്ധ. കുർബാനയും എല്ലാ പട്ടക്കാരും ഉണ്ടായിരിക്കെ ഒടുക്കത്തെ ഒപ്രുശുമയും കൈക്കൊണ്ടു പ്രിയോരച്ചനും സമീപമുള്ള പള്ളിക്കാരും വന്നു കണ്ടു. വൈദ്യനുമായി ആലോചിച്ചാറെ മുൻ പറഞ്ഞു ബോധിപ്പിച്ചിരിക്കുന്നതിൻ വണ്ണം കൊവേന്തയ്ക്കു പോകുവാൻ സമയമായിരിക്കുന്നു. ചെന്നു ചേരുന്നതിനകത്തു യാതൊരു ഭയത്തിനും ഇടയില്ല എന്നു പറഞ്ഞു. പ്രത്യേക ദൈവസഹായത്താൽ എഴുന്നീററു പുരയുടെ വാതുക്കൽ ചെന്നു് അമ്മയോടും മററും യാത്ര പറഞ്ഞു് ക്രമംപോലെ കയ്യും മുത്തി യാതൊരു പകർച്ചയും കാണിക്കാതെ വഞ്ചി

യിൽ കയറി. അന്നേ ദിവസം തന്നെ ഞങ്ങളെല്ലാവരും സൌഖ്യത്തോടെ മാന്നാനത്തിൽ വന്നു ചേൎന്നു. പിറെറ ദിവസം കുറെ ആശ്വാസം തോന്നി. ഒരു ദിവസം കുമ്പസാരിച്ചു ശുദ്ധകുർബാന കൈക്കൊണ്ടു വെന്തീഞ്ഞിന്റെ ദോഷപൊറുതി കൈക്കൊള്ളുകയും താൻ ചൊല്ലുവാനുള്ളതൊക്കെയും താൻ തന്നെ ചൊല്ലുകയും ചെയ്തു. പിന്നെ മറെറാരു ദിവസം ശുദ്ധ കുർബാന കൈക്കൊണ്ടു സുപ്പലേശ്ശും ഇട്ടു മുട്ടിന്മേൽ നിന്നുകൊണ്ട് എല്ലാവരുമായി മരണനേരത്തു ചൊല്ലുന്ന വഴിക്കാലെയും അതിന്റെ അപേക്ഷകളും നിറവേററി കൎത്താവിന്റെ വരവിനെ പാൎത്തിരുന്നു. തന്റെ സ്നേഹിക്കപ്പെട്ട സഖി ആയ പ്രിയോരച്ചനുമായി എല്ലാ ആസ്ഥപ്പാടും ചെയ്തിരിക്കയിൽ എട്ടാം തീയതി വ്യാഴാഴ്ച പകൽ ഒടുക്കത്തെ യാമത്തിൽ മരണവായു തുടങ്ങി. സന്ധ്യാസമയത്തിൽ കുമ്പസാരിച്ചു. വ്യസനങ്ങൾ ഒക്കെയും എത്രയും ക്ഷമയോടെ സഹിച്ചിരുന്നു. ആ സമയത്തിനടുത്ത സുകൃത ജപങ്ങളും ചൊല്ലിയിരുന്നു. ബ. തോപ്പിലച്ചൻ കൂടെക്കൂടെ ചൊല്ലിക്കൊടുക്കുകയും, സമീപെ ആസ്ഥമാക്കിയിരുന്ന സ്വരൂപങ്ങളെ മുത്തുകയും സൂക്ഷിക്കുകയും ചെയ്തിരുന്നു. മഹാവ്യസനമായിരിക്കുന്നു, വ്യസനം കൂടിവരുന്നു എന്നല്ലാതെ സഹിപ്പാൻ വഹിയാത്ത പ്രകാരം കാഴ്ചകാൎക്കു തോന്നിയിരുന്നില്ല. ഒരു കൂട്ടം പള്ളിയിൽ അപേക്ഷിച്ചിരുന്നു.

ഇങ്ങനെ ഇരിക്കേ എല്ലാവരും നിൽക്കയിൽ പെട്ടെന്ന് താൻ ഒന്നു പകൎന്നു. എത്ര മണി ആയി എന്നു ചോദിച്ചു. പന്ത്രണ്ടു മണി ആയിരിക്കുന്നു എന്നു പറഞ്ഞ ഉടൻ ഞാൻ അനുഭവിക്കുന്ന സങ്കടങ്ങൾ പ്രായശ്ചിത്തമായി നിശ്ചയിച്ചു കൊണ്ട് എന്റെ ദോഷങ്ങൾ പോക്കികൊള്ളണം എന്നു പറഞ്ഞു കൊണ്ടു മുട്ടിന്മേൽ താൻ ഇരിക്കുംവണ്ണം കട്ടിലേൽ ഒരുത്തൻ താങ്ങി കൊണ്ടിരിക്കുമ്പോൾ കയ്യെടുത്തു ചേച്ചയായിട്ടു കുരിശുവരച്ചു. തൂങ്ങപ്പെട്ട രൂപം മേടിച്ച് അഞ്ച് മുറിവുകളേയും മുത്തി പ്രാൎത്ഥിച്ചു. ദേവമാതാവിന്റെ സ്വരൂപവും സാവധാനത്തിൽ ഭക്തിയാൽ മുത്തി കൊടുത്തുടൻ തല ചായിച്ചു മിണ്ടടങ്ങി, മരണസമയം എന്നു തോന്നി ഞങ്ങളെല്ലാവരും ദോഷം പൊക്കി റൂശ്മാ കൊടുത്തു. അത്രയും നേരം കൊണ്ടു മരിച്ചു.

ഇത്രയും ഇട വേർതിരിവായിട്ടുണ്ടായിരുന്നു. ഇപ്രകാരം നാല്പ ത്താറാമത്തെ വയസ്സിൽ പരാക്രമവേലയുടെ സമ്മാനം കൈ കൊള്ളുവാനായി 1846–ാം കാലം മകരമാസം 8–ാംതീയതി വ്യാഴാഴ്ച 12 മണി രാത്രിയിൽ ഈ ലോകം വിട്ടുപിരിഞ്ഞു.

പിറെറ ദിവസം 9–ാം തീയതി വെള്ളിയാഴ്ച, അന്നത്തെ മര്യാദയ്ക്കു തക്കവണ്ണം ഘോഷത്തോടു കൂടെ റാസയും, ഒപ്പീസും പാടി മദ്ബഹായുടെ അഴിക്കു താഴെ നടുവിൽ ഈ ദേവാലയ ത്തിൽ ഒന്നാമതായിട്ടു പ്രിയോരച്ചൻ മുതലായ സഹോദരരും ഏറിയ പട്ടക്കാരും ശമ്മാച്ചന്മാരും ബഹുജനങ്ങളും കൂടിയിരി ക്കയിൽ കുറിയാക്കോസ് ഏലീശാ എന്ന ഞാൻ ശേഷ ക്രിയ കഴിച്ച് കവറടക്കം ചെയ്തു. മററുള്ള ക്രമങ്ങളും പതിവു പോലെ ഇവിടെ നടത്തി. ഇവിടെ നിന്നായിട്ടും ഏറെക്കുറെ നാൽപത്താറു റാസ ചൊല്ലി. ഇതിനും പുറമെ വീട്ടുകാരുടെയും ഇടവകക്കാരുടെയും താൽപര്യത്തിന്മേൽ മൂപ്പതിൻെറ മുറയിൽ ഘോഷമായ ഒരു ശേഷക്രിയ വീട്ടിലും നടത്തി.[34]

തൻെറ ഹൃദയത്തിൽ വളരെ കാലമായി രൂപം കൊണ്ടിരുന്ന അഭിനിവേശം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ അവിശ്രമം പരിശ്രമിച്ചതിലുള്ള ആത്മനിർവൃതിയോടു കൂടി ആ പുണ്യാത്മാവ് തൻെറ നാൽപത്താറ് വർഷക്കാലത്തെ ഈ ലോക ജീവിതത്തിൻെറ നിത്യസമ്മാനം വാങ്ങുവാൻ പരലോകപ്രാപ്തനായി. തന്നിൽ നിക്ഷിപ്തമായ കഴിവുകളോടും, തന്നെ ഭരമേൽപിച്ചിരുന്ന ഉത്തര വാദിത്വങ്ങളോടും പരിപൂർണ്ണമായി ആത്മാർത്ഥത പുലർത്തിക്കൊണ്ടു അദ്ദേഹം ജീവിച്ചു. സ്വഹൃദയാന്തരാളത്തിൽ കത്തിയെരിഞ്ഞി രുന്ന ദൈവസ്നേഹത്തിൻെറയും, (അതിൽനിന്നുയിർകൊണ്ട പര സ്നേഹത്തിൻേറയും) ആകെത്തുകയായിരുന്നു ആ പുണ്യജീവിതം എന്നു പറയാം. ഈ കൊച്ചു കേരളത്തിൽ ഒരു ദീപശിഖ തെളി യിച്ച് നാട്ടികൊണ്ട്, അധികം ആരാലും അറിയപ്പെടാത്തവ നായി ആ ധ്യാനയോഗി കടന്നുപോയി. ഒരു ധന്യജീവിതത്തി ൻെറ ഉടമയായ അദ്ദേഹത്തിൻെറ നല്ല മാതൃക നമുക്കേവക്കും ആവേ ശവും ഉത്തേജനവും നല്കട്ടെ.

---

34 സ്ഥാപക പിതാക്കൻമാർ pp 28 - 30

# അദ്ധ്യായം–6

# പിതാവിൻെറ വ്യക്തിവിലാസം

പുണ്യപുരുഷനായ പോത്രുക്കരയച്ചൻെറ ചരിത്രത്തിലേക്ക് കടന്നു ചെല്ലുമ്പോഠം വളരെ വലിയൊരു ആദ്ധ്യാത്മികത, ആ വ്യക്തിത്വത്തിൽ കണ്ടെത്തുവാൻ കഴിയുന്നുണ്ട്. വളരെ ചുരുങ്ങിയ ഒരു ചരിത്രം മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളതെങ്കിലും, ആ നാമ മാത്രമായ ചരിത്രം മാത്രം മതി, അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഗുണങ്ങഠം എന്തെല്ലാം ആണെന്നും അദ്ദേഹം എങ്ങനെയുള്ള ഒരു വ്യക്തിയായിരുന്നുവെന്നും മനസ്സിലാക്കുവാൻ. എല്ലാവരേയും സ്നേഹിക്കുന്ന, എല്ലാവരേയും ശുശ്രൂഷിക്കുന്ന, എല്ലാവരേയും സ്വന്ത മെന്ന പോലെ കാണുന്ന വിശാലമായ ഒരു വ്യക്തിത്വത്തിൻെറ ഉടമയായിരുന്നു അദ്ദേഹം.

## എ. പാവപ്പെട്ടവരുമായുള്ള ബന്ധം

ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് പാവപ്പെട്ടവ രെന്നറിഞ്ഞിട്ടും, അവരോട് കരുണ കാണിക്കാനും, അവരെ സ്നേഹി ക്കാനും, സ്വന്തമെന്നപോലെ കരുതുവാനും മുതിരുന്നവർ ഇന്ന് ചുരു ക്കമാണ്. ഇത്തരമൊരു സാഹചര്യത്തിൽ പാവപ്പെട്ടവരുമായി ഇടപഴകുവാനും, അവരെ സഹായിക്കുവാനും, സ്നേഹിക്കാനും സാധി ക്കുകയെന്നതു് തീച്ച്യായും വളരെ വലിയൊരു കഴിവാണ്. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാനുള്ള യോഗ്യതയായി കർത്താവ് ചൂണ്ടിക്കാട്ടിയിട്ടുള്ളതു് ഈ എളിയവ്രെ സ്നേഹിക്കുകയും അവരെ സഹായിക്കുകയും ചെയ്തിട്ടുണ്ടോ എന്നതാണല്ലോ. അവിടുന്ന് അരു ളിചെയ്യുന്നു: ''നിങ്ങഠം ഈ എളിയവരിൽ ഒരുവന് ചെയ്തപ്പോ ഴെല്ലാം എനിക്കുതന്നെയാണ് ചെയ്തതു്,, (മത്താ 25: 40) അവിടു ത്തെ ദിവ്യവചനത്തെ സ്വജീവിതത്തിൽ പ്രാവത്തികമാക്കുകയാ യിരുന്നു പിതാവു്. ഈ സ്വഭാവവിശേഷത്തെപ്പററി കനിഷ്ഠസഹോ ദരനായ പോത്രുക്കര കര്യാക്കോസച്ചൻ വിവരിച്ചിരിക്കുന്നതു് ശ്ര ദ്ധേയമാണ്: ''ശനിയാഴ്ചതോറും കൂട്ടമായിട്ടു വരുന്ന ഭിക്ഷകാക്ക

സൽബുദ്ധി പറഞ്ഞുകൊടുത്തു് അവരോടുകൂടി പള്ളിയിൽപോയി അമ്പത്തുമൂന്നമണിജപം എത്തിച്ചിട്ടു് ഭിക്ഷകൊടുത്തിരുന്നു "[35] തന്റെ നേരെ സഹായഹസ്തം നീട്ടി പള്ളിവാതിൽക്കൽ എത്തുന്ന ഭിക്ഷകാക്കു് നാണയത്തുട്ടു് എറിഞ്ഞു്കൊടുത്തു് പറഞ്ഞയയ്ക്കാനല്ല അദ്ദേഹം ഇഷ്ടപ്പെട്ടതു്. സാമ്പത്തികമായ സഹായത്തെക്കാറം അത്തരക്കാക്കു് സ്വീകാര്യമായിട്ടുള്ളതു് സ്നേഹത്തോടുകൂടിയ ഒരു പുഞ്ചിരി, ഒരു വാക്കു് എന്നിവയാണു്. അതു് ലഭിക്കാനാണു് അവർക്കു് ഏറെ ബുദ്ധിമുട്ടുള്ളതും. പോരുക്കരയച്ചൻ അത്തരക്കാരെയെല്ലാം സ്നേഹിക്കാനും അവരുമായി സംസാരിച്ചു്, അവരുടെ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും മനസ്സിലാക്കാനും ശ്രമിച്ചു. അവരെ കത്താവിന്റെ പക്കലേയ്ക്കാനയിച്ചു്, പ്രാത്ഥിക്കുവാനുള്ള ഉത്തേജനം നല്കുകയും, അവക്കുവേണ്ടി പ്രാത്ഥിക്കുകയും ചെയ്തിരുന്നു. കൽക്കട്ടായുടെ തെരുവീഥികളിൽ ആശ്വാസത്തിന്റെ പ്രകരണവുമായി വന്ന മദർ തെരേസയെ ലോകം വിലമതിക്കുന്നുണ്ടെങ്കിൽ, ബഹുമാനിക്കുന്നുണ്ടെങ്കിൽ, അതൊന്നുകൊണ്ടു മാത്രമാണു്: പാവപ്പെട്ടവരോടും ആലംബഹീനരോടുമുള്ള നല്ല പെരുമാററം. അതുപോലെതന്നെ, തന്റെ ഇടവകജോലിക്കിടയിൽ, ആലംബഹീനക്കും പാവപ്പെട്ടവക്കും ആശ്വാസം പകന്നുകൊടുത്തുകൊണ്ടു് അവരുടെയെല്ലാം ആശാകേന്ദ്രമായി ജീവിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു ഈ പിതാവു്.

## ബി. പ്രവർത്തന വിജയം

പോരുക്കരയച്ചന്റെ വ്യക്തിവിലാസം മുഴുവൻ മനസ്സിലാക്കണമെങ്കിൽ, അദ്ദേഹത്തിന്റെ ഇടവകജോലികളെക്കുറിച്ചു് പോരുക്കര കുര്യാക്കോസച്ചൻ തന്നെ രേഖപ്പെടുത്തിയിരിക്കുന്നതു് വായിച്ചാൽ മതി:

> ഇങ്ങനെ മഹാപ്രയാസത്തോടുകൂടെ ഈ കൊവേന്തയുടെ വടക്കോട്ടുള്ള മുറിയും തീത്തു പള്ളിയുടെ പണിയും നടത്തിവരുമ്പോറം പദ്ര്യുവാദൊ പ്രമാണിച്ചു് ശീശ്മ ഉണ്ടായ സമയം തെക്കെ ദിക്കുകറംക്കു് ദെലഗത്തായിരുന്ന പ്രെ. ബെണ്ണാദീനോസു് മൂപ്പച്ചനോടുകൂടെ കൊല്ലം, കോട്ടാർ മുതലായ ദിക്കുകളിലേയ്ക്കു് പോകണമെന്നു് പെ. ബ. പ്രംസിസ്സു ശൌയ്യാർ മെത്രാനച്ചന്റെ കല്പന വരികയാൽ ഈ കൊവേന്തക്കാരും സവ്വതും നടത്തിവരു

[35] Ibid p 21

ന്ന ആളിനെ മാററിയാൽ ഈ വേല വീഴമെന്നും ഇല്ലാതാകുന്ന തിനുള്ള സൂത്രം ഇതായിരിക്കുന്നുവെന്നും, ഇതു് ശത്രുക്കളുടെ വേലയാകുന്നുവെന്നും, ആകയാൽ സങ്കടം ബോധിപ്പിക്കണമെന്നും എല്ലാവരും മുട്ടിച്ചാറെയും ഇത്തു ദൈവകല്പനയെന്നും ദൈവതിരുമനസ്സ് പോലെയാകട്ടെ എന്നും പറഞ്ഞു യാത്ര പുറപ്പെട്ടു; വലിയ യുദ്ധ കാലങ്ങളിൽ കന്യാകുമാരിവരെ പോയി ചെയ്ത വേലകളും വിരോധികളാൽ ഉണ്ടായ ഞെരുക്കങ്ങളും ബുദ്ധിമുട്ടുകളും നടന്ന വഴികളും ആയതിനാൽ തിരുസഭയ്ക്കുണ്ടായ ഉപകാരങ്ങളും എത്രയും അധികമായിരിക്കുന്നു. ഈ യാത്രയിൽ ഉണ്ടായ പഠാത്ഥയാലും ഗുണദോഷങ്ങളാലും മററും വളരെ ജ്ഞാനപ്രയോജനം ആയിടങ്ങളിൽ ചെയ്കയും പതർവാദ വികാരിയായിരുന്ന ഒരു പട്ടക്കാരൻ ളദവിക്കോസു് മെത്രാനച്ചൻ ആ പള്ളി എടുത്താറെ ഏതാനും ജനങ്ങളോട്ടുകൂടെ എറണ്ടാപ്പള്ളിയിൽ ഇരിക്കയാൽ ആ ദേഹത്തിനു് മഹറോൻ ചൊല്ലിയാറെയും അടങ്ങാതെ ചൊല്ലിവരികയാൽ ബഹു കലാപമായി നിവ്വാഹമില്ലാതെ വിമ്മിഷ്ടപ്പെട്ടിരിക്കുമ്പോൾ താൻ ചെന്നു ഗുണദോഷിച്ചു. അപ്പോൾ ത്തന്നെ ആദേഹത്തെ ഇറക്കി സ്വദേശത്തേയ്ക്കയച്ചു. ഇങ്ങനെ പല വിശേഷ സംഗതികളും നടന്നിട്ടുണ്ടു്. ഇതിനാൽ അന്നാൾ വരേയും കൊവേന്തയുടെ മേൽ സന്തോഷം കാണിക്കാതിരുന്ന പ്രംസീസ്ക്കോസു് ശൌയ്യാർ മെത്രാപ്പോലീത്താച്ചനു് തങ്ങളുടെ കൂട്ടത്തിന്മേലും വേലകളിൻമേലും സന്തോഷമായി. [36]

ഒരു കാലത്തു് ഈ പിതാക്കന്മാരോടു് എന്തോ വിഷമം വച്ചു പുലത്തിയിരുന്ന മെത്രാപ്പോലീത്ത പിന്നീടു് പോരുക്കരയച്ചതിൻെറ വ്യക്തി വിലാസം മനസ്സിലാക്കിയപ്പോൾ മുൻതീരുമാനങ്ങൾക്കു് മാററം വരുത്തുകയും, അദ്ദേഹത്തെ മല്പാൻ പദവിയിലേയ്ക്കുയത്തുകയും ചെയ്തു.

മാന്നാനത്തു് ആശ്രമം സ്ഥാപിച്ചു് ലൌകികവ്യാപാരങ്ങൾ ഉപേക്ഷിച്ചു് ആദ്ധ്യാത്മിക ജീവിതം നയിച്ചിരുന്ന പോരുക്കര തോമ്മാക്കത്തനാരെ ഫ്രാൻസീസ് സേവ്യാർ മെത്രാൻ അദ്ദേഹത്തിൻെറ വൃരക്തജീവിതത്തിൽനിന്നു് വിളിച്ചു് കൊല്ലം മുതലായ പ്രദേശങ്ങളിൽ സമാധാനമുണ്ടാക്കുന്നതിനായി നിയോ

36 Ibid pp. 26 - 27

ഗിച്ചു. അദ്ദേഹം കൊല്ലം മുതൽ കന്യാകുമാരിവരെ ചെയ്ത പ്രയാണം, അദ്ദേഹത്തിൻെറ വൈഭവത്തിൽ വിശ്വസിച്ച സേവ്യാർ മെത്രാനച്ചൻെറ പ്രതീക്ഷപോലെ ഫലവത്തായിരുന്നു.[37]

## സി. തളരാത്ത മനസ്

പോരൂക്കരയച്ചനിൽ കാണുന്ന മറെറാരു ഗുണം, ഒന്നിലും മനം മടുപ്പില്ലാത്ത പ്രകൃതിയാണ്. ഒരു പക്ഷേ, ഇതു് വളരെ വ്യക്തമായി കണ്ടെത്തുവാൻ കഴിഞ്ഞെന്നു വരികയില്ല. എന്നാൽ, ചരിത്രം മുഴുവൻ അപഗ്രഥിച്ചു നോക്കുമ്പോൾ അവിടെ കണ്ടെത്തുവാൻ കഴിയുന്ന ഒരു വിശേഷമാണിതു്. ദൈവത്തിൽ അടിയുറച്ച വിശ്വാസവും ആശ്രയബോധവുമുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ളൊരു മനോഭാവം വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുള്ളതു്. പ്രത്യേകിച്ചു്, ആശ്രമസ്ഥാപനത്തിനു് എതിരായ നടപടി ഉണ്ടായപ്പോഴും മററും അതിലൊന്നും മനം മടുക്കാതെ ആത്മവിശ്വാസത്തോടു കൂടി തുടന്നും ബുദ്ധിമുട്ടുകയായിരുന്നു അദ്ദേഹം ചെയ്തതു്. യുവത്വത്തിൽ, വൈദികജീവിതത്തിലേക്കു് പിച്ചവെച്ചു നടക്കുന്ന അവസരത്തിൽ, അദ്ദേഹത്തിൻെറ വാത്സല്യനിധിയായ പിതാവു് മരിച്ചുപോയി എന്നതു് വളരെ വേദനാജനകമായിരുന്നു. എന്നാൽ അതിലൊന്നും നിരാശനാകാതെ, താൻ ഇറങ്ങിത്തിരിച്ച വഴിയിലൂടെ മുന്നേറുകയാണു് പോരൂക്കരയച്ചൻ ചെയ്തിട്ടുള്ളതു്. എന്തിനെ ഉന്നംവെച്ചു് പുറപ്പെട്ടുവോ അതു് സ്വായത്തമാക്കുക തന്നെ ചെയ്തു. അതെ, ഈശ്വര സാക്ഷാൽക്കാരത്തിനായി ആശിച്ചിറങ്ങിയ അദ്ദേഹം അതു് നേടിയെടുത്തു. ഈശ്വര സ്നേഹ, മനന, സാധനകളിലൂടെ ഈശ്വരാനുഭവം പൂണ്ടു.

## ഡി. വനവാസം ആശ്രമത്തിലും

പോരൂക്കരയച്ചൻെറ ജീവിതത്തിലെ ചരിത്ര സംഭവങ്ങളെ ആഴത്തിൽ പഠിക്കുമ്പോൾ കണ്ടെത്തുന്ന ഒരു സവിശേഷതയാണ്, ഏകാന്തത കാംക്ഷിക്കുന്ന അദ്ദേഹത്തിൻെറ വ്യക്തിത്വം. ആദ്യം മുതൽ തന്നെ ഏകാന്തജീവിതത്തിനായി, തീവ്രമായ പ്രാർത്ഥനാജീ

---

37 ഐ . സി . ചാക്കോ, '' മാർ ളൂയിസ് പഴേപറമ്പിൽ ജീവിതവും കാലവും ; തിരുവനന്തപുരം' 1937. pp. 102 - 103

വിതത്തിനായി അദ്ദേഹം ഒരുങ്ങിക്കൊണ്ടിരുന്നു. കാലത്തിന്റെ പൂർണ്ണതയിൽ അതിനായി ഇറങ്ങിത്തിരിച്ചു. എന്നാൽ, പരിപൂർണ്ണമായ വനവാസജീവിതമല്ല ദൈവേഷ്ടം എന്നു മനസ്സിലാക്കിയപ്പോൾ താൻ ആഗ്രഹിച്ച മാർഗ്ഗം വേണ്ടെന്നു വെച്ച്, ദൈവം കാണിച്ചു കൊടുത്തതു തികഞ്ഞ സംതൃപ്തിയോടും സന്തോഷത്തോടും കൂടി സ്വീകരിക്കുകയാണു ചെയ്തതു്.

പാലയ്ക്കലച്ചന്റെ ശിഷ്യന്മാരിൽ രണ്ടുപേർ മാന്നാനത്തു അദ്ദേഹത്തിന്റെ പക്കൽത്തന്നെ തുടർന്നു പഠിക്കാൻ ആഗ്രഹം കാണിച്ചു. ആശ്രമത്തോടു ചേർന്ന് ഒരു സെമിനാരി നടത്തുന്നതു നല്ലതാണെന്നും, അങ്ങനെ ചെയ്താൽ തിരുക്കർമ്മങ്ങളെല്ലാം ഭംഗിയായി നടത്തുവാൻ കഴിയുമെന്നും, ജനങ്ങൾക്കു താല്പര്യമുണ്ടായി കൊവേന്തയ്ക്കു ആളുകളെ കിട്ടുന്നതിനു് എളുപ്പമുണ്ടാകുമെന്നുമുള്ള ആശയത്തോടു പോരൂക്കരയച്ചൻ ആദ്യം അനുകൂലിക്കുന്നതേയില്ല. അതിനു കാരണമായി അദ്ദേഹം പറയുന്നതു്, വൈദിക വിദ്യാർത്ഥികളെ ശരിയായി പരിശീലിപ്പിക്കുക പ്രയാസമാണെന്നും, സെമിനാരി നടത്തിയിട്ടുള്ള സ്ഥലങ്ങൾ കാലക്രമേണ നശിച്ചുപോയിട്ടുള്ള ചരിത്രമാണുള്ളതെന്നുമാണു്. എങ്കിലും, പിന്നീടു് പാലയ്ക്കലച്ചന്റെ മനസ്സിനും ആഗ്രഹത്തിനും അദ്ദേഹം കീഴ്‌വഴങ്ങി.

സെമിനാരി ആരംഭിച്ച്, അതിൽ അംഗങ്ങൾ വന്നപ്പോൾ താൻ ആഗ്രഹിച്ച ഏകാന്തത നഷ്ടപ്പെടുന്നുവെന്നു മനസ്സിലാക്കിയ ആ ധ്യാനയോഗി അതിനുള്ള പോംവഴികളും കണ്ടു പിടിച്ചു് നടപ്പിലാക്കുന്നുണ്ടു്. കൊവേന്തയിൽ ചേർന്നുകൊണ്ടു് അവിടത്തെ നിയമങ്ങളും ചട്ടങ്ങളും പാലിച്ചു് ജീവിക്കുവാൻ ആഗ്രഹിക്കുന്നവരെ വേർതിരിച്ച് ആശ്രമത്തിലെ വൈദികരോടൊപ്പവും അല്ലാത്തവരെ താഴെ നിലയിലും ആക്കി. അങ്ങനെ സെമിനാരിയിൽ തന്നെ ഒരു വേർതിരിവു് ഉണ്ടാക്കി, ഇതെല്ലാം ദീർഘവീക്ഷണത്തോടു കൂടിയായിരുന്നു. ഈ മാററത്തിനെതിരായി പലരും രംഗത്തു വന്നെങ്കിലും അവിടെയൊന്നും പതറാതെ, ആ എതിർപ്പുകളെയെല്ലാം തരണം ചെയ്തു. ഇവിടെയെല്ലാം നമുക്കു് കണ്ടെത്തുവാൻ കഴിയുന്നതു് സന്യാസ ജീവിതശൈലിക്കു രൂപം കൊടുക്കാൻ കാംക്ഷിക്കുന്ന, അതിനായി അക്ഷീണം പ്രയത്നിക്കുന്ന ഒരു സന്യാസ വര്യനെയാണു്.

## ഇ. അനുസരണശീലം

പോരൂക്കരയച്ചൻെറ ചരിത്രത്തിലേയ്ക്ക് ഒന്നു കണ്ണോടിച്ചു നോക്കിയാൽ, അദ്ദേഹം സഭാധികാരികളുടെയും മേൽശ്രേഷ്ഠന്മാരുടെയും നിർദ്ദേശങ്ങളെ അത്യധികം ആദരവോടെ നിറവേററിയിരുന്നുവെന്നു കാണാം. അധികാരികളുടെ ആജ്ഞകളിൽ ദൈവേഷ്ടം കണ്ടുകൊണ്ടാണ് അദ്ദേഹം അതെല്ലാം പ്രവർത്തിപഥത്തിലാക്കിയിരുന്നതു്. പലപ്പോഴും താൻ ആഗ്രഹിക്കുകയും വിഭാവനം ചെയ്യുകയും ചെയ്ത കർമ്മപരിപാടികൾക്ക് വിപരീതമായിട്ടുള്ള നിയമങ്ങളും നിർദ്ദേശങ്ങളും ആയിരുന്നിട്ടുപോലും അതു് സസന്തോഷം സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളതു്.

ഒന്നാമതായി, അദ്ദേഹം മുന്നിൽ കണ്ടിരുന്നതു് ഒരു വനവാസജീവിതമായിരുന്നു. ഏകാന്തതയിൽ ധ്യാനനിർലീനനാകുവാനായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. എന്നാൽ, മെത്രാനച്ചൻ അതിനെ അനുകൂലിക്കാതെ മറെറാരു ജീവിത സാദ്ധ്യതയെ എടുത്തു കാട്ടിയപ്പോൾ, അദ്ദേഹം അതു് സന്തോഷപൂർവ്വം സ്വീകരിച്ചു. അങ്ങനെ ഒരു ആശ്രമ ജീവിതത്തിനു് ആരംഭം കുറിക്കുകയും അതിൻെറ വിവിധ വളർച്ചക്കുവേണ്ടി അക്ഷീണം പ്രവർത്തിക്കുകയും ചെയ്തു.

രണ്ടാമതായി അദ്ദേഹത്തിൻെറ അനുസരണശീലം പ്രശോഭിച്ചു കാണുന്നതു മാന്നാനത്തുനിന്നുമുള്ള സ്ഥലംമാററവേളയിലാണ്. നിരവധി കാലത്തെ കാത്തിരിപ്പിനുശേഷം, വളരെ ശുഷ്കാന്തിയോടും ആഗ്രഹത്തോടുംകൂടി കൊവേന്തയുടെ പണി നടത്തിക്കൊണ്ടിരിക്കയിൽ പെട്ടെന്നുള്ള സ്ഥലമാററം, അതു് ഒരാൾക്കല്ല, എല്ലാവർക്കും വളരെ വേദനാജനകമായിരുന്നു. ഇങ്ങനെയൊരവസരത്തിൽ, സ്വാഭാവികമായി മേൽശ്രേഷ്ഠൻെറ ആജ്ഞയനുസരിക്കുകയെന്നതു് അത്ര എളുപ്പമായിരിക്കുകയില്ല. ഒരു മെത്രാനിൽ നിന്നും അംഗീകാരവും പ്രോത്സാഹനവും ആശീർവാദവും ലഭിച്ചതിനുശേഷമാണ് കൊവേന്തയുടെ പണി ആരംഭിച്ചതു തന്നെ. എന്നാൽ പിന്നീടു വന്ന ഫ്രംസിസ്ക്കോ മെത്രാപ്പോലീത്താച്ചൻ, കൊവേന്ത സ്ഥാപനമായി അവഗാഢം ബന്ധപ്പെട്ടിരുന്ന എല്ലാവരേയും വിവിധ ഇടവകകളുടെ ഉത്തരവാദിത്വം ഏൽപ്പിച്ചുകൊണ്ട് സ്ഥലം മാററുകയാണ് ഉണ്ടായിരുന്നതു്. പോരൂക്കരയച്ചനെ കായംകുളം പിള്ളത്തോപ്പ് എന്നീ ഇടവകകളുടെ വികാരിയാക്കി നിയമിച്ചു.

ഇതു് പ്രതീക്ഷിക്കാത്തതും, താങ്ങാനാവാത്തതുമായ ഒരു സംഭവമായിരുന്നെങ്കിലും, അതിൽ ദൈവേഷ്ടം ദർശിച്ചുകൊണ്ടു് ആ ആജ്ഞ ശിരസാ സ്വീകരിക്കുകയും ഇടവകകളിലേയ്ക്കു പോവുകയും ചെയ്തു.

ഇങ്ങനെ മഹാപ്രയാസത്തോടുകൂടെ ഈ കൊവേന്തയുടെ വടക്കോട്ടുള്ള മുറിയും തീർത്ത് പള്ളിയുടെ പണിയും നടത്തിവരുമ്പോൾ പദർവാദം പ്രമാണിച്ചു് ശിശ്മ ഉണ്ടായ സമയം തെക്കേ ദിക്കുകൾക്കു് ദലഗത്തായിരുന്ന പ്രെ. ബഞ്ഞദീനോസു്മൂപ്പച്ചനോടു കൂടെ കൊല്ലം, കോട്ടാർ മുതലായ ദിക്കുകളിലേക്കു് പോകണമെന്നു് എ. പെ. ബ ഫ്രംസിസ്ക്ക ശൗര്യാർ മെത്രാനച്ചൻെറ കൽപ്പന വരികയാൽ ഈ കൊവേന്തക്കാര്യം സർവ്വതും നടത്തിവരുന്ന ആളിനെ മാററിയാൽ, ഈ വേല വീഴമെന്നും ഇല്ലാതാകുന്നതിനുള്ള സൂത്രം ഇതായിരിക്കുന്നു എന്നും ഇതു് ശത്രുക്കളുടെ വേലയാകുന്നുവെന്നും ആകയാൽ സങ്കടം ബോധിപ്പിക്കണമെന്നും എല്ലാവരും മുട്ടിച്ചാറെയും ഇതു് ദൈവ കൽപ്പനയെന്നു ദൈവതിരുമനസ്സു പോലെ ആകട്ടെയെന്നും പറഞ്ഞുകൊണ്ടു് യാത്ര പുറപ്പെട്ടു [38]

ഇതിൽനിന്നും അദ്ദേഹത്തിൻെറ അനുസരണശീലവും, മേൽശ്രേഷ്ഠന്മാരോടുള്ള വിധേയത്വ മനോഭാവവും വളരെ വ്യക്തമാകുന്നുണ്ടു്. കൊവേന്തയുടെ പണി വീണ്ടും തുടരുവാനുള്ള അനുവാദം ലഭിക്കുന്നതുവരെ അദ്ദേഹം ആ ജോലിയിൽ വ്യാപൃതനായി. ആത്മാർത്ഥതയോടും കഠിനാദ്ധ്വാനത്തോടും കൂടി തന്നെ ഏല്പിച്ചിരുന്ന ഉത്തരവാദിത്വം ശ്ലാഘനീയമായ വിധത്തിൽ അദ്ദേഹം പൂർത്തിയാക്കി.

മാന്നാനത്തു് ആശ്രമത്തോടു കൂടെ ഒരു സെമിനാരി സ്ഥാപിക്കണം എന്നതായിരുന്നു പാലയ്ക്കലച്ചൻെറ ആഗ്രഹം. അതിൻെറ പിന്നിൽ നല്ല ആഗ്രഹമാണുണ്ടായിരുന്നതു്. വൈദികവിദ്യാർത്ഥികൾ ഉണ്ടാകുന്നതുവഴി ദിവ്യബലി തുടങ്ങിയ തിരുക്കർമ്മങ്ങൾ വളരെ ഭക്തിനിർഭരമായി നടത്തുകയെന്നതും, ഭാവിയിൽ ഇവരിൽ നിന്നു് സന്യാസസഭയിലേക്കു് അർത്ഥികളെ കിട്ടുമെന്നതുമായിരുന്നു അദ്ദേഹത്തിൻെറ കണക്കുകൂട്ടൽ. എന്നാൽ പോരൂക്കരയച്ചൻ മറെറാരു വശം കാണുകയുണ്ടായി. അദ്ദേഹത്തിനറിയാമായിരുന്ന ഒരു സെമി

38 സ്ഥാപക പിതാക്കന്മാർ p 26

നാരി ആശ്രമത്തോട് ചേർന്നുണ്ടെങ്കിൽ അതു നടത്തുക അത്ര എളുപ്പമല്ലെന്ന്. ഇരുവരുടേയും ആശയങ്ങളെക്കുറിച്ചും, രണ്ടും ഒരുപോലെ ഇഷ്ടപ്പെട്ട ചാവറയച്ചന്റെ മനോഭാവത്തെക്കുറിച്ചും, നാളാഗമത്തിൽ ചാവറയച്ചൻ വിവരിക്കുന്നുണ്ട്. തന്റെ അഭിപ്രായം വ്യക്തമാക്കിയ പോരൂക്കരയച്ചൻ പിന്നീട് പാലയ്ക്കലച്ചനോട് പൂർണ്ണമായി യോജിക്കുകയാണ് ചെയ്തത്. "എന്തിലും അച്ചന്റെ അഭിപ്രായത്തിനും മനസ്സിനും ചേർന്ന് നടക്കണമെന്ന് ഉറച്ച പോരൂക്കരയച്ചൻ, അദ്ദേഹത്തിന്റെ മല്പാനച്ചനെക്കായിൽ, ഈ ദേഹത്തെ സ്നേഹിച്ച്, ചേർന്ന നിൽക്കയാൽ അച്ചന്റെ മനസ്സുപോലെ എന്നും കീഴ്പ്പടിഞ്ഞു." [39] സ്വന്തം മല്പാനെക്കാൾ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന പാലയ്ക്കലച്ചന്റെ അഭിപ്രായത്തിന് കീഴ് വഴങ്ങി. അതുവഴി അവരിൽ കൂടുതൽ പ്രായം ചെന്ന വ്യക്തിയെന്ന നിലയിൽ, പാലയ്ക്കലച്ചന്റെ അഭിപ്രായം പ്രാവർത്തികമായി. ഇവിടെ നമുക്ക് കണ്ടെത്താൻ കഴിയുന്നത് പോരൂക്കരയച്ചന്റെ വലിയ വ്യക്തിത്വത്തെയാണ്. മററുള്ളവരുടെ ആശയങ്ങൾ ഉൾക്കൊള്ളാനുള്ള തുറന്ന മനസ്ഥിതിയെയുമാണ്. നമ്മുടെ ആശയങ്ങൾക്കും ആഗ്രഹങ്ങൾക്കും യോജിക്കാത്ത പരിതസ്ഥിതികൾ ജീവിതത്തിൽ ഉണ്ടാകുമ്പോൾ, അതെല്ലാം എങ്ങനെ അനുസരിക്കണമെന്ന വലിയൊരു മാതൃക പോരൂക്കരയച്ചൻ നമുക്ക് കാണിച്ചു തരുന്നുണ്ട്.

## എഫ്. പ്രാർത്ഥനയുടെ മനുഷ്യൻ

വി. സുവിശേഷങ്ങൾ ഓരോന്നായി അപഗ്രഥിച്ചു നോക്കിയാൽ, രാത്രികാലങ്ങളിൽ വനാന്തരങ്ങളിലും മലകളിലും പിതാവുമായി ധ്യാനസല്ലാപത്തിൽ, അഗാധ ഐക്യത്തിൽ മുഴുകിയിരുന്ന കർത്താവിനെ കാണുവാൻ നമുക്കു കഴിയും. അവിടുന്ന് പകൽ മുഴുവൻ പ്രസംഗിച്ചും, രോഗികളെ സുഖപ്പെടുത്തിയും, വരുവാനിരിക്കുന്ന ദൈവരാജ്യത്തെ ഭൂമിയിൽ സംജാതമായിക്കൊണ്ടിരിക്കുന്ന ആ നല്ല രാജ്യത്തെ, തന്റെ പ്രവർത്തികളിലൂടെ കാണിച്ചു കൊടുത്തും പാലസ്തീനായുടെ തെരുവീഥികളിലൂടെ നടന്നു നീങ്ങിയിരുന്നു. എന്നാൽ അവിടുന്ന് തന്റെ ജീവിതം ഭൗതികമായ പ്രവർത്തികളിൽ മാത്രം ഒതുക്കി നിർത്തിയില്ല. സത്യത്തിൽ പ്രവർത്തനങ്ങൾക്ക് കൊടുത്തതിനെക്കാൾ കൂടുതൽ സമയം, അവിടുന്ന് പ്രാർത്ഥിക്കുന്നതിനും പിതാവുമായി സല്ലപിക്കുന്നതിനും മാററിവച്ചിരുന്നു.

---

39 നാളാഗമം PP 31-32

ഈ ജീവിതരീതി തന്നെയാണ് പോരൂക്കരയച്ചനിലും കാണു വാൻ നമുക്കു കഴിയുക. ചുരുക്കത്തിൽ അദ്ദേഹത്തിൻെറ ജീവിതം തന്നെ ഒരു പ്രാൎത്ഥനയായിരുന്നു. പ്രാൎത്ഥനയിൽ നിന്നുരുത്തിരി ഞ്ഞതാണ് പിതാവിൻെറ എല്ലാ പ്രവൎത്തികളും. അതുകൊണ്ടു തന്നെ അവയെല്ലാം വേണ്ടതുപോലെ പൂവണിഞ്ഞു. ചരിത്രം അതാണു സാക്ഷ്യപ്പെടുത്തുന്നതു്.

പ്രാൎത്ഥനയും പ്രവൎത്തനവും ഭംഗിയായി സമന്വയിപ്പിച്ചു കൊണ്ടുപോകുന്ന പ്രേഷിതർ വളരെ ചുരുക്കമാണ്. ആ ചെറിയ ഗണത്തിൽപ്പെട്ട ഒരാളായിരുന്നു ഈ പിതാവ്. പ്രാൎത്ഥനാരഹിത രായ കൎമ്മയോഗികളുടെ മുമ്പിൽ ഒരു ചോദ്യച്ചിഹ്നമായി അദ്ദേഹം നിലകൊള്ളുകയാണ്. പ്രാർത്ഥനയിലൂടെയാണ് പ്രവ ൎത്തനങ്ങൾക്കു വേണ്ട ശക്തി സംഭരിക്കേണ്ടതെന്നും, പ്രവൎത്തനം പ്രാർത്ഥനയിലേക്ക് നയിക്കണമെന്നും അദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചു. അതുകൊണ്ടു തന്നെ ആ ധ്യാനയോഗി യഥാർത്ഥ ത്തിൽ പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു. പ്രാർത്ഥനയും പ്രവൎത്തനവും സമന്വയിപ്പിച്ചു കൊണ്ട് ഒരു നല്ല ആദ്ധ്യാത്മിക ഗുരുഭൂതനായിത്തീൎന്നു.

## ജി. പ്രാർത്ഥനയുടെ ഭവനവും തേടി

ബ്രദർ കണിയാന്തറയുമായിട്ടുള്ള സംഭാഷണം തന്നെ ഇതിനു് വേണ്ടത്ര തെളിവുകൾ നൽകുന്നുണ്ട്: ''ഞാൻ കുർബാനപട്ടം ഏററു വന്നാൽ നമുക്ക് രണ്ടു പേൎക്കും കൂടെ വല്ല വനവാസത്തിനും പൊയ് ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം.'' 40 നമ്മുടെ ഭാരതീയ പശ്ചാത്തലത്തിലേക്ക്, പഴയ ചരിത്രത്തി ലേക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ വളരെയേറെ ഋഷികളേയും, മുനിവര്യന്മാരേയും സന്നാസിസന്യാസിനികളേയും കാണുവാൻ കഴിയും. ആന്തരിക ഭൗതിക ഏകാന്തതയിൽ ഈശ്വരനെ മാത്രം മനനം ചെയ്തു്, അവിടുത്തെ മാത്രം ആത്മനാ ദർശിച്ചു്, നാമം കീർ ത്തനം ഉരുവിട്ടുകൊണ്ടിരിക്കുന്ന പുണ്യാത്മാക്കൾ ആയിരുന്നിവർ. ഇതുപോലൊരു ആദ്ധ്യാത്മിക വ്യക്തിയായിത്തീരുവാൻ കൊതി ക്കുന്ന ഒരു വ്യക്തിത്വമാണ് പോരൂക്കരയച്ചനിൽ നാം ദർശിക്കുക. വനവാസ ജീവിതത്തോടു തിരുസഭയുടെ ആദ്യനൂററാണ്ടുകളിൽ

---

40 അറിയപ്പെടാത്ത കൎമ്മയോഗി P.I

ആഭിമുഖ്യം പ്രദർശിപ്പിച്ചിരുന്ന വിശുദ്ധരുടെ ചരിത്രവും അദ്ദേഹത്തെ സ്വാധീനിച്ചതു് സ്വാഭാവികമാണു്. തികഞ്ഞ ഏകാന്തതയിൽ, പ്രാർത്ഥനയിൽ മുഴുകുവാൻ, കർത്താവുമായി ധ്യാന സല്ലാപത്തിൽ ഏർപ്പെടുവാൻ വേണ്ടിയായിരുന്നു, പോരൂക്കരയച്ചൻ വനവാസത്തിനു് പോകുവാൻ ആഗ്രഹിച്ചതു്. അദ്ദേഹത്തിൻെറ ഹൃദയം തികച്ചും ഭാരതീയമായിരുന്നു. ആദ്ധ്യാത്മിക ഭാരതത്തിൻെറ ഹൃദയസ്പന്ദനങ്ങളാണു് ആ വത്സലപിതാവിൻെറ ചിന്തകളിലും ചെയ്തികളിലും നിഴലിച്ചിരുന്നതു്. 'ലോകത്തിൽ ജീവിച്ചാൽ രക്ഷപെടാൻ പ്രയാസം' എന്ന ബോദ്ധ്യവും അദ്ദേഹത്തിൽ സ്വാധീനം ചെലുത്തിയിരുന്നു.

## എച്ച് അൽഭുതസംഭവം

മാന്നാനം നാളാഗമത്തിൽ ബ്രദർ കണിയാന്തറ ഒരു സംഭവം വിവരിക്കുന്നുണ്ടു്. മാന്നാനം കുന്നിൽ കുരിശു നാട്ടിയ ദിവസം 1831 ഏപ്രിൽ 28-ാം തീയതി വ്യാഴാഴ്ച. അന്നത്തെ തിരുകർമ്മങ്ങളുടെ അവസാനം ഒരു കുട്ടിയെ പാമ്പു് കടിച്ചു്, അധികം താമസിയാതെ മരണാസന്നനിലയിലായി. പാമ്പുകടിയേററ ബാലനെ സുഖപ്പെടുത്തുവാൻ വേണ്ടി വൈദ്യനെ അന്വേഷിച്ചു് പരക്കം പായുന്ന വ്യക്തികളെ ആശ്വസിപ്പിച്ചുകൊണ്ടു് പിതാവു് പറഞ്ഞു: ''നിങ്ങൾ ചെറുക്കനെ ഇവിടെ കിടത്തിയും വെച്ചു വീട്ടിൽ പൊയ് കൊൾവിൻ. ഒട്ടും സംശയിക്കേണ്ട ചെറുക്കനെ കാലത്തു നിങ്ങളെ ഏൾപ്പിച്ചു ഞാൻ തരാമെന്നും വിഷകാരിയുടെ അടുക്കൽ അയച്ചു ആത്മക്കേട്ടു വരുത്തണ്ട.'' [41] പിതാവു തന്നെ വി. ജലം കുട്ടിയുടെ മേൽ തളിച്ചു്, പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. എല്ലാവരോടും പ്രാർത്ഥിക്കുവാനും അഭ്യർത്ഥിച്ചു. അന്നു് രാത്രി എല്ലാവരും പിരിഞ്ഞു. കുട്ടി സുഖം പ്രാപിക്കുകയും ചെയ്തു. യാതൊരു ചികിത്സയും കൂടാതെ ബാലൻ സുഖപ്പെട്ടതു് പിതാവിൻെറ പ്രാർത്ഥനകൊണ്ടും ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും കൊണ്ടാണു് എന്നു വ്യക്തമാവുകയല്ലേ? ''മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും; ചോദിപ്പിൻ, നിങ്ങൾക്കു് ലഭിക്കും''(ലൂക്കാ 11:9) എന്നു കർത്താവു് അരുൾ ചെയ്തിട്ടുണ്ടല്ലോ. അവിടുന്നു് കൂട്ടിച്ചേർക്കുന്നു: എന്തെന്നാൽ, ചോദിക്കുന്ന ഏവനും

---

41 Ibid p 43

കിട്ടുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന് തുറന്നു കിട്ടുകയും ചെയ്യുന്നു'' (ലൂക്ക 11:10) അടിയുറച്ച വിശ്വാസത്തിൽ നിന്നാകണം പ്രാർത്ഥന ഉയിർക്കൊള്ളേണ്ടതു്. എങ്കിലേ പ്രാർത്ഥിക്കുന്നതു് സഫലമാകൂ. കർത്താവു ശപിച്ച അത്തിവൃക്ഷം ഉണങ്ങിപ്പോയതു കണ്ട് ശിഷ്യന്മാർ അത്ഭുതപ്പെട്ടപ്പോൾ അവിടുന്നു് പറഞ്ഞു: ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ വിശ്വസിക്കുകയും, സംശയിക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം, അത്തിവൃക്ഷത്തോടു് ഞാൻ ചെയ്തതു് മാത്രമല്ല നിങ്ങൾക്കും ചെയ്യുവാൻ കഴിയുക; പ്രത്യുത, ഈ മലയോടു തന്നെ ഇവിടെ നിന്നു മാറി കടലിൽ ചെന്നു് വീഴുക എന്നു് നിങ്ങൾ പറഞ്ഞാൽ, അതും സംഭവിക്കും. വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കു് ലഭിക്കും'' (മത്താ 21: 21–22).

പൂർണ്ണമായും ദൈവപിതാവിനെ ആശ്രയിച്ചുകൊണ്ടു്, അവിടുന്നു് എല്ലാം ചെയ്തു തരുമെന്നുള്ള ജീവിതബോധ്യത്തിൽ നിന്നുകൊണ്ടാണ് പോരൂക്കരയച്ചൻ പ്രാർത്ഥിച്ചിരുന്നതു്. അദ്ദേഹത്തിൻെറ ജീവിതത്തിൽ പ്രാർത്ഥനയ്ക്കു് വലിയൊരു സ്ഥാനം നൽകിയിരുന്നു. ദൈവത്തിനു് എല്ലാം സാദ്ധ്യമാണെന്നുള്ള വിശ്വാസമുണ്ടായിരുന്നതു കൊണ്ടാണ് അദ്ദേഹത്തിനു് പറയുവാൻ കഴിഞ്ഞതു്,''ഒട്ടും സംശയിക്കേണ്ട. ചെറുക്കനെ കാലത്തു നിങ്ങളെ ഏല്പിച്ചു് തരാം'' എന്നു്.

### ഐ. ധ്യാനയോഗം

ധ്യാനത്തിലൂടെ ഒരു വ്യക്തി എത്തിച്ചേരാവുന്ന ഏററവും ഉയർന്ന ഒരു പദവിയാണ് ധ്യാനസായൂജ്യം. പരിപൂർണ്ണമായ ഏകാന്തതയിൽ, ഭൗതികമായ നിശബ്ദതയെക്കാളുപരി ആന്തരികമായ നിശബ്ദതയിൽ, ദൈവവുമായി, അഥവാ തൻെറ പ്രിയനാഥനുമായി ആത്മസംഭാഷണം നടത്തുകയാണല്ലോ ഈ ധ്യാനരീതിയിലൂടെ. ഇവിടെ വാക്കുകൾക്കു് ഒട്ടും തന്നെ പ്രസക്തിയില്ല. മറിച്ചു്, ഹൃദയങ്ങൾ തമ്മിലുള്ള ഐക്യവും സ്നേഹവുമാണ് ഇതിനു് നിദാനം. മനസ്സിൻെറ അഗാധങ്ങളിൽ ഇഷ്ടദേവനെ മനനം ചെയ്യുന്നിതൽ ആത്മനാ നിർവൃതികൊള്ളുവാൻ പൂർണ്ണമായി ദൈവത്തിൽ ആലീലനാകുവാൻ ആദ്ധ്യാത്മിക വ്യക്തികൾക്കേ കഴിയുകയുള്ളൂ. ആവിലായിലെ വി. ത്രേസ്യാ, കുരിശിൻെറ വി. യോഹന്നാൻ തുട

ങ്ങിയ വിശുദ്ധരെല്ലാം ഇങ്ങനെയുള്ള ധ്യാനസിദ്ധി നേടിയെടുത്ത വരായിരുന്നു. പരിസരബോധംപോലും നഷ്ടപ്പെട്ട്, ദൈവത്തിലായിരുന്നുകൊണ്ട്, അത്ഭുതകരമായ രീതിയിൽ, നിശ്ചലവും ശാന്തവുമായി നീണ്ട മണിക്കൂറുകൾ ചിലവഴിക്കുവാൻ ഇത്തരം ധന്യാത്മാക്കൾക്ക് സാധിച്ചിരുന്നു.

തിരക്കേറിയ ജീവിതത്തിൽ, പ്രവർത്തനങ്ങളുടെ ബാഹുല്യതക്കിടയിലും സ്വഛ്ചമായി, ഏകാന്തമായി, ദൈവപിതാവിനോടായിരിക്കുവാൻ പോരൂക്കരയച്ചൻ സമയം കണ്ടെത്തിയിരുന്നുവെന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. മണിക്കൂറുകൾ ധ്യാനനിർലീനനായി, പ്രത്യേകിച്ച് നിശയുടെ ഏകാന്തതയിൽ എല്ലാവരും ഉറങ്ങുമ്പോഴും പ്രാർത്ഥനയിൽ മുഴുകിയിരുന്ന ആ പുണ്യപിതാവിന് പരിസരബോധം ഉണ്ടാകാറില്ലത്രെ. സ്വജീവിതത്തിലുള്ള അത്ഭുതകരമായ എളിമകൊണ്ടും, ത്യാഗശീലംകൊണ്ടും, അനുസരണ സന്നദ്ധതകൊണ്ടും, അദ്ദേഹം തൻെറ പ്രാർത്ഥനാജീവിതത്തിൻെറ വിശ്വസനീയതയും ദൈവികതയും തെളിയിക്കുകയും ചെയ്തിരുന്നു. ഈ പിതാവിൻെറ പ്രാർത്ഥനാജീവിതത്തെക്കുറിച്ച്, പോരൂക്കര കുര്യാക്കോസച്ചൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

> തൻെറ തപസ്സ പുത്തൻകുർബ്ബാന ചൊല്ലിയ മുതൽ, കാലത്തെ പള്ളിയിൽ കുർബ്ബാന കാണുന്നു. നമസ്കാരങ്ങളും കുർബ്ബാനയും കഴിഞ്ഞു് കഞ്ഞി കുടിക്കുമ്പോൾ ഉച്ചയായിരിക്കും. ഞായറാഴ്ച തിരുന്നാൾ ദിവസങ്ങളിൽ കുർബ്ബാനയും പടാത്ഥയും നമസ്കാരവും കഴിഞ്ഞു് കഞ്ഞി കുടിക്കുമ്പോൾ ഒന്നര രണ്ട് മണിയായിരിക്കും. ഈ കൊവേന്തക്ക് കല്ലിട്ടുകൊണ്ട് പെ. ബ. മെത്രാനച്ചനെ യാത്രയാക്കിക്കൊണ്ട് അതിരമ്പുഴ പള്ളിയിൽ പോയി കുർബ്ബാനചൊല്ലി മുട്ടിന്മേൽ നിൽക്കുന്നതിന്മേൽ വിസ്മയം തന്നെ. റാസാ എങ്കിൽ മുഴുവനും പതിനഞ്ചു രഹസ്യമെങ്കിൽ അതും മുട്ടിന്മേൽ നിന്നുകൊണ്ടു എത്തിച്ചിരുന്നു. രാത്രിയിൽ എല്ലാവരും കിടന്നാലും മേശമേൽ കൈകുത്തിക്കൊണ്ട് ആ നില ഉറക്കമൊഴിച്ചിൽ സൂക്ഷിച്ചാൽ എത്രയും രാവു് ചെന്നു് കിടക്കുന്നു. [42]

---

42 സ്ഥാപകപിതാക്കന്മാർ P 30

പിതാവിൻെറ പ്രാർത്ഥനാജീവിതത്തെക്കുറിച്ച് വിവരിച്ചിരിക്കുന്ന ചുരുക്കം ചില ഭാഗങ്ങളിൽ ഒന്നാണിതു്. ഇതിൽ നിന്നു് തന്നെ അദ്ദേഹത്തിൻെറ പ്രാർത്ഥനാജീവിതം എത്രമാത്രം ആഴമുള്ളതായിരുന്നു; എത്രമാത്രം കർത്താവുമായി ധ്യാനസായൂജ്യത്തിൽ ഏർപ്പെട്ടിരുന്നുവെന്നു് വ്യക്തമാകുന്നുണ്ടു്.

## ജെ. മാന്നാനത്തെ ജീവിതാനുഭവം

മാന്നാനത്തെ ആശ്രമജീവിതത്തിൽ, അവർ നടത്തിയിരുന്ന ഭക്തകൃത്യങ്ങളെക്കുറിച്ച് വളരെ ചുരുക്കത്തിൽ ചാവറയച്ചൻ തൻെറ നളാഗമത്തിൽ വിവരിക്കുന്നുണ്ടു്. അന്നു് അനുഷ്ഠിച്ചിരുന്ന ഭക്ത കൃത്യങ്ങളെല്ലാം പോരുക്കരപ്പിതാവിൻെറ ആഗ്രഹപ്രകാരമാണു് നടത്തിയിരുന്നതു് എന്നു പ്രത്യേകം ചാവറയച്ചൻ എടുത്തുപറയുന്നുണ്ടു്.

> പോരുക്കരയച്ചൻെറ അധികമായ എരിവാൽ മൂന്നുനേരമായിട്ടു് 153 മണിയും വ്യാകുലം യൗസേപ്പ പുണ്യജപം എന്നിങ്ങനെയുള്ള ജപങ്ങളും ഞായറാഴ്ച ഉച്ചയിൽ പാട്ടുപൂജയും പിന്നെ പഠാർത്ഥ പിന്നെ കൊന്തയിങ്ങനെ മുഴവൻ ശുദ്ധമായിട്ടു് കൊള്ളിപ്പാനായിട്ടുമിടകൊടുക്കാതെയുള്ള ഈ വേലയും വല്യനൊയമ്പിൽ ഹുദറാ നമസ്കാരവും (കാനോന നമസ്കാരത്തിൻെറ ഒരു ഭാഗം) വെള്ളിയാഴ്ച മൂന്നു മണി കഴിഞ്ഞാൽ മലയുടെ താഴെ തുടങ്ങി പതിന്നാലു "പാസിന്ന" (പതിന്നാലു കുരിശു് നാട്ടി ഏവരും കൂടിയുള്ള വിയാസാക്ര, വലിയ"വിയ" തന്നെ. ആ കല്ലുകളുടെ ഇടയിൽ "ഗാഗുൽത്താ കരേറി" എന്നതു പറയുംപൊഠം മലമുകളിൽ കയറുംയിങ്ങനെയുള്ള ഈ വിയാസാക്ര കെട്ട അതിരംപുഴ, പുന്നത്ര, കുടമാളൂർ, കൈപ്പുഴ യിങ്ങനെയുള്ള എടവകകളിൽ നിന്നും ഭക്തിക്കാർ എത്തും. പോരുക്കരയച്ചൻെറ നിയോഗപ്രകാരം ഞങ്ങഠം എല്ലാവരും കൂടി ഒരു മുഴവൻ ധ്യാനം കഴിച്ചു. [43]

ഓരോ ദിവസവും അവർ എത്രമാത്രം പ്രാർത്ഥിച്ചിരുന്നുവെന്നു് ഈ കുറിപ്പിൽ നിന്നും വളരെ വ്യക്തമായി നമുക്കു് മനസ്സിലാക്കാം. ഈ പ്രാർത്ഥനാപരിപാടികഠം തുടങ്ങുന്നതാകട്ടെ, പോരുക്കരയ

---

43 നാളാഗമം PP 32-33

ച്ചൻെറ ''അധികമായ എരിവാൽ'' ആണ്. ''അധികമായ എരിവാൽ'' എന്നു ചാവറയച്ചൻ വർണ്ണിച്ചിരിക്കുന്നതു്, പോരൂക്കരയച്ചൻെറ പ്രാർത്ഥിക്കുവാനുള്ള തീക്ഷ്ണമായ ആഗ്രഹത്തെയാണ്. ഈ ഒരേയൊരു വാചകം മതിയാകും, അദ്ദേഹം എത്രമാത്രം പ്രാർത്ഥിച്ചിരുന്നു; പ്രാർത്ഥിക്കുവാൻ ആഗ്രഹിച്ചിരുന്നു എന്നു് മനസ്സിലാക്കാൻ. ഓരോ ദിവസവും മൂന്നു നേരമായിട്ടു് നൂററിഅമ്പത്തി മൂന്നു മണി ജപം എത്തിച്ചിരുന്നു. ഇതൊക്കെ കൂട്ടത്തിൽ മാത്രമുള്ള പ്രാർത്ഥനകളായിരുന്നു. തനിച്ചും ദീർഘസമയം പ്രാർത്ഥിച്ചിരുന്നുവെന്നു് ചാവറയച്ചൻ തന്നെ വിവരിച്ചിരിക്കുന്നതു് നാം കാണുകയുണ്ടായി. ചുരുക്കത്തിൽ നമ്മുടെ പിതാവു് പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു. ജീവിതം തന്നെ പ്രാർത്ഥനയാക്കി മാററിയ വ്യക്തി. ആ പ്രാർത്ഥനയിൽ നിന്നു് കിട്ടിയ ശക്തികൊണ്ടാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നതെന്നു് പറഞ്ഞാൽ തെററുണ്ടെന്നു് തോന്നുന്നില്ല.

**കെ. സഹനത്തിലും ധീരമാതൃക**

പിതാവിൻെറ ലഭ്യമായിട്ടുള്ള ചരിത്രങ്ങളെ വിലയിരുത്തിയാൽ, ഒരു പ്രത്യേക ഗുണം അദ്ദേഹത്തിൽ കണ്ടെത്തുവാൻ കഴിയും. യഥാർത്ഥത്തിൽ, സഹനത്തിൻെറ ഒരു മനുഷ്യനായിരുന്നു ഈ പിതാവു്. ലിസ്യൂവിലെ വി. കൊച്ചുത്രേസ്യയെപ്പോലെയും, കേരളത്തിലെ, വാഴ്ത്തപ്പെട്ട അൽഫോൻസായെപ്പോലെയും, സഹനത്തിനു് തൻെറ ജീവിതത്തിൽ വളരെയധികം പ്രാധാന്യം നൽകിയിരുന്നു. പലപ്പോഴും രോഗിയായിത്തീർന്നിട്ടുള്ള അദ്ദേഹം മിക്കവാറും അതെല്ലാം ആരേയും അറിയിക്കാതെ കർത്താവിനെപ്രതി സഹിച്ചിരുന്നുവെന്ന നിഗമനത്തിലാണു് എത്തിച്ചേരുവാൻ കഴിയുന്നതു്. ആരോഗ്യം കണക്കിലെടുക്കാതെ ആശ്രമസ്ഥാപനത്തിനായി അക്ഷീണം ബുദ്ധിമുട്ടുകയായിരുന്നുവെന്നു് നാളാഗമചരിത്രത്തിൽ വിവരിച്ചു കാണുന്നുണ്ടു്.

പണിക്കാര്യത്തിൽ പണിക്കാരോടു കൂടി വേല ചെയ്യുകയും ചിലസമയം രാത്രിയിൽ കക്ക, കല്ലു് മുതലായവ മസ്മോറാ പാടികൊണ്ടു് ചുമക്കുകയും വഞ്ചിയും അതിനു വേണ്ട അനുസാരികളും ഇല്ലായ്കയാൽ മഹാബുദ്ധിമുട്ടോടെ എല്ലായിടങ്ങളിലും ധർമ്മത്തിനായി യാത്രയും ചെയ്തിരുന്നു. വേലയുടെ നടത്തിപ്പിനുവേണ്ടി തൻെറ അവസ്ഥയെ

വിട്ടുകൊണ്ട് കാട്ടിയ എളിമയും അനുഭവിച്ച ബുദ്ധിമുട്ടുകളും കഴിച്ചയാതനകളും എത്രമാത്രമെന്നു വിവരിക്കാവുന്നതല്ല. [44]

ആ സഹനമെല്ലാം സന്തോഷത്തോടുകൂടി അദ്ദേഹം സഹിച്ചിരുന്നു. മരണത്തിനു് എട്ടു ദിവസങ്ങൾക്കു മുമ്പ്, വീട്ടിൽ നിന്നും പോരുമ്പോൾ, താൻ അനുഭവിക്കുന്ന വേദനയും ബുദ്ധിമുട്ടും, തന്റെ അമ്മയേയും സഹോദരങ്ങളെയും കാണിക്കാതെ, അതിന്റെ ലാഞ്ചനപോലും നൽകാതെയാണ് അവിടെ നിന്നും പോന്നതെന്ന് നാളാഗമത്തിൽ പറയുന്നുണ്ട്.

അതുപോലെ മരണനേരത്തെ വേദനകളും സഹനങ്ങളുമെല്ലാം മററുള്ളവർ അതിശയിക്കത്തക്കവണ്ണം സഹിക്കുകയും അതിനിടയിൽപ്പോലും അന്ത്യപ്രാർത്ഥനകൾ ചൊല്ലുകയും ചെയ്തിരുന്നുവെന്ന് പോരുക്കര കുര്യാക്കോസച്ചൻ സാക്ഷ്യപ്പെടുത്തുന്നു.

ഇങ്ങനെ ഇരിക്കയിൽ എല്ലാവരും നില്ക്കയിൽ പെട്ടെന്ന് താനൊന്നു പകർന്നു. എത്ര മണിയായി എന്നു ചോദിച്ചു. പന്ത്രണ്ടു മണിയായിരിക്കുന്നുവെന്ന് പറഞ്ഞുടൻ ഞാൻ അനുഭവിക്കുന്ന സങ്കടങ്ങൾ പ്രായശ്ചിത്തമായി നിശ്ചയിച്ചുകൊണ്ട് എന്റെ ദോഷങ്ങൾ പോക്കികൊള്ളണമെന്ന് പറഞ്ഞുകൊണ്ട് മുട്ടിന്മേൽ താണിരിക്കുംവണ്ണം കട്ടിലിന്മേൽ ഒരുത്തൻ താങ്ങികൊണ്ടിരിക്കുമ്പോൾ കൈ എടുത്ത് ചേച്ച്യായിട്ടു കുരിശു വരച്ചു. ക്രൂശപ്പെട്ട രൂപം മേടിച്ച് അഞ്ചു മുറിവുകളേയും മുത്തി പ്രാർത്ഥിച്ചു. ദൈവമാതാവിന്റെ രൂപവും സാവധാനത്തിൽ ഭക്തിയിൽ മുത്തി. പിതാവിന്റെ ചെറിയ പസ്ക്കിരൂപവും മുത്തി കൊടുത്തുടൻ തല ചായിച്ചു. മിണ്ടടങ്ങി; മരണസമയം എന്നു തോന്നി ഞങ്ങൾ എല്ലാവരും ദോഷം പോക്കി റൂശ്മാ കൊടുത്തു. അത്രയും നേരം കൊണ്ട് മരിച്ചു. [45]

വീണ്ടും പോരുക്കര കുര്യാക്കോസച്ചൻ പറയുന്നത് ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്.

ദൈവസ്നേഹവും അതിൽ നിന്ന് പുറപ്പെട്ട പരസ്നേഹവും, അതു വഴിയായിട്ട് ചെയ്തു വന്നിരുന്ന പരാക്രമ പുണ്യജീവിതവും

44 സ്ഥാപകപിതാക്കൻമാർ PP 25-26

45 I bid P. 29

ദൈവസ്തുതിക്കായിട്ടും പരോപകാരത്തിനായിട്ടും ആരംഭിച്ച ദർശന മഠത്തിൻെറ നടത്തിപ്പിനായി ചെയ്ത വേലകളും, ബുദ്ധി മുട്ടുകളും, സങ്കടങ്ങളും, നടന്ന വഴികളും, ചെയ്ത അപേക്ഷകളും എന്തു് മാത്രമെന്നു് സംക്ഷേപിപ്പാൻ പ്രയാസം തന്നെ. [46]

വളരെ ചുരുങ്ങിയ ചരിത്രമെ രേഖപ്പെടുത്തിയിട്ടുള്ളുവെങ്കിലും യഥാർത്ഥത്തിൽ അദ്ദേഹം സഹനത്തിൻെറ ഒരു വ്യക്തിയായിരുന്നു വെന്നു് മനസ്സിലാക്കുവാൻ നമുക്കു് കഴിയുന്നുണ്ടു്. ഒന്നിനെക്കുറിച്ചും പരാതി പറയാതെയും, സഹനങ്ങളിൽ ദുഃഖിക്കാതെയും എല്ലാം സ്വീകരിക്കുന്ന ഒരു വ്യക്തിത്വത്തിൻെറ ഉടമയായിരുന്നു അദ്ദേഹം.

## എൽ. വി. യൗസേപ്പുപിതാവിനോടുള്ള ഭക്തി

തിരുക്കുടുംബത്തിലെ മൂന്നാമത്തെ വ്യക്തിയായിരുന്നുവെങ്കിലും ദൈവപുത്രനായ യേശുവും അവിടുത്തെ മാതാവും വി. യൗസേപ്പി താവിനു് വിധേയരായിട്ടാണു് ജീവിച്ചിട്ടുള്ളതു്. എല്ലാ വിശുദ്ധ രേക്കാളും പ്രാധാന്യവും പിതാവിനു് തന്നെയാണു്. കാരണം ദൈവത്തിൻെറ പദ്ധതികൾക്കു് പൂർണ്ണമായും കീഴ്‌വഴങ്ങി ക്കൊണ്ടു് മനുഷ്യപുത്രൻെറ വളർത്തു പിതാവാകാനുള്ള ഭാഗ്യം ലഭി ച്ചതു് പിതാവിനു മാത്രമാണു്. വി. സുവിശേഷം പ്രകീർത്തി ക്കുന്നതു്, അദ്ദേഹം നീതിമാനായിരുന്നുവെന്നാണു്.

വി. യൗസേപ്പിതാവിനോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിൽ വളരെ വലിയൊരു പങ്കു വഹിച്ചിട്ടുള്ള വ്യക്തിയാണു് വി. അമ്മ ത്രേസ്യ. ഈ ഭക്തി പരത്തുന്നതാണു് തൻെറ ദൈവവിളിയെന്നു പോലും അവർ ചിന്തിച്ചിട്ടുണ്ടോയെന്നു വേണം അവരുടെ പ്രവർ ത്തനങ്ങളിൽ നിന്നും ഊഹിക്കാൻ. കാരണം അവർ ആരംഭിച്ച മഠ ങ്ങളെല്ലാം വി. യൗസേപ്പിതാവിൻെറ നാമധേയത്തിൽ ആരംഭിക്കു കയും, പിതാവിനോടുള്ള പ്രത്യേക പ്രാർത്ഥനകൾ ചൊല്ലിത്തുടങ്ങു കയും ചെയ്തു. വി. അമ്മത്രേസ്യായുടെ ചരിത്രത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ടു്. വിശുദ്ധയുടെ മരണശേഷം, ഒരു മഠത്തിൻെറ സുപ്പീരിയർ ആ മഠത്തിനു വി. യൗസേപ്പിതാവിൻെറ പേരു് മാററി വി. അമ്മത്രേസ്യായുടെ നാമധേയം നൽകി. എന്നാൽ ഒരു ദിവസം രാത്രിയിൽ ആ സുപ്പീരിയർക്കു് വിശുദ്ധ പ്രത്യക്ഷപ്പെട്ടു

46 I bid P 30

കൊണ്ടു പറഞ്ഞു: ''മഠത്തിനു് വി. യൗസേപ്പിതാവിൻെറ പേരു തന്നെ ഇട്ടാൽ മതി''യെന്നു്. ഇങ്ങനെ, പാശ്ചാത്യ നാടുകളിൽ വി. യൗസേപ്പിതാവിൻെറ ഭക്തി വർദ്ധിക്കുന്നതിന്, അമ്മത്രേസ്യായുടെ പ്രവർത്തനം വളരെയധികം കാരണമായിത്തീർന്നിട്ടുണ്ടു്. പിന്നീടു് ഈ ഭക്തി പൗരസ്ത്യ നാടുകളിലേക്കും വ്യാപിച്ചു.

കേരളത്തിൽ ഈ ഭക്തി വർദ്ധിപ്പിക്കുന്നതിനു് വളരെയധികം പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണു് നമ്മുടെ കഥാപുരുഷൻ. ആ ഭക്തിതീക്ഷ്ണതയുടെ പരിണിതഫലമാണു് മാന്നാനം ആശ്രമത്തിനു് ലഭിച്ചിരിക്കുന്ന വി. യൗസേപ്പിതാവിൻെറ നാമധേയം. മാന്നാനത്തെ പ്രഥമ ആശ്രമത്തിൻെറ കല്ലിടൽ കർമ്മത്തിൻെറ നേരത്തു്, ആശ്രമത്തിനു് ഏതു് പേരിടണമെന്നുള്ള ചോദ്യമുയർന്നു. അന്നത്തെ പ്രമുഖ വ്യക്തികളിൽ നിന്നും പരസ്പരം വ്യത്യസ്തങ്ങളായ ആശയങ്ങളാണുദിച്ചതു്. സ്ഥാപകയോഹന്നാൻെറ പേരിൽ വേണമെന്നു് മെത്രാനച്ചനും, വി. ഡൊമിനിക്കിൻെറ നാമത്തിൽ വേണമെന്നു് പാലയ്ക്കലച്ചനും വി. യൗസേപ്പിതാവിൻെറ നാമത്തിൽ വേണമെന്നു് പോരൂക്കരയച്ചനും അഭിപ്രായപ്പെട്ടു. അവസാനം പോരൂക്കരയച്ചൻെറ ആഗ്രഹത്തോടു് എല്ലാവരും യോജിച്ചു. നാളാഗമത്തിൽ ചാവറയച്ചൻ രേഖപ്പെടുത്തുന്നു:

> പിറെറ ദിവസം പുലക്കാലെ കല്ലിടുവാറായപ്പോഠം, സുഖക്കേടാൽ പെ. ബ. അച്ചൻ ഉടപ്പാനും മററും പാടില്ലായ്കയാൽ പള്ളിപ്പുറത്തച്ചൻ കല്ലിടട്ടെ എന്നും അച്ചനു് പാടില്ലാങ്കിൽ പോരൂക്കരയച്ചൻ ആകട്ടെ എന്നും ഇങ്ങനെ അവരുടെ എളിമയാലും ഉപവിയാലും കുറെ തക്കിച്ചുവെങ്കിലും പോരൂക്കര അച്ചൻ തന്നെ എന്നുറച്ചശേഷം ആരുടെ നാമത്തിൽ വേണം എന്നതിന്മേലും മൂന്നു വിധമായി. അതായതു്, യോഹന്നാൻ മാമ്ദാന എന്നു് പെ. ബ. മെത്രാനച്ചനും മുൻപിനാലെ ദുമ്നീംകോസിൻെറ സഭക്കാരെന്നു ഭാവിച്ചു, പുണ്യവാളൻെറ മേൽ പ്രത്യേകം ഭക്തി ആകയാൽ ദുമ്നിംകോസിൻെറ നാമമെന്നു് പള്ളിപ്പുറത്തച്ചനും വി. യൗസേപ്പിതാവിൻെറ നാമത്തിൽ എന്നു് പോരൂക്കരയച്ചൻെറ മനസ്സും. പോരൂക്കരയച്ചൻെറ നിശ്ചയം തന്നെ എല്ലായിലും നന്നു് എന്നുറച്ചു. അപ്രകാരം ശ്രു. യൗസേപ്പ പുണ്യവാളൻെറ നാമത്തിൽ

കൊവേന്തപ്പള്ളിക്കു് അടിസ്ഥാനക്കല്ലു് പെ. ബ. അച്ചൻ നിന്നുകൊണ്ടു് പോരൂക്കരെഅച്ചനെ കൊണ്ടിട്ടുവിച്ചു.[47]

മാന്നാനത്തെ പ്രഥമ ആശ്രമ ജീവിതകാലത്തു് പൊരൂക്കരെയച്ചന്റെ അഭിപ്രായപ്രകാരം വി. യൗസേപ്പിതാവിനോടുള്ള പ്രത്യേക പ്രാൎത്ഥന ചൊല്ലിയിരുന്നുവെന്നും നാം കാണുന്നുണ്ടു്. ചാവറയച്ചൻ രേഖപ്പെടുത്തുന്നതു് ഇപ്രകാരമാണു്: ''പോരൂക്കര അച്ചന്റെ അധികമായ എരിവാൽ മൂന്നു നേരമായി 153 മണിയും വ്യാകുല ഔസേപ്പുപുണ്യജപം, വെന്തിങ്ങയിങ്ങനെയുള്ള ജപങ്ങളും......[48]

യൗസേപ്പിതാവിനോടുള്ള പോരൂക്കരെയച്ചന്റെ ഭക്തിയും പിതാവിനോടുള്ള സദൃശ്യമായ വാത്സല്യവും വീണ്ടും നമുക്കു കാണുവാൻ കഴിയുക, അദ്ദേഹത്തിന്റെ മരണനേരത്താണു്. വേർപാടിന്റെ ആ അന്ത്യനിമിഷങ്ങളിൽ, സുബോധത്തോടു കൂടി, യൗസേപ്പിതാവിന്റെ രൂപം വാങ്ങി മുത്തുകയുണ്ടായി എന്നു് പോരൂക്കരെ കുര്യാക്കോസച്ചൻ വിവരിക്കുന്നു:

> ക്രൂശിക്കപ്പെട്ട രൂപം മേടിച്ചു് അഞ്ചു് മുറിവുകളേയും മുത്തി പ്രാർത്ഥിച്ചു കൊടുത്തു. ദൈവമാതാവിന്റെ രൂപവും സാവധാനത്തിൽ ഭക്തിയാൽ മുത്തി. പിതാവിന്റെ ചെറിയ പസ്‌ക്കിരൂപവും മുത്തി കൊടുത്തുടൻ തല ചായിച്ചു.[49]

വി. യൗസേപ്പിതാവിനോടു് പ്രാർത്ഥിച്ചു് രോഗശാന്തി ലഭിക്കുന്ന ഒന്നുരണ്ടു് അനുഭവങ്ങൾ, നാളാഗമത്തിൽ ചാവറയച്ചൻ വിവരിക്കുന്നുണ്ടു്.

> ആസ്സമായി ചെന്നപ്പോൾ, അച്ചനു് പൊയതിൽ ദീനം കുറെ കടുത്തിരിക്കുന്നു എന്നുള്ള വർത്തമാനം കൊണ്ടു വന്നു കെട്ടാറെ ഞങ്ങൾക്കു് ഏറെ വിഷാദമായി. എങ്കിലും മാർ യൗസേപ്പുപുണ്യവാളനുമേൽ ശരണപ്പെട്ടു. ദീനത്തിന്റെ തുടക്കം മുതൽ മൂന്നു നേരമുള്ള പ്രാൎത്ഥനയിൽ എല്ലാവരും കൂടെ ഒരു ആ. ന. യിതിനായി അപേക്ഷിച്ചു വരുന്നതിൽ പ്രത്യേക അപേക്ഷ ചെയ്തുകൊണ്ടു അങ്ങളുടെ കപ്യാരു മുത്തപ്പനെ എഴുത്തും കൊടുത്തയ

---

47 നാളാഗമം PP 24-25

48 Ibid p 34

49 സ്ഥാപക പിതാക്കന്മാർ p 29

ച്ചാറെ പെസഹാശ്ശ അവിടെ ചെന്ന വത്തമാനം അറിഞ്ഞിട്ടും പെരുന്നാറം യിവിടെ വന്ന ദൈവസഹായത്താൽ കുറെ സൗഖ്യമുണ്ടെന്നും കൊച്ച കത്തനാരച്ചനും പോയി നമ്മുടെ പെരുന്നാറം തുടങ്ങിയ ഞായറാഴ്ച്ചയിവിടെ വന്നുപൊയ പ്രകാരം പൊലെയിരിക്കുന്നു [50]

ഇതുപോലെ മറെറാരവസരത്തിൽ, പോരുക്കരയച്ചന്റെ രോഗം വീണ്ടും വർദ്ധിക്കുകയും യൗസേപ്പിതാവിനോടുള്ള പ്രാർത്ഥനയാൽ സുഖപ്പെടുന്നതും ചാവറയച്ചൻ വിവരിക്കുന്നുണ്ട്.

ഇങ്ങനെ കഴിഞ്ഞുവരുംപൊറം ഞങ്ങളുടെ തലവൻ പൊരുക്കരെ അച്ചന്റെ ദീനത്തിന്ന ഭെദം കാണായ്കയാൽ ആലുവായിൽ പോയി കുളിപ്പാൻ നിശ്ചയിച്ച്ച പുറപ്പെട്ട ചൊവ്വരെ മാർ. യൗസേപുണ്യവാളന്റെ പള്ളിയിൽ പാർത്തു. അവിടെ വച്ച് ദീനം കട്ടത്തുവെങ്കിലും മാർ യൗസേപ്പുണ്യവാളന്റെ സഹായത്താൽ കുറെ ഭേദമായി. [51]

യൗസേപ്പിതാവിനോടുള്ള ഭക്തിസൂചകമായി മാന്നാനം ആശ്രമ ദേവാലയത്തിൽ, പിതാവിന്റെ തിരുന്നാറംദിനം സാധുക്കറംക്ക് ഭക്ഷണം കൊടുക്കുന്ന പതിവുണ്ടായിരുന്നുവെന്ന് നാളാഗമത്തിൽ കാണുന്നുണ്ട്:

കാഞ്ഞിരപ്പള്ളിലച്ചൻ കടത്തുരുത്തി, മുട്ടുച്ചിറ ഈയിടങ്ങളിൽ പൊയി യൗസേപ്പുണ്യവാളന്റെ പെരുന്നാറം വകയ്ക്ക ഭിക്ഷക്കാക്ക ചോറു കൊടുപ്പാൻ 100 ചക്രം ഓരോരുത്തരും തരണമെന്നു് ഒരപേക്ഷ കടലാസും യിങ്ങനെയും മറുവകയും ആയി 600 കലിയൻ വരെയും കൊണ്ടുവന്നു. [52]

നാരദന്റെ ഭക്തിസൂത്രത്തിൽ ഭക്തിയെക്കുറിച്ച് പ്രതിപാദിക്കുന്ന പല സൂത്രങ്ങളുടെ കൂട്ടത്തിൽ ഒരെണ്ണം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. ''തദർപ്പിത അഖില ആചാരത'' (സൂത്രം 53). ''യഥാർത്ഥ ഭക്തന്റെ ജീവിതശൈലി സമ്പൂർണ്ണമായും ആ ഭക്തിക്കനുരൂപമായിരിക്കും.'' ഭക്തി അവിഛിന്നമായി നിലനില്ക്കുന്ന ഒരു ധ്യാനാനുഭവമാണ്. പോരുക്കരയച്ചനു് വി. യൗസേപ്പിതാവിനോടുള്ള ഭക്തി അപ്രകാരമായിരുന്നുവെന്നു പറയാം. അതു് വെറും ഒരു വികാരാവേശമല്ലായിരുന്നു. ആത്മാവിൽ അടിയുറച്ച ഒരു അനു

---

50 നാളാഗമം P 51
51 Ibid PP 52-53

ഭൂതിയായിരുന്നു. ആ ആദ്ധ്യാത്മികാനുഭൂതിയിൽ നിന്നും പ്രവഹിക്കുന്ന ഒരു ജീവിതശൈലിയായിരുന്നു.

പോരൂക്കരയച്ചന് വി. യൗസേപ്പിതാവിനോടുണ്ടായിരുന്ന ഭക്തിയുടെയും സ്നേഹത്തിന്റെയും ഒരു രത്നചുരുക്കം, ചാവറയച്ചൻ നാളാഗമത്തിൽ വിവരിക്കുന്നുണ്ട്.

ചെറുപ്രായം മുതൽ നല്ല മരണം കൈകൊള്ളുന്നതിനായി അതിന് വല്ലഭനായിരിക്കുന്ന മാർ യൗസേപ്പ പിതാവിന്റെ മേൽ മഹാ ഭക്തിക്കാരനായി ജീവിച്ചു. ഈ ദേശമൊക്കെയിലും മറഞ്ഞിരുന്ന തന്റെ മഹിമ പ്രതാപത്തെ പ്രസിദ്ധപ്പെടുത്തി ഏറിയപേരെ ഭക്തിക്കാരാക്കി തന്റെ തിരുന്നാളുകളും തന്നെക്കുറിച്ച് ജപ തപസ്സുകളും നടത്തി. ഈ ദേവാലയവും തന്റെ നാമധേയത്തിൽ സ്ഥാപിച്ചു. പറയുന്ന പാാർത്ഥനകളിലൊക്കയും തന്റെ മഹിമയേയും വിളക്കി. സകല കാര്യങ്ങളിലും തന്റെ ആശ്രയം പിടിച്ചു ജീവിച്ച തന്റെ ഭക്തിക്കാരനു അത്ഭുതമായ മരണം കൊടുത്തുവെന്നു പ്രസിദ്ധമായി. എല്ലാവരും കണ്ടു ബോധിപ്പാൻ തക്കവണ്ണം തന്റെ നാല്പത്തി ആറാമത്തെ പ്രായത്തിൽ പരാക്രമ വേലകളുടെ സമ്മാനം കൈകൊള്ളുവാനായി 1846–ാം കാലം മകരമാസം 8–ാം തീയതി വ്യാഴാഴ്ച 12 മണി രാത്രി വെള്ളിയാഴ്ചയുടെ തുടക്കത്തിൽ ഈ ലോകം വിട്ടു പിരിയുകയും ചെയ്തു. [53]

ചാവറയച്ചന്റെ ജീവിതത്തിലും വി. യൗസേപ്പിതാവിന്റെ സഹായത്താൽ അത്ഭുതങ്ങൾ നടന്നതിനെക്കുറിച്ച് നാളാഗമത്തിൽ പറയുന്നുണ്ട്:

വിണ്ടുയിങ്ങനെ വന്നപ്പോൾ വേലക്കാരുടെ ശമ്പളം മുതലായ പലവക ചിലവിനും ഒരു ചക്രവും ഇല്ല. ഈ കടം തീർന്നപ്പോൾ ഉള്ളതൊക്കെയും കൊടുത്തു പോയി ഒരു വഴിയുമില്ലാതെ മുട്ടികാക്കുന്ന മാലാഖയോടും യൗസേപ്പ പുണ്യവാളനോടും അപേക്ഷിച്ചു. ക്ലേശിച്ചിരിക്കുംപൊൾ ദൈവം പ്രത്യേക സഹായം പ്രത്യക്ഷം പൊലെ ഇട്ടിയെന്നയാൾ വന്ന് ഞാൻ ഈ കാര്യം കൊണ്ടു വിഷാദിച്ച് പള്ളിയക്കനിക്കുംപോൾ പറഞ്ഞു. ഞാൻ 500 ചക്രം കൊണ്ടുവന്നിട്ടുണ്ടയിനി ഒരാളയച്ചാൽ 500 കൂടെ കൊടുത്തയക്കാം എന്നയിതു കെട്ടടൻ ശ്വാസം നേരെ വീഴുകയും ചെയ്തു. [54]

52 Ibid P 50

ഈ ഭക്തിക്കും വിശ്വാസത്തിനുമെല്ലാം അടിസ്ഥാനം, യഥാർത്ഥത്തിൽ പോരൂക്കരയച്ചനല്ലെയെന്ന് തോന്നിപ്പോകുന്നു. ഈ കേരളക്കരയിൽ വി. യൗസേപ്പിതാവിനോടുള്ള ഭക്തി വർദ്ധിപ്പിക്കുവാൻ ഒരു പ്രധാന പങ്ക് വഹിച്ചത് പോരൂക്കരയച്ചനാണെന്നതിൽ ഒട്ടും സംശയമില്ല. അതിനുള്ള ധാരാളം ചരിത്ര രേഖകൾ നാം കാണുകയുണ്ടായി. പിതാവിനോടുള്ള പോരൂക്കരയച്ചന്റെ ഭക്തിതീക്ഷ്ണതയെക്കുറിച്ച്, പോരൂക്കര കുര്യാക്കോസച്ചന്റെ സാക്ഷ്യവും ഈ സത്യം വെളിപ്പെടുത്തുന്നുണ്ട്:

> സെമിനാരിയിൽ വെച്ചു തന്നെ ബുധൻകിഴമ പ്രസംഗം വായിച്ചു യൗസേപ്പിതാവിന്റെമേൽ ഭക്തിയായിരുന്നതിനാൽ ആ ഭക്തി വർദ്ധിപ്പിക്കുന്നതിലേക്കായി ഒരു സഭ കൂട്ടമുണ്ടാക്കി ബുധനാഴ്ച്ചതോറും കൂട്ടി ഓരോ പ്രസംഗം വായിക്കുകയും സ്വരൂപം വാങ്ങിക്കുന്നതിനായി ഓരോ ചക്രം പിരിച്ച് കീർത്തിപ്പെട്ട പണിക്കാരനായിരുന്ന കൊച്ചുകുട്ടി മേസ്തിരിയെ ഏൽപ്പിച്ചിരുന്നത് മാന്നാനത്തിൽ കൊവേന്ത തുടങ്ങിയപ്പോൾ വന്നു ചേർന്നു. ആയത് പ്രധാന അറത്താരയിൽ ഇരിക്കുന്നു. ഈ ഭക്തി വഴിയായിട്ടു കല്ലൂർക്കാട്ടും പെരുന്നാൾ തുടങ്ങി. തന്റെ ആഗ്രഹം പോലെ അനേക കാലം വീട്ടുകാരു നടത്തി. ഇപ്പോൾ കൊമ്പരിയായി സ്ഥാപിച്ച് എത്രയും പ്രബലപ്പെട്ടു.[55]

ഇങ്ങനെ നിരവധി പുതിയ സംരംഭങ്ങൾ കൊണ്ട് വി. യൗസേപ്പിതാവിനോടുള്ള ഭക്തി വർദ്ധിപ്പിക്കുവാൻ പോരൂക്കരയച്ചൻ അക്ഷീണം പരിശ്രമിച്ചു കൊണ്ടിരുന്നു. അതിന്റെയെല്ലാം ഫലമാകാം ഈ കൊച്ചുകേരളത്തിൽ ആ പുണ്യപിതാവിനോടുള്ള ഭക്തി വർദ്ധിച്ചു വന്നത്. ചുരുക്കത്തിൽ, വി. യൗസേപ്പിതാവിന്റെ ഒരു യഥാർത്ഥ ഭക്തനും, അദ്ദേഹത്തിൽ വളരെയധികം സ്നേഹവും വിശ്വാസവും അർപ്പിച്ചിരുന്ന ഒരു വ്യക്തിയുമായിരുന്നു പോരൂക്കര തോമ്മാ മല്പാൻ.

## ഉപസംഹാരം

സി. എം. ഐ. സഭയുടെ സ്ഥാപക പിതാക്കന്മാരിൽ ഒരാളായ പോരൂക്കര തോമ്മാച്ചൻ ക്രൈസ്തവ സഭയ്ക്കു ചെയ്ത സേവനങ്ങളെ കണ്ടെത്തുവാൻ ശ്രമിക്കുകയും അദ്ദേഹത്തിൽ പ്രകടമായിരുന്ന ചില സ്വഭാവ ഗുണങ്ങളെ വിലയിരുത്തുകയായിരുന്നു ഈ കൊച്ചു കൃതിയിലൂടെ. ചെറുപ്പത്തിൽ തന്നെ തന്റെ മനസ്സിൽ മുളയെടുത്ത ആഗ്രഹം–വനവാസ ജീവിതം– പ്രവർത്തിപഥത്തിലാക്കു

53 മലങ്കരസഭയുടെ ഒരു വീരസന്താനം P 94

54 നാളാഗമം P 45

55 സ്ഥാപകപിതാക്കന്മാർ P-21

വാൻ മനസ്സും ശരീരവും ഒരുപോലെ വ്യയം ചെയ്ത കടന്നുപോയ ഒരു ധന്യാത്മാവിനെയാണ് ഇവിടെ കണ്ടെത്തുവാൻ കഴിയുക. താൻ ആരംഭം കുറിച്ച സന്യാസ ജീവിതശൈലി, അതിൻെറ പരിപൂർണ്ണ അവസ്ഥയിൽ വളൎന്നു കാണുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചില്ലെങ്കിലും അതിൻെറ ഉത്ഭവ പ്രക്രിയക്കുവേണ്ടി തൻെറ ജീവിതം ഉഴിഞ്ഞുവെച്ച ഒരു കർമ്മയോഗിയായിരുന്നു പോരുക്കരയച്ചൻ.

പരമമായ ഏകാന്തതയെ, അദ്ദേഹം സർവ്വദാ ആഗ്രഹിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. പ്രാർത്ഥിക്കുന്നതു് പ്രസംഗിക്കുകയും പ്രഘോഷിക്കുന്നവ ജീവിക്കുകയും ചെയ്തിരുന്ന ഒരു ധീരാത്മാവായിരുന്നു ആ സന്യാസവര്യൻ. തൻെറ പൗരോഹിത്യ ജീവിതം ഒരു ചെറിയ കാലഘട്ടമേ അവശേഷിച്ചുള്ളുവെങ്കിലും, അക്കാലം കൊണ്ടു് ഒട്ടേറെ പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഒരർത്ഥത്തിൽ തീരെ വിശ്രമമില്ലാത്ത ഒരു ജീവിതമായിരുന്നു അതു്. ഇടവക വികാരി, മെത്രാനച്ചൻെറ സെക്രട്ടറി, സെമിനാരിയുടെ മല്പാൻ, അതിലുപരി സി. എം. ഐ. സഭയുടെ സ്ഥാപകപിതാക്കൻമാരിൽ ഒരാൾ എന്നീ നിലകളിൽ അദ്ദേഹം കാഴ്ചവെച്ച സേവനങ്ങൾ കേരളക്രൈസ്തവസഭാ ചരിത്രത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നവയാണ്.

സത്യവും ന്യായവുമെന്നു് മനസ്സിൽ തോന്നിയ കാര്യങ്ങളെ മുറുകെ പിടിക്കുകയും, എന്തു വിലയും കൊടുത്തു അവയെ സംരക്ഷിക്കുകയും ചെയ്യുന്ന ധീരോദാത്തമായ മാതൃക അദ്ദേഹം നമുക്കു് കാണിച്ചു തരുന്നുണ്ടു്. മേൽശ്രേഷ്ഠന്മാരോടുള്ള വിധേയത്വവും വിശ്വസ്തതയും നാമൊക്കെ കണ്ടു പഠിക്കേണ്ടതാണ്. പാവപ്പെട്ടവരോടുള്ള അതിരററ സ്നേഹവും. വാത്സല്യവും ചരിത്രരേഖകളിൽ എടുത്തു പറയപ്പെട്ടിട്ടുള്ളവയാണ്. പ്രാർത്ഥനയും പ്രവർത്തനവും ഒരുപോലെ സമന്വയിപ്പിച്ചു കൊണ്ടു പോകുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. മറെറാരു വാക്കിൽ പറഞ്ഞാൽ ജീവിതം തന്നെ പ്രാർത്ഥനയാക്കി മാററിയിരുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ചുരുക്കത്തിൽ, നല്ലൊരു പുണ്യജീവിതത്തിൻെറ ഉടമയായിരുന്നു ആ ധ്യാനയോഗി.

പോരുക്കരയച്ചൻ നമുക്കെന്നും ഉത്തേജനം നൽകട്ടെ നമ്മുടെ ജീവിതയാത്രയിൽ ഒരു മാർഗ്ഗദർശിയുമായിരിക്കട്ടെ. കാലത്തിൻെറ പൂർണ്ണതയിൽ, തിരുസഭയിലെ വിശുദ്ധരുടെ നിരയിലേക്കു് അദ്ദേഹവും ഉയർത്തപ്പെടും എന്നു് പ്രത്യാശിക്കാം. നല്ലവനായ ദൈവം അതിനു് ഇടവരുത്തട്ടെ.



# ധ്യാനയോഗി

ബാബു തട്ടിൽ സി.എം.ഐ.

Indic Digital Archive Foundation
gpura.org